"S. H. LEAGUE"

Nos. 218-219. January- February.
1940.

# സിംഹളദൂതൻ.

## (ഒരു സംഗീതപ്രഹസനം)

ഗ്രന്ഥകർത്താവ്.
റവ. തോമസ് മൂത്തേടൻ എം. എ.
(ഓണേഴ്സ്.)

T62
M74

Presented by Rev. Fr. Xavier C.D.
XK36

# സിംഹളദൂതൻ

(ഒരു സംഗീതപ്രഹസനം)

S. H. Scholasticate, Changanacherry. CANCELLED

ഗ്രന്ഥകർത്താവ്.

റവ. തോമസ് മൂത്തേടൻ. എം. എ.

Dharmaram College Library, Bangalore.
H501
T.62
M 79

*Jubilee Memorial Press,*
*St. Joseph's Apostolic Seminary,*
*Alwaye, (S. India.)*
1939.

Nihil Obstat.

Fr. John Joseph, O. C. D.

*Ap. Seminary, Alwaye,*
3—4—'39.

Imprimatur.

† Joseph Attipetty,

*Archiep. Verapoly*

*Ernakulam,*
4—4—'39.

# പ്രസ്താവന

ഇവിടെ സ്ഥാപിതമായിട്ടുള്ള മാർത്തോമ്മാ മലയാള സമാജത്തിന്റെ ആഭിമുഖ്യത്തിൽ പെ. ബ. റൈത്തോരച്ചൻ ജോൺ ആഞ്ചോ എസ്സ്. ജെ. അവർകളുടെ ബഹുമാനാൎത്ഥം അഭിനയിക്കുവാനായി എഴുതിയുണ്ടാക്കിയിട്ടുള്ള ഒരു ചെറു പ്രഹസനമാണു സിംഹള ദൂതൻ. നേത്രാഭിരാമമായ സിംഹള ദ്വീപത്തിന്റെ കീൎത്തിധാവള്യത്തെ അതിശയേന അഭിവൃദ്ധമാക്കിക്കൊണ്ടിരിക്കുന്നതും ഫാദർ വാസിന്റെ പ്രേഷിതവേല കൊണ്ടു് അതിപ്രസിദ്ധവുമായ കാണ്ടിനഗരത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ സമാജം പ്രസ്തുതനഗരത്തിന്റെ യശസ്സമ്പത്തായ ആ മഹാപുരുഷനെ അനുസ്മരിക്കുകയെന്നതു് ഉചിതമാണല്ലോ. അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനായി വിശ്വാസികൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്തു ബഹുജനങ്ങളുമായി ആ വീരപുരുഷനെ പരിചയപ്പെടുത്തുവാൻ പ്രഹസനങ്ങൾക്കു സാധിക്കുമെന്നുള്ളതും അനുസ്മരണീയമാണു്. ഏതാദൃശ ചിന്തകളാൽ പ്രേരിതനായിട്ടാണു്, എന്റെ ശക്തികൾക്കു് അതീതമായ പ്രഹസന രചനയിലേർപ്പെട്ടു് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ചില സംഭവങ്ങൾ ഇപ്രകാരം കൂട്ടിച്ചേർത്തിട്ടുള്ളതു്. സംഭവങ്ങളെല്ലാം ചരിത്രപരങ്ങളാണെങ്കിലും, പ്രഹസന രചനയ്ക്കായി അവയുടെ ചിത്രണത്തിൽ കുറച്ചു സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടുള്ളതു വായനക്കാർക്കു് എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയുന്നതാണു്.

ചരിത്രപരമായ ഒരു പ്രഹസനമാകയാൽ കഥാപാത്രങ്ങളെ കുറെ അധികമായി ചേർക്കേണ്ടിവന്നിട്ടുണ്ടു്. എന്നാൽ വേണ്ടിവരുന്നപക്ഷം, പത്തുപതിനഞ്ചുപേരെക്കൊണ്ടു് അഭിനയിക്കത്തക്കവിധത്തിൽ പ്രഹസനം ആർക്കും ക്രമപ്പെടുത്താ

വന്നതാണ്. ഇതിൽ ചേർത്തിട്ടുള്ള ഗാനങ്ങളുടെ മട്ട് ഗ്രാമഫോൺപാട്ടുകളിൽ കാണുന്നതാകയാൽ നിഷ്പ്രയാസം അവ അഭ്യസിക്കാവുന്നതുമാകുന്നു.

മേൽപ്രസ്താവിച്ചിട്ടുള്ളതുപോലെ, ഈ പ്രഹസനമെഴുത്ത് വൈദഗ്ദ്ധ്യഫലമെന്നതിനെക്കാൾ വീരാരാധനയാകയാൽ ഇതിൽ കടന്നു കൂടിയിട്ടുള്ള സ്ഖലിതങ്ങളെ ബഹുജനങ്ങൾ അവഗണിക്കുമെന്നു വിശ്വസിച്ചുകൊള്ളട്ടെ. അതേസമയം, ഇതിലേക്കുവേണ്ട ഗാനങ്ങൾ എഴുതിത്തന്ന സഹോദരൻ ജെയിംസു വെമ്പിള്ളി അവർകളോടും, മററുവിധത്തിൽ എന്നെ സഹായിച്ചിട്ടുള്ള സമാജാംഗങ്ങളോടും, ഇതിൻെറ കയ്യെഴുത്തുപ്രതി പരിശോധിച്ച വിദ്വാൻ ഫാദർ ജോൺ കുന്നപ്പിള്ളി അവർകളോടും ഇതു മുദ്രണംചെയ്‌വാൻ ദയയുണ്ടായ പ്രശസ്തപ്രസിദ്ധീകരണകർത്താക്കളായ ലീഗധികാരികളോടും എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പേപ്പൽ സെമ്മിനാരി കാണ്ടി. എന്നു,
൧ മാർച്ച് ൧൯൩൯. തോമസ്സ മൂത്തേടൻ.

൧. ഫാദർ വാസ്*
൨. ജോൺ . . . . ഫാദർ വാസിൻെറ ശുശ്രൂഷകൻ.
൩. ഡോൺപേഡ്റോ . . . . കൊളമ്പിലെ ഒരു യുവാവ്.
൪. പീററർ . . . . പേഡ്റോയുടെ ജ്യേഷ്ഠൻ.
൫. അപ്പുവാമി . . . . ഡോണിൻെറയുംമററും ഭൃത്യൻ.
൬. വാൻറീ . . . . ഒരു ലന്തക്കാരൻ കമാൻറർ.
൭. ഡിസിൽവാ . . . . പേഡ്റോയുടെപിതാവിൻെറ
൮. കാണ്ടിരാജാവ്. (സ്നേഹതിൻ.
൯. ലനെറോൾ . . . ഒരു ഫ്റഞ്ചു പ്രോട്ടസ്റ്റൻറുകാരൻ.
൧൦. സോട്ടോ . . . . കാണ്ടിയിൽ താമസിക്കുന്ന ഒരു പോർത്തുഗീസുകാരൻ.
൧൧. രത്നസാമി. . . . അദ്ദേഹത്തിൻെറ ഭൃത്യൻ.
൧൨. വെങ്കിട്ടരാവു . . . . ഒരു പിശാചഗ്രസ്തൻ.

൧൩. ബാലിറാവു . . . . ഒരു തുള്ളക്കാരൻ.
൧൪. നരസിംഗറാവു . . . കാണ്ഡിയിലെ ഒരു ബുദ്ധ ഗൃഹസ്ഥൻ.
൧൫. ഫാദർ മെനെസിസ്.
൧൬. ഫാദർ ഗൊൺസാൽവെസ്സ്.
൧൭. ഫാദർ അൽമെയിഡാ.
൧൮. ക്രിസ്റ്റോഫർവാസ് . . . ഫാദർ വാസിന്റെ പിതാവ്.
൧൯. കാണ്ഡിയിലെ മന്ത്രി.
൨൦. ഒരു സഹോദരൻ.
൨൧. മൂന്നു ബുദ്ധസന്യാസികൾ.

പട്ടപണിക്കാരൻ, പട്ടാളക്കാർ, ശിപായികൾ, ദൂതന്മാർ, വൈദികന്മാർ, അല്മേനികൾ ആദിയായവർ...........

* ഫാദർ വാസ് ഒന്നാം അങ്കംമുഴുവനും, മൂന്നാംഅങ്കം മൂന്നാം രംഗമുതൽ അവസാനംവരേയും വൈദികവേഷത്തിൽ പ്രവേശിക്കുന്നു. ശേഷം ഭിക്ഷുവെപ്പോലെ.

S. H. SCHOLASTICATE
CHANGANACHERRY
CHETHIPUZHA

# സിംഹളദൂതൻ

പ്രഹസനാദിയിൽ ആലപിക്കാവുന്ന ഒരു പ്രാൎത്ഥനാഗീതം.

(വേണാട്ടിളാനാഥനായ ചിത്രജൻ എ. മ.)

പല്ലവി.

സിംഹളദ്വീപിന്നു ജ്ഞാനദീപമേ, മംഗളാത്മകനേ,
സ്നേഹേശനേശു ദൂതാ, വീരാ, നമോ.

അനുപല്ലവി.

വൈദികോത്തംസവൎയ്യാ
ഭൌമികൎക്കാലംബമേ. സിംഹള...

ചരണം.

സംസാരസാഗരത്തി-
ലംസാന്തം മുങ്ങിടുമീ
തവസുതൎക്കാ-യനുദിനവും-സുരപതി-സവിധേ
രക്ഷാകരം-പ്രാൎത്ഥനകൾ-സതതം-മൎപ്പിച്ചു.
പാലയ-പാലകാ-സിംഹള....

---

## അങ്കം ൧

### രംഗം 1

ഗോവാ കത്തീഡ്റൽ

(ഒരു കാനൺ പ്രസംഗവേദിയിൽനിന്ന് ഉപദേശി ച്ചുകൊണ്ടുനില്ക്കുന്നു. ഫാദർ വാസും അദ്ദേഹത്തിൻെറ ശുശ്രൂ

ഷകനായ ജോണും മററുചില വൈദികന്മാരും അല്മേനികളും പ്രസംഗം ശ്രവിക്കുന്നു. പ്രസംഗമദ്ധ്യേ കർട്ടൻ)

കാനൺ:— സ്വദേശീയരായ നിങ്ങൾക്ക് എൻെറ വേദപ്രചാരയാത്രയെപ്പററി കേൾക്കുന്നതിന് ആഗ്രഹമുണ്ടാകുക സ്വാഭാവികമാകയാൽ തൽസംബന്ധമായി ഒന്നുരണ്ടു വാക്കുകൾ പറയാം. (കർട്ടൻ വലിക്കുന്നു) ചൈനായിൽനിന്നുള്ള എൻെറ പ്രത്യാഗമനം ദുഷ്കരമായിരുന്നുവെങ്കിലും അതിവിജ്ഞാനപ്രദമായിരുന്നു. മാർഗ്ഗമദ്ധ്യേ, പ്രഖ്യാതമായ കൊളമ്പോ നഗരത്തിലിറങ്ങുന്നതിനും അവിടെ തിരുസ്സഭയുടെ സ്ഥിതി എന്താണെന്നു ഗ്രഹിക്കുന്നതിനുമുള്ള മഹാനുഗ്രഹം എനിക്കു ലഭിച്ചു. പ്രോട്ടസ്റ്റൻറു മതാനുയായികളായ ലന്തക്കാർ നമ്മുടെ പടയാളികളെ തോല്പിച്ചു തദ്ദേശം കൈവശമാക്കിയ സമയംമുതൽ, പറങ്കികളായ നമ്മളെമാത്രമല്ല, നമ്മുടെജനനത്തേയും മരണത്തേയും പരിപാവനമാക്കിച്ചെയ്യുന്ന തിരുസ്സഭയേയും അവർ പീഡിപ്പിക്കുന്നു. കഴിഞ്ഞ സെപ്ററമ്പർ മാസം ൧൯-ാംതീയതി പാസ്സാക്കിയ നിയമപ്രകാരം, കത്തോലിക്കർ ഒന്നുകിൽ പ്രോട്ടസ്റ്റൻറു ദൈവാലയങ്ങളിൽ ശുശ്രൂഷകൾക്കു ഹാജരാകണം, അല്ലെങ്കിൽ പിഴ നല്കണം. യാതൊരുത്തൻ ഒരു പുരോഹിതനെ സ്വഗൃഹത്തിൽ സ്വീകരിച്ചു സംരക്ഷിക്കുന്നുവോ അവൻ വധശിക്ഷയ്ക്കു പാത്രമാകുന്നതാണ്.......

ഒരച്ചൻ:— (ആത്മഗതം) എന്തുകഷ്ടം, ഏതായാലും ചാവാൻ ഞാനങ്ങോട്ടില്ല.

കാനൺ:— (തുടർച്ച) സിലോണിൽ ഒരൊററ വൈദികൻപോലുമില്ല. കൂദാശകളുടേയും മതപഠനത്തിൻേറയും അഭാവത്തിൽ അവിടത്തെ വിശ്വാസികൾ അതിപരിതാപകരമായ ഒരു സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നു.

വേറൊരച്ചൻ:—(ആത്മഗതം) ഇതു വാസ്തവമാണോ? എങ്കിലും വാപൊളിച്ചുകൊണ്ടു നില്ക്കുന്ന കടുവായുടെ നേരേ ആരാണ് ഓടിച്ചെല്ലുക.

കാനൺ:— (തുടർച്ച) ഞാൻ ദിവ്യപൂജ സമർപ്പിച്ച വീട്ടിലെ ഒരു കുട്ടിയോടു കർബാനയെന്തെന്നു ചോദിച്ചപ്പോൾ അതെന്തൊരു ആനയാണൊ ഭവാ എന്നാണത്രെ മറുപടി പറഞ്ഞതു്.

ജ്ലോൺ:— (ആത്മഗതം) ഞാൻ അച്ചനാവും. ഞാൻ പോയി അവനെ കർബാനയെന്തെന്നു പഠിപ്പിക്കും.

കാനൺ:— (തുടർച്ച) ദൈവസഹായത്താൽ അനുഗ്രഹീതമായ ഗോവാ ധീരോദാത്തന്മാരായ വൈദികന്മാരെ അയച്ചു സിലോണിൽ വിശ്വാസദീപം അണഞ്ഞുപോകാതെ സൂക്ഷിക്കുമെന്നു വിശ്വസിക്കുന്നു. ഈ വേലയ്ക്കു്, ബ. അച്ചന്മാരേ, വിശ്വാസികളേ, നിങ്ങളേവരേയും ക്ഷണിച്ചുകൊണ്ടു പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്റെ വാക്കുകളെ ഞാൻ അവസാനിപ്പിക്കുന്നു.

(പ്രസംഗത്തിന്റെ അവസാനത്തിൽ കത്തീഡ്റൽ ഗായകസംഘം താഴെചേർത്തിരിക്കുന്ന പാട്ടു പാടുന്നു)

(അഠാണ-രൂപകം. മുരുകൻ തിരുമാൻ മുരുകൻ മരുക. എന്ന മട്ടു്)

പല്ലവി.

സദ്ഗുണാലയനേശുരാജൻ ജയതേ!
നാകനായകമാമകശോകവിനാശക. (സദ്ഗുണ)

അനുപല്ലവി.

തവപാണികളാണിവനാശ്രയം
കരുണാകര—പുരുമോദമോ—ടരുളീടുക വരധോരണി—
(സദ്ഗുണ)
ശോകപ്പുഴ മതിമോഹനശാന്തിക്കൊരു കരുവാക്കിയ
(സദ്ഗുണ)
മൃത്യുവരിച്ചതി വ്യഥയൊടു മർത്ത്യനുമുക്തികൊടുത്തൊരു
(സദ്ഗുണ)

ചരണങ്ങൾ.

പൊന്നിനുതുല്യമായി മിന്നിത്തിളങ്ങുന്ന ധാന്യം
വിളഞ്ഞുപാരം

മന്നിൻമീതെ കിടക്കുന്ന കൊയ്ത്തെടുപ്പാൻ നരരാരു
മില്ലാതെകഷ്ടം.
ഉന്നതനേത്തുമഹേശാകനിഞ്ഞുടൻ
ധന്യരാം വേലക്കാരെയയക്കുക
ഖിന്നതയേവമകററുകസാദരം
അജപാലക—സുജനാശ്രയ—തവദാസനു—ജയാററുക.
(സുഗുണ)
(പാട്ടിൻെറ അവസാനത്തിൽ എല്ലാവരും എഴുന്നേററു
പോകുന്നു)
(കർട്ടൻ)

## രംഗം 2

### ഫാദർ വാസിൻെറ മുറി

(ഫാദർ വാസ് സ്വന്തമുറിയിൽ ഒരു കുരിശുരൂപത്തിൻെറ മുമ്പാകെ മുട്ടുകുത്തി ധ്യാനിച്ചുകൊണ്ടിരിക്കുന്നു. അല്പനേരത്തെ ധ്യാനത്തിനുശേഷം, താഴെ ചേർത്തിരിക്കുംവിധം പ്രാർത്ഥിക്കുന്നു)

ഫാ. വാ:— പ്രിയപ്പെട്ട ഈശോയേ, വേദപ്രചാരകരുടെ അഭാവത്താൽ അനുദിനമെന്നോണം സിലോണിൽ നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളുടെ സംഖ്യയോർത്തു ഞാൻ അത്യന്തം വ്യസനിക്കുന്നു. ആകയാൽ എൻെറ ജീവനേയും ശരീരത്തേയും ഇതാ അവിടുത്തേ സ്തുതിക്കായി ഞാൻ സമർപ്പിക്കുന്നു. അങ്ങുന്നു തിരുമനസ്സാകുന്നുവെങ്കിൽ അലസമായ ഈ ജീവിതചര്യയെ ഉപേക്ഷിച്ചു ലന്തക്കാരുടെ ഇടയിൽച്ചെന്ന് അവിടുത്തേ സ്തുതിക്കായി പ്രയത്നിക്കാം. എൻെറ ഈ നിശ്ചയത്തെ പരിശുദ്ധയമ്മേ, നീ സ്വീകരിച്ച് ഈശോയ്ക്കു സമർപ്പിക്കേണമേ.

(അനന്തരം, ഫാദർ വാസ് എഴുന്നേററുപോയി ഒരു കസേരയിലിരുന്നു വേദപുസ്തകമെടുത്ത് അവിചാരിതമായി തുറക്കുകയും ആദ്യം ദൃഷ്ടീഭവിച്ച വാക്കുകളെ ഇപ്രകാരം വായിക്കുകയും ചെയ്യുന്നു)

"പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. പോയി സമസ്തജാതികളേയും പഠിപ്പിക്കുവിൻ."

(അനന്തരം പുസ്തകം താഴെ വച്ചുകൊണ്ട് ഇപ്രകാരം ചിന്തിക്കുന്നു) ഇതു് എന്തൊരു വിസ്മയം! ഞാൻ ചിന്തിച്ചുകൊണ്ടിരുന്ന വിഷയത്തെപ്പററിയുള്ള ഒരു വിദഗ്ധോപദേശംപോലെ ഇരിക്കുന്നുവല്ലോ.

(രണ്ട് അച്ചന്മാർ മുറിയിൽ പ്രവേശിക്കുന്നു, എന്നാൽ ഫാദർ വാസ് അതു് അറിയുന്നില്ല)

രണ്ടുപേരുംകൂടെ— പോന്തീയാ. *

ഫാ. വാ:— (ഞെട്ടിഎഴുന്നേററ്) പോന്തീയാ.

ഒന്നാമൻ:— അച്ചന് എന്താ ഒരസുഖംപോലെ! ചിന്താനിമഗ്നനായി കാണപ്പെടുന്നുവല്ലോ!

ഫാ. വാ:— വിശേഷമൊന്നുമില്ല. ഞാൻ വേദപുസ്തകം വായിക്കുകയായിരുന്നു. ഈ വാക്യവും (ചൂണ്ടിക്കാണിച്ചുകൊണ്ട്) കാനൻെറ പ്രസംഗവും നിമിത്തം ചിന്താഭരിതമായ ശിരസ്സ് താനേ താഴുകയാലാണ്, തല കൈയിൽത്താങ്ങി ഇരിക്കുവാനിടയായതു്. ക്ഷമിക്കണം.

രണ്ടാമൻ:— ഹോ, ക്ഷമായാചനമൊന്നും ആവശ്യമില്ല.

ഒന്നാമൻ:— ഇന്നത്തെ പ്രസംഗം എന്നേയും ചിന്താഭരിതനാക്കിത്തീർത്തു.

(ജോൺ പ്രവേശിക്കുന്നു)

ജോൺ:— അച്ചാ, ഇതാ മൂന്നു പൈ. അപ്പം വാങ്ങിക്കുവാൻ അമ്മ തന്നതാണ് ഇതു്.

---

* Good morning.

ഫാ. വാ:— (കാശു വാങ്ങിക്കൊണ്ടു്)നിൻെറ ആശയടക്കങ്ങൾക്കു ദൈവം നിന്നെ സഹായിക്കും. തൽകാലം നീ പോയിക്കളിച്ചുകൊൾക. (അച്ചന്മാരുടെ നേരേ തിരിഞ്ഞു്) ഇതു് എൻെറ ദിവ്യകാരുണ്യശുശ്രൂഷിയാണു്. സൽസ്വഭാവിയായ ഒരു ബാലൻ.

ഒന്നാമൻ:—സിലോണിൻെറ സ്ഥിതി എത്ര ദയനീയം!

ഫാ. വാ:— ഞാൻ അങ്ങോട്ടേക്കു പോകുവാൻ നിശ്ചയിച്ചുകഴിഞ്ഞു. നിങ്ങൾ പോരുന്നുവോ?

ഒന്നാമൻ:— പോയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. എന്നാൽ.....

രണ്ടാമൻ:— എങ്ങനെ അവിടെ കടന്നുകിട്ടും? ലന്തക്കാരുടെ നിയമങ്ങൾ എത്ര കർശനമായിരിക്കുന്നു.

ഫാ. വാ:— ദൈവത്തിൽ പ്രത്യാശിച്ചു നമുക്കു തൽസ്ഥലത്തേക്കു പോകാം. വേണ്ടിവന്നാൽ വി. പോളിക്കാർപ്പു്, മാർട്ടിൻ മുതലായ രക്തസാക്ഷികളെപ്പോലെ ജീവൻ ത്യജിക്കുകയും ചെയ്യാം. ദൈവം നല്കിയ ശരീരം അവിടുത്തേക്കു വേണ്ടി സമർപ്പിക്കുവാൻ എന്തിനു വിഷമിക്കുന്നു?)

(ജോൺ വീണ്ടും പ്രവേശിക്കുന്നു)

ജോ:— അച്ചാ, പെരെയിരാ എന്നെ അടിക്കുന്നു. അവനു രണ്ടു കൊടുക്കണമച്ചാ.

ഒന്നാമൻ:— നിൻെറ പേരെന്തു്?

ജോ:— ജോൺ.

രണ്ടാമൻ:— നീ ഒരു പാട്ടുപാടു്. ഞങ്ങൾ കേൾക്കട്ടെ.

ജോ:— ഒന്നും അറിയാൻ പാടില്ലല്ലോ.

ഫാ. വാ:— ഏതെങ്കിലും ഒരു പാട്ടുപാടു്. എന്തിനു ലജ്ജിക്കുന്നു?

ജോ:—(സകലകലകളുമണിയുമിളപതി എന്നമട്ടു്. രൂപകം താളം.)

അഖിലനരഗണപതിയായു് വിലസിടുവോൻ

സകലേശനീശൻ–സകലസ്തുതിയോടെൻ ഹൃദയേ
വാഴണമേ!

ശ്രീയേശുരാജൻ–സകലസ്തുതി. . . . .

പരമഗുരുവര–ധരണിപാലകാ
അമരവരപുര–മമരും രക്ഷകാ
വരണംതവതിരു–ചരണം ഭൂവിൽ
തരണമനുദിന–ഭോജനങ്ങൾ — അഖില......

ഒന്നാമൻ:— (പുറത്തുതട്ടിക്കൊണ്ടു്) കൊച്ചുമിടുക്കൻ. നല്ല പാട്ടു്. അവൻെറ കേസോ?

രണ്ടാമൻ:— കേസു തന്നെത്താൻ തീരും. (ഒന്നാമൻെറ ചെവിയിൽ) ഇവനെ ഇപ്പോൾ വിട്ടയച്ചാൽ അദ്ദേഹം സിലോണിനെപ്പററിയുള്ള പ്രസംഗം തുടങ്ങും. ഞാൻ അങ്ങോട്ടേക്കില്ല.

(ഒരു ശിപായി പ്രവേശിച്ചു ഫാദർ വാസിൻെറ കൈയിൽ ഒരെഴുത്തെടുത്തു കൊടുക്കുന്നു)

ഫാ. വാ:— നിങ്ങളുടെ അനുവാദത്തോടുകൂടെ ഞാൻ ഈ എഴുത്തു വായിക്കട്ടെ.

ഒന്നാമൻ:— അങ്ങനെതന്നെ. ജോൺ, ആ പല്ലവി ഒന്നുകൂടെ പാടു.

(ജോൺ പാടുന്നു)

ഫാ. വാ:— അച്ചന്മാരേ,ഒരു വാക്കു പറയട്ടെ. നിങ്ങൾ തയ്യാറില്ലെങ്കിലും ഞാൻ സിലോണിലേക്കു പോകണമെന്നാണു വിചാരിച്ചതു്, എന്നാൽ ഈ ലിഖിതം എൻെറ അഭിലാഷത്തെ പരിത്യജിക്കുവാൻ അനുശാസിക്കുന്നു. ദൈവഹിതം നിറവേററട്ടെ. ഇതാ എഴുത്തു; വായിച്ചുനോക്കു.

ഒന്നാമൻ:— (എഴുത്തുവാങ്ങി ഇപ്രകാരം വായിക്കുന്നു)

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിൻെറ

അനുഗ്രഹത്താലും ഗോവായുടെ മെത്രാപ്പോലീത്തയായ നാം അന്തോണി ബ്രന്താവോ,

നമ്മുടെ വത്സല സഹോദരനായ ഫാദർ ജോസഫ് വാസിന് ആശീർവാദവും വാഴ്‌വും.

നമ്മുടെ അധികാരസീമയിൽപ്പെട്ട കാനറാ എന്ന മിഷ്യൻെറ സുപ്പീരിയറായി നിങ്ങളെ നാം നിയമിക്കയും തൽസ്ഥാനത്തിന് അനുയോജ്യമായ അധികാരങ്ങൾ നിങ്ങൾക്ക് അനുവദിച്ചു നല്കുകയും ചെയ്യുന്നു. അവിടത്തെ മെത്രാനെന്നു തന്നെത്താൻ സംബോധന ചെയ്യുന്ന തോമസ് ഡേ പേസ്ത്രോയെ നാം മഹറോൻ ചൊല്ലിയിരിക്കുന്ന വിവരം നിങ്ങളറിഞ്ഞു തദനുസാരം അദ്ദേഹത്തോടു പ്രവർത്തിച്ചുകൊൾക.

എന്നു,

✠ അന്തോണിബ്രന്താവോ

നല്ല വാർത്ത. നിങ്ങളെ ഹൃദയംഗമമായി അനുമോദിച്ചുകൊള്ളുന്നു.

രണ്ടാമൻ:— എൻെറ ഹൃദയംഗമമായ അനുമോദനവും സ്വീകരിച്ചാലും.

ജോൺ:— അല്ല, അച്ചൻ ഞങ്ങളെ വിട്ടേച്ചു പോകയാണു്? ഞാനും പോരും.

ഫാ. വാ:— നിങ്ങളുടെ അനുമോദനങ്ങൾക്കു ഞാൻ അതീവ കൃതജ്ഞനാണു്.

ഒന്നാമൻ:— എന്നത്തേക്ക് അവിടെ എത്തണമെന്നാണു വിചാരിക്കുന്നതു്?

ഫാ. വാ:— തീർച്ചയാക്കിയിട്ടില്ല. ഒരാഴ്ചയ്ക്കകം പുറപ്പെടണമെന്നു കരുതുന്നു.

രണ്ടാമൻ:— യാത്രാദിവസം നിശ്ചയിച്ചാലുടനെ ഞങ്ങളേയും അറിയിക്കുമല്ലോ.

ഫാ. വാ:— നിശ്ചയമായും.

രണ്ടുപേരും:— എന്നാൽ നമസ്കാരം.

ഫാ. വാ:—നമസ്കാരം. (അച്ചന്മാർ രണ്ടുപേരും പോകുന്നു; അനന്തരം ജോണിനോട്ട്) ജോൺ, എനിക്കു നിന്നെക്കൂടെ കൊണ്ടുപോകുവാൻ നിവൃത്തിയില്ല. മാതാപിതാക്കന്മാരെ അനുസരിച്ചും ദൈവത്തെ സ്നേഹിച്ചും നല്ലകുട്ടിയായി വളർന്നുവരുക. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

(കർട്ടൻ)

രംഗം 3

കൊളമ്പിലേ ഒരു സൈനികപരിശീലനക്കളരി

(സൈനികോചിതമായ വാദ്യഘോഷത്തോടേ കമാൻഡർ വാൻറീയും കുറെ പട്ടാളക്കാരും പ്രവേശിച്ച് ഒന്നുരണ്ടു നിമിഷനേരത്തേക്കു കമാൻഡരുടെ ആജ്ഞാനുസരണം വിവിധാഭ്യാസങ്ങൾ ചെയ്തുകൊണ്ടു നില്ക്കുന്നു. അനന്തരം പീററർ എന്നൊരാൾ പ്രവേശിച്ചു കമാൻഡർക്കു ഹസ്തദാനം ചെയ്യുകയും തൽസമയം പട്ടാളക്കാർ പിരിഞ്ഞുപോകയും താഴെ പറയും പ്രകാരം അവരിരുവരും തമ്മിൽ സംഭാഷണമാരംഭിക്കുകയും ചെയ്യുന്നു)

വാൻറീ:— എന്താ പീററർ, കണ്ടിട്ടു നാൾ കുറെ ആയല്ലോ. സുഖമാണോ?

പീററർ:— നിങ്ങളെപ്പോലെയുള്ള സ്നേഹിതന്മാരുള്ളിടത്തോളംകാലം സുഖത്തിന് എന്തുകുറവാണ്? പിന്നെ......

വാൻറീ:— (ഒരു പട്ടാളക്കാരനെ വിളിച്ചുകൊണ്ട്) നമ്പർ പതിമൂന്ന്,ആപ്പീസുമുറിയിൽനിന്നു രണ്ടു കസേര കൊണ്ടുവരു.

പട്ടാള:— (അണിയറയിൽനിന്ന്) ഉത്തരവ്.

പീ:— നമുക്ക് അപ്പീസിലേക്കുതന്നെ പോകാമല്ലോ.

വാൻറീ:— അവിടെ കാററ് ഒട്ടുമില്ല; എന്നു മാത്രമല്ല, നമ്മുടെ കീഴുദ്ദ്യോഗസ്ഥന്മാർ പലരും അവിടെയുണ്ടു്. എന്താ നിങ്ങൾ "പിന്നെ'' എന്നു പറഞ്ഞു നിറുത്തിയതു്? ശേഷം വല്ലതുമുണ്ടോ?

(പട്ടാളക്കാർ രണ്ടു കസേരയുംകൊണ്ടു പ്രവേശിക്കുന്നു)

എടാ, നീ പോയി അൾമാരിയിൽനിന്നു കുടിക്കാൻ വല്ലതും എടുത്തുകൊണ്ടുവരൂ.

പട്ടാള:— ഉത്തരവ്. (പോകുന്നു)

പീ:— നമ്മുടെ അനുജന്റെ കാര്യം ഒന്നു തീർച്ചപ്പെടുത്തിയെങ്കിൽ സമാധാനമായിക്കഴിയാമായിരുന്നു.

വാൻറീ:— ജോലിയിൽ പ്രവേശിക്കുവാൻ പേഡ്റോക്കു് അത്ര ധൃതിയാണോ?

പീ:-- അവനല്ല, അമ്മക്കു്.

(പട്ടാളക്കാരൻ ഒരു കൈപ്പാത്രത്തിൽ രണ്ടു തമ്പ്ളേരും കക്ഷത്തിൽ ഒരു കുപ്പിയുമായി പ്രവേശിക്കുന്നു. അടുത്ത സംഭാഷണമദ്ധ്യേ ഇടക്കിടക്ക് അവർ കുറേശ്ശെ കഴിക്കുന്നു. പട്ടാളക്കാരനോട്ട് രംഗത്തുനിന്നു പോകുവാൻ തൽക്ഷണംതന്നേ കമാൻഡർ ആംഗ്യം കാണിക്കുന്നു)

വാൻറീ:— പീററർ, വളച്ചുതിരിച്ചു പറഞ്ഞിട്ടു യാതൊരു പ്രയോജനവുമില്ലാത്തതിനാൽ ഉള്ളതു നേരേ പറഞ്ഞേക്കാം. നിങ്ങൾ ചെയ്തതുപോലെ, പേഡ്റോ റോമാസഭയെ ഉപേക്ഷിച്ചു പ്രോട്ടസ്റ്റൻറുമതം സ്വീകരിക്കുകയാണെങ്കിൽ ഉദ്ദ്യോഗം കൊടുക്കാൻ ഞാൻ തയ്യാറാണ്. (ഒരു തമ്പ്ളേർ എടുത്തുകൊണ്ടു്) കുടിക്കു പീററർ; ഒട്ടും ലജ്ജിക്കേണ്ടാ.

പീ:— അക്കാര്യം അവനോടു ഫലിക്കയില്ല. ഞാൻ അതിനെപ്പററി അവനോടു പലപ്പോഴും സംസാരിച്ചിട്ടുണ്ടു്.

വാൻറീ:— പറയേണ്ടതെല്ലാം ഞാൻ പറഞ്ഞു.

പീ:— (അല്പം ചിന്തിച്ചുകൊണ്ടു്) എന്റെ മാനസാ

ന്തരംമൂലം ഖേദിച്ചിരിക്കുന്ന മാതാവിനെ, അനുജന് ഒരു ഉദ്യോഗം വാങ്ങിക്കൊടുത്തു സന്തോഷിപ്പിക്കാമെന്നാണു കരുതിയതു്. അതും വിഫലമായോ?

വാൻറീ: — അമ്മയ്ക്കു് അല്പം ഖേദം ജനിച്ചെങ്കിലെന്താ? നിങ്ങൾക്ക് എത്ര സ്വാതന്ത്ര്യം. നോമ്പുവേണ്ടാ. കുമ്പസാരം വേണ്ടാ. സുഖവഴി പേഡ്റോയുടെ മാനസാന്തരകാര്യത്തിൽ ഞാനിത്ര ശ്രദ്ധാലുവായിരിക്കുന്നതിന് ഒരു കാരണവുമില്ലാതില്ല. അവൻമൂലമല്ലേ മൂന്നുനാലുവർഷങ്ങൾക്കുമുമ്പ നിങ്ങളുടെ വീട്ടിൽവന്ന ആ ഗോവാക്കാരൻ പാതിരി ഞങ്ങളുടെ പിടിയിൽനിന്നു വിട്ടുപോയതു്. നല്ല ചുറുചുറുക്കുള്ള ചെറുക്കനാകയാൽ അവൻവഴി അനേകം കത്തോലിക്കരെ മാനസാന്തരപ്പെടുത്തുവാൻ എനിക്കു സാധിക്കും.

പീ:— ഞാനിനി എന്താണു ചെയ്യേണ്ടതു്?

വാൻറീ:— അനുജനോട്ട് ഒന്നുകൂടെ നിർബന്ധമായി അപേക്ഷിച്ചുനോക്കു.

പീ:— നിങ്ങളുടെ അഭീഷ്ടമനുസരിച്ചു പ്രവത്തിക്കുവാൻ ഞാൻ എപ്പോഴും സന്നദ്ധനാണെന്നു നിങ്ങൾക്ക് അറിയാമല്ലോ.

വാൻറീ:— (ഒരു പട്ടാളക്കാരനെ വിളിച്ചുകൊണ്ടു്) നമ്പർ ഒരുനൂററിപതിനാറു്, നീ പോയി ഡോൺ പേഡ്റോയെ വിളിച്ചുകൊണ്ടുവരു. എടോ, പട്ടാളക്കാരാ, അവൻ പക്ഷേ, ഇപ്പോൾ ആപ്പീസിൽ വന്നിട്ടുണ്ടാവും.

പട്ടാള:— (അണിയറയിൽനിന്നു്) ഉത്തരവു്.

വാൻറീ:— പേഡ്റോ വന്നാൽ ഞാൻ ഉടനെ ഇവിടെനിന്നു പോകാം. എനിക്ക് ഒന്നു കിടക്കുകയും വേണം. കുറച്ചുനേരം കഴിയുമ്പോൾ ഞാൻ തിരിച്ചുവരാം. (വീഞ്ഞു വീണ്ടും വീണ്ടും പകർന്നു കുടിക്കുന്നു; പീററിനും എടുത്തുകൊടുക്കുന്നു)

പീ:— അനുജന്റെ മാനസാന്തരത്തിനു പാടുള്ളതെല്ലാം ഞാൻ ചെയ്യാം.

വാൻറീ:— അതുമതി. പിന്നെ മനംപോലെ മംഗല്യം.

(പേഡ്റോ പ്രവേശിച്ചു വാൻറീയെ അഭിവാദ്യം ചെയ്യുന്നു. താൻ ഇരുന്ന കസേരയിൽ ഇരിക്കുവാൻ അയാളെ ക്ഷണിച്ചുകൊണ്ടു വാൻറീ പുറത്തുകടക്കുന്നു. പോകുംവഴി ഇപ്രകാരം പറയുന്നു) പേഡ്റോ, എനിക്ക് അല്പം ജോലിയുണ്ട്. അതു തീർത്തുംകൊണ്ട് ഇതാ വന്നേച്ച്. (വാൻറീ പോകുന്നു)

ഡോൺ:— എന്നെ വിളിച്ചയാൾ ഞാൻ വന്നെത്തുന്നതിനു മുമ്പുതന്നെ പമ്പകടന്നല്ലോ. നല്ല മര്യാദ.

പീ:— അദ്ദേഹം ഉടനെ തിരിച്ചുവരും. നിന്റെ മാനസാന്തരകാര്യത്തെപ്പററി സ്വതന്ത്രമായി നമുക്കു സംഭാഷിക്കുന്നതിന് അവസരം നല്കുവാൻവേണ്ടിമാത്രമാണ് അദ്ദേഹം ഇവിടെനിന്നു പോയത്.

ഡോൺ:— എന്തിനാണ് ഇപ്പോൾ മതം മാറുന്നത്.

പീ:— ധനികകുടുംബത്തിൽ ജാതരാണു നാമെങ്കിലും നൂതനമായ സമ്പാദ്യങ്ങളൊന്നുമില്ലെങ്കിൽ പിതൃസ്വത്തു നിലനിർത്തിക്കൊണ്ടുപോകുവാൻ എങ്ങനെ സാധിക്കും? ആകയാൽ എന്നെപ്പോലെ, നീയും ലന്തക്കാരുടെ മതം സ്വീകരിച്ച് ആ കമാൻഡർ നല്കുന്ന ജോലിയിൽ പ്രവേശിക്കുക.

ഡോൺ:— അമ്മയിൽനിന്നു കിട്ടിയിട്ടുള്ള ഏക സമ്പത്താണു മതം. അതിനെ ഞാനെങ്ങനെ നിരസിക്കും?

പീ:— എടാ അമ്മയാണു നിന്നെ ചീത്തയാക്കുന്നത്. ഇത്ര പ്രായമായിട്ടും, നീ അമ്മയുടെ പഴഞ്ചൻ കഥകൾ കേൾക്കുവാൻ പോകുന്നുണ്ടല്ലോ. നിന്റെ അനുദിനമന്ത്രം മൂലം അമ്മയ്ക്കു ഇപ്പോൾ എന്നെ കാണാൻ പാടില്ലെന്നായിരിക്കുന്നു.

ഡോൺ:— മാതാപിതാക്കന്മാരെ ബഹുമാനിക്കണമെന്നുള്ള ദൈവകല്പനയെപ്പററി ചേട്ടൻ കേട്ടിട്ടില്ലേ?

പീ:— നീ എന്നോടു പ്രസംഗിക്കുകയൊന്നും വേണ്ടാ.

ഡോൺ:— പ്രസംഗിക്കയല്ല, കാര്യം പറയുകയാണ്.

പീ: – (കോപത്തോടേ) നീയാണോടാ, എന്നെ പഠിപ്പിക്കുവാൻ പോകുന്നതു്?

ഡോൺ:—

(ചിന്താമണിയിലേ– രാധേ ഉനക്കുകോപം എന്ന മട്ടു്)

പല്ലവി.

ഭ്രാതാവിവനിൽകോപ മാകാതെമേൽ–ഭ്രാതാ.....

അനുപല്ലവി.

ശാന്തശീലാ, പിഴചെയ്തുപോയെൻ--സൽഗുണ–ഭ്രാതാ....

ചരണങ്ങൾ.

നിനക്കിവനനുജനെന്നറിഞ്ഞീടണം
ഞാനെന്തുചെയ്താലും നീയെന്നെത്തുണയ്ക്കണേ–ഭ്രാതാ.....
അമ്മയ്ക്കൊരുപോലീ–നാമിരുവർ–അമ്മ......
ഒന്നാമൻ–നീവേറെ–ഞാൻ വേറെ–ഏവം
ചൊല്ലരുതു്–അമ്മ....
അന്നുമിന്നുമിരുവർ നാം സോദരന്മാർ
അപരാധമൊക്കെ പൊറുത്താശ്ലേഷിച്ചിടുകേവം-അമ്മ....

പീ:-- നീ എന്തിനാണ് ഇങ്ങനെ പുലമ്പുന്നതു്?

ഡോൺ:-- ചേട്ടൻ എന്നോടു കോപിക്കുന്നതു ഞാൻ ഗണിക്കുന്നില്ല. എന്തിന് അമ്മയെ ശകാരിക്കുന്നു? അമ്മ, എന്നെക്കാൾ കൂടുതലായി ചേട്ടനെ ഓമനിക്കുന്നില്ലേ? ചേട്ടനെ ദുർജ്ജനസംസർഗ്ഗത്തിൽനിന്ന് അകററുന്നതിനായി അമ്മ പ്രത്യേക സ്നേഹലക്ഷണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതെന്നു നമുക്കു രണ്ടുപേർക്കും ഒന്നുപോലെ അറിയാവുന്നതാണല്ലോ.

പീ:-- അക്കാര്യം തൽകാലം നമുക്കു മാററിവയ്ക്കാം. നീ മാനസാന്തരത്തെ സംബന്ധിച്ച് ഇത്ര വൈമുഖ്യം പ്രദർശിപ്പി

ക്കുന്നതെന്തിനാണ്? മതമാണെങ്കിൽ വൈദികന്മാരുടെ കണ്ടുപിടിത്തമാണ്. സ്വപക്ഷത്തേക്കു ജനങ്ങളെ ആകർഷിക്കുന്നതിനായി പുരോഹിതന്മാർ നല്കുന്ന കരുപ്പല്ലേ മതം! ഏതു മതമാശ്ലേഷിച്ചാലും ദോഷമെന്താണുള്ളതു്?

ഡോൺ:–– മതമില്ലായ്മയാണു യഥാർത്ഥത്തിൽ കരുപ്പ്. അതിനായിട്ടല്ലേ സകലരും ഓടിക്കൂടുന്നതെന്നു നോക്കു. കുരിശടയാളം വരയ്ക്കുന്നതു്, ഇടമുറിക്കലും മന്ത്രവാദവും മററുമാണെന്നു ധരിച്ചവരായിരിക്കുന്ന ചേട്ടൻ ഇക്കാര്യത്തെപ്പററി ഇതു വാഗ്വിലാസം പ്രകാശിപ്പിക്കുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല.

പീ:–– ഞാൻ ഇപ്പോൾ അതൊന്നും വാദിക്കുവാൻ വിചാരിച്ചിട്ടില്ല. കുറച്ചുകഴിയുമ്പോൾ കമാൻഡർ വാൻറി ഇവിടെ വരും. പ്രോട്ടസ്റ്റൻറുമതം സ്വീകരിച്ചിരിക്കുന്നുവെന്നു അദ്ദേഹത്തോട്ട് ഏററുപറയണം. നീ എൻെറ ഇഷ്ടം സാധിച്ചുതരുമോ?

ഡോൺ:–– ചേട്ടാ, അമ്മയുടെ ഇഷ്ടമോ, ചേട്ടൻെറ ഇഷ്ടമോ ഏതാണു ഞാൻ സ്വീകരിക്കേണ്ടതു്?

പീ:–– വീണ്ടും നീ അമ്മയുടെ കാര്യം കൊണ്ടുവരികയാണ്. കൊഞ്ചിച്ചുകൊഞ്ചിച്ചു നീ ഒരു ദുർവാശിക്കാരനായിത്തീർന്നിരിക്കുന്നു.

ഡോൺ:––

(നമസ്തേ എന്ന മട്ട്)

നമസ്തേ! മൽപ്രിയജ്യേഷ്ഠാ ശ്രവിച്ചാലും
പ. സമാനരഹിതയോമലാളമൂല്യവിമലയാകും ജനനി–
മാമകവത്സലാ–സന്തോഷവദനാ–സുഭഗലോലാ
അമ്മയമെന്ന്യേ–നമ്മെ–യൊരുപോൽ സ്നേഹിപ്പതറിക
സുമതേ–നമസ്തേ.....
പ. ഭവക്കടലിതി–ലലഞ്ഞുവലഞ്ഞുദിവമണയുവാൻ
പണിയും നരനു

ജീവിതസന്താപ—മാകവെയകററിയാനന്ദം ചേർത്തു
ഭാവുകമേകാൻ—പ്രാപ്തം-പ്രാൎത്ഥനയൊന്നെന്നറിക
സോദരാ—നമസ്തേ.

എന്നാൽ ഇത്രവിശിഷ്ടമായ കൃത്യത്തിന്, അഥവാ, പ്രാൎത്ഥനയ്ക്കു തിരുസ്സഭയിലുള്ളിടത്തോളം സ്ഥാനം വേറൊരു സഭയിലുമുണ്ടാകുമെന്നു വിശ്വസിക്കുവാൻ ന്യായം കാണുന്നില്ല. അതിനും പുറമേ, ചേട്ടാ, പരസ്പരവിരുദ്ധമായ തത്വങ്ങൾ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ സഭകളൊക്കെ ദൈവപ്രോക്തമാകുന്നതെങ്ങനെ? ആകയാൽ മതംമാററത്തെപ്പററി പൊന്നു ചേട്ടാ, എന്നോടുപദേശിക്കരുതേ.

പീ:— എടാ, അഹങ്കാരത്തള്ളലാൽ മതിമറന്ന നിന്റെ പ്രസംഗങ്ങൾ അവസാനിപ്പിക്കുകയാണു നല്ലതു്.

(രഹസിയമിതുരഹസിയം എന്ന മട്ടു്-ജ്ഞാനസുന്ദരി)

മതിമതിമൂഢാ—ജല്പനങ്ങൾ
മതിമതിയുപദേശങ്ങളും
ദുർമ്മതിനീയും നിന്നമ്മയുമെന്നെയിന്നന്യനെന്നോണം
നിനച്ചീടവേ-മതി....
രഹസ്യമെയെന്നും രഹസ്യമെ
നിങ്ങൾ ചൊല്വതെല്ലാം രഹസ്യമെ.
ആരുമറിയാതീകാരാഗാരവാസം പാരിൽ നയിപ്പതശ
ക്യമിനി—മതി....

ഡോൺ, ഒന്നുകിൽ കമാൻഡറോടു മതംമാറാമെന്നു സമ്മതിച്ചുപറയുക; അല്ലെങ്കിൽ, ഇന്നുമുതൽ എനിക്കു നീ അനുജനല്ലെന്നു വിശ്വസിച്ചുകൊള്ളുക. ഇതാ കമാൻഡർ വന്നുകഴിഞ്ഞിരിക്കുന്നു.

(കമാൻഡർ വാൻറീ പ്രവേശിക്കുന്നു)

വാൻറീ:— (പീററിനെ നോക്കിക്കൊണ്ടു്) എന്താ അനുജൻ ഇത്ര ചിന്താവിഷ്ടനായിക്കാണപ്പെടുന്നതു്? (ഡോണിനെ

നോക്കിക്കൊണ്ട്) ഡോൺ നിൻെറ അവസാനതീരുമാനമെന്തെന്നു് ഉടനെ പറയണം.

ഡോൺ:— (ആത്മഗതം) തിരമാലകളാൽ അടിച്ചുലയ്ക്കപ്പെടുന്ന ആറുവഞ്ചിപോലെ എൻെറ മനം ചഞ്ചലമായിരിക്കുന്നുവല്ലോ. (പ്രകാശം) സർ, മതത്തിന് ഉദ്യോഗത്തോടുള്ള ബന്ധമെന്താണ്?

പീ:— എടാ, അധികപ്രസംഗീ, നീ ഈ തത്വവാദമൊന്നും ഇവിടെ കൊണ്ടുവരേണ്ടാ. ശിരസ്സിൽ അണിയേണ്ടരത്നം വല്ലവരും കാലുകൊണ്ടു ചവിട്ടിമെതിക്കാറുണ്ടോ?

വാൻറീ:— നിനക്ക് ഉദ്യോഗം വേണമെങ്കിൽ റോമയെ ഉപേക്ഷിക്കു.

ഡോൺ:— ഞാൻ റോമയിലല്ലല്ലോ.

വാൻറീ:— നീ എൻെറ ക്ഷമയെ അളക്കുവാനാണോ പോകുന്നതു്?

(കാമിസത്യഭാമ എന്ന മട്ട്)

പ. ദ്രോഹി പരിഹാസം
വേണ്ടിദം-അറിയുക
അറിയുക-അറിയുക-അറിയുക-ജളമതേ-ദ്രോഹി..

ച. താരുണ്യത്തള്ളലിനാൽ
കാരുണ്യവാരിധിയെൻ
ഗീർനിന്നെത്യജിച്ചുനിന്നുന്മദം
ഉന്മദം-ഉന്മദം-ഉന്മദം-വിചിത്രം-ദ്രോഹി...

ഡോൺ:—

പ. വേണ്ടാ-യുപദേശം
വേണ്ടിദം-ജീവിതം
ജീവിതം-ജീവിതം-ജീവിതം-ഇവന്-വേണ്ടാ.

ച. സായൂജ്യസംദായകം
പീയൂഷതുല്യംമതം

ശാശ്വതമൊന്നിദ്ധരയിൽ
നിയതവും-നിയതവും-അറിയുക-സുമതേ-വേണ്ടാ.

പീ:— എടാ, കത്തോലിക്കരുടെ കള്ളത്തരം എങ്ങനെ ഉദ്യോഗസ്ഥന്മാർക്കു ഭൂഷണമായിരിക്കും? വാൻറീ ഒരു നല്ല പ്രോട്ടസ്റ്റൻറുകാരൻ. അദ്ദേഹത്തെപ്പോലെ ആരുണ്ട് ഇവിടെ? (ഡോണിനെ പിടിച്ചുകൊണ്ട്) എൻെറ പ്രിയപ്പെട്ട കൊച്ചനുജാ, തങ്കക്കുടമേ, പൊന്മണീ, ചെന്താമരക്കണ്ണാ, സുശീലാ നീ കമാൻഡർ പറയുന്നതു കേൾക്കുക.

വാൻറീ:— എനിക്കു നിങ്ങളുടെ കാലുപിടിക്കേണ്ട ആവശ്യമൊന്നുമില്ല. നിങ്ങളുടെ അനുജൻ രണ്ടു നിമിഷത്തിനകം മതംമാറാൻ സമ്മതിക്കുന്നില്ലെങ്കിൽ ഇതാ ഞാൻ സ്ഥലം വിട്ടു. അതിനാൽ ഇക്കാര്യം പറഞ്ഞുകൊണ്ട്, ദുർവ്വാശിക്കാരനായ ഈ ചെറുക്കൻെറ കഥയുംകൊണ്ട് എൻെറ പടി കടക്കരുത്.

പീ:— ഡോൺ, കൊച്ചനുജാ, എന്നെയും നീ ചതിക്കല്ലേ.

(ചിതമ്പരം പോകമൽ എന്ന മട്ടു)

ഭരണധുരന്ധരൻ-രണശൂരൻവാൻറീ
ശരണമിവർക്കേകും-അറിഞ്ഞിടുക. ഭരണ...

അനുപല്ലവി.

ആശ്രിതബന്ധു-കാരുണ്യസിന്ധു
ഐശ്വര്യതനു-ധരിക്കസോദരാ. ഭരണ....

ചരണം.

മാരണമിമതം-കാരണം ജീവസ
ന്ധാരണമൂഴിയി-ലസാദ്ധ്യമാക്കേണം. ഭരണ....

ഡോൺ:— (ആത്മഗതം) ഈശോ.

(കഴുകുമലൈയിൽ കന്തവേലെ എന്ന മട്ടു്)

കരുണാകര, നിൻതിരുചരിതം
അറിവാനാരാലെളുതാവൂ.

അനുപല്ലവി.

ക്ഷണഭംഗുരം ജീവിതം ഭൂമൌ
തൃണതുല്യം ധനമാനാദികൾ. കരുണാ. . .

ചരണം.

ദാനധർമ്മാദിപുണ്യ–ഗണങ്ങൾ വിളങ്ങും
ഇന്നൊരാൾമന്നവൻ–നാളെയഗതിയാം.
പാർത്തലജീവിത–മെത്രവിചിത്രം
കാരുണികാ–കാത്തീടേണേ.
പാരിതിൽകേഴും–പാപിഞാനേ! കരുണാ . . .

പീ:— (മുട്ടുകുത്തിക്കൊണ്ടു്) എൻെറ പൊന്നനുജാ, എൻെറ അപേക്ഷയെ ഇനിയും നീ നിരാകരിക്കല്ലേ.

ഡോൺ:— (എഴുന്നേല്പിച്ചുകൊണ്ടു്) ചേട്ടാ, നിങ്ങളുടെ നിർബന്ധം സഹിക്കവയ്യാതായിരിക്കുന്നു. ആകയാൽ ഞാൻ നിങ്ങളുടെ ആഗ്രഹം സാധിച്ചുതരാം.

പീററും വാൻറീയുംകൂടെ ഒരുമിച്ചു്: "ആ, അങ്ങനെ പറ".

(കർട്ടൻ)

---

## രംഗം 4

### ഗോവായിലേ ഓറററി

(ഫാദർ വാസ് ചിന്താനിമഗ്നനായി ഓറററിയുടെ മുൻവശത്തു് ഒരു കസേരയിലിരിക്കുന്നു)

ഫാ· വാ:— (ആത്മഗതം) കാരുണ്യവാനായ സർവ്വേശ്വരാ, കാനറായിൽ അവിടുത്തെ തിരുമനസ്സിന് അനുയോജ്യമായവിധം പ്രവർത്തിക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നതു് അവിടുത്തേക്കു് അറിയാമല്ലോ. ഗോവാമെത്രാപ്പോലീത്തായുടേയും റോമായിൽനിന്നു നിയുക്തനായിരുന്ന തോമസ് ഡി

പേസ്ററ്റോയുടേയും അധികാരങ്ങളെ ബഹുമാനിക്കുന്നതിന് എത്ര ക്ലേശങ്ങൾ ഞാൻ അനുഭവിക്കേണ്ടിവന്നു. അവിടുത്തെ സ്നേഹത്തെപ്പററി ചിന്തിക്കുമ്പോൾ താദൃശക്ലേശങ്ങളെല്ലാം അന്തരിക്കുന്നു. ഇരുകക്ഷികളേയും രമ്യപ്പെടുത്തിക്കൊണ്ടുപോകുവാനുള്ള ശ്രമങ്ങൾ മെത്രാപ്പോലീത്താ സ്വീകരിച്ചിട്ടില്ലാത്തതിനാൽ കാനറായിൽനിന്നുള്ള എൻെറ പ്രത്യാഗമനം അവിടുത്തെ തിരുമനസ്സാണെന്നുള്ളതിൽ സന്ദേഹമില്ല. എങ്കിലും ഇവിടെ വന്നതിൽപ്പിന്നെ എത്ര ദിവസമായി ആത്മരക്ഷയ്ക്കുവേണ്ടി ഒന്നും ചെയ്യാതെ കഴിച്ചുകൂട്ടുന്നു. ഈ സഭയിൽ ചേർന്നതുകൊണ്ടും പ്രയോജനമില്ലാതെയാണല്ലോ ഇരിക്കുന്നത്. ഒരു എളിയ അംഗമായി അന്യരുടെ അധികാരത്തിനു കീഴ്പ്പെട്ട് ഒതുങ്ങിയ ജീവിതം നയിക്കാമെന്നു കരുതിയിട്ടു സാധിച്ചില്ലല്ലോ. അന്യരാൽ നയിക്കപ്പെടേണ്ട ഞാൻ അന്യരെ നയിക്കുവാൻ നിയമിതനായിരിക്കുന്നത് എത്ര വിചിത്രം. (ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കവേ, ഫാദർ വാസിൻെറ പിതാവായ ക്രിസ്റ്റോഫർ വാസ് പ്രവേശിക്കുന്നു.)

ഫാ. വാ:— (എഴുന്നേററു് ആചരിച്ചശേഷം) അപ്പൻ എന്താ ഈ അസമയത്തു വന്നതു്. സൂര്യൻ ജ്വലിക്കുന്നതു കണ്ടില്ലേ.

ക്രിസ്റ്റാഫർവാസ്:— വഴിക്ക് അഗ്നികുണ്ഡമുണ്ടായിരുന്നുവെങ്കിൽ അതും തരണംചെയ്യുമായിരുന്നു. എന്താ ഞാൻ മകനെപ്പററി കേൾക്കുന്നതു്.

ഫാ. വാ:— എന്താണാവോ അപ്പൻ കേട്ടതു്?

ക്രി. വാ:— അച്ചൻ സിലോണിലുള്ള ലന്തക്കാരുടെ വായിൽച്ചാടി വീഴാൻ പോകുന്നുവെന്നു പറയുന്നതു കേട്ടല്ലോ.

ഫാ. വാ:— സിലോണിലേക്കു പോകണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ, ലന്തക്കാരുടെ ഇടയിൽനിന്ന് അപായവുമുണ്ടായേക്കും. എന്നാൽ അപകടത്തെയോർത്തു് അനേകം ആത്മാക്കളുടെ രക്ഷയെ അവഗണിക്കാമോ?

ക്രി. വാ:— മകനേ, കാനറായിൽ സഹിച്ച ക്ലേശങ്ങളുടെ ചരിത്രം മണപ്പാട്ടിൽനിന്ന് ഇവിടെ എത്തിയ ചില ഈശോസഭക്കാർ അച്ചന്മാരിൽനിന്നു കേൾക്കുകയുണ്ടായി. അതുകൊണ്ടു തൃപ്തിപ്പെട്ടുവാൻ പാടില്ലേ. പുത്രവിരഹത്താൽ ഈയുള്ളവന്റെയും അമ്മയുടേയും അന്ത്യസമയത്തെ പരിതപ്തമാക്കാനാണോ പോകുന്നത്. ലന്തക്കാർ നമ്മെ സിലോണിൽ ജീവിക്കുന്നതിനുപോലും അനുവദിക്കുകയില്ലെങ്കിൽ അങ്ങോട്ടു പോകുന്നതെന്തിനു? ആത്മരക്ഷക്കായി പ്രയത്നിക്കുന്നതിന് അവർ അവസരം നല്കുകയില്ലെങ്കിൽ എന്തിനാണ് ജീവനെ അപായപ്പെടുത്തുന്നത്?

"കാര്യമല്ലാത്തതുചെയ്തീടുകാ-
ചാര്യനും യോഗ്യമല്ലേതുമേ"-- എന്നല്ലയോ

ആപ്തവാക്യം. മകനേ, നീ ഞങ്ങളേ ഈ അറുപതാം വയസ്സിൽ പരിത്യജിച്ചുപോകുമോ?

ഫാ. വാ:— പിതാവേ, വേഷപ്രച്ഛന്നനായി സിലോണിൽ കടന്നുപററാമെന്നും അവിടെ വേഷപ്രച്ഛന്നനായി വേലചെയ്യാമെന്നും ഒരു ആന്തരികസ്വരം എന്നോടു പറയുന്നതുപോലെ തോന്നുന്നു. അതിനെ ഞാൻ അവഗണിക്കുന്നതു പിതാവേ, യുക്തമോ?

ക്രി. വാ:— മകനേ, യൌവനത്തിന്റെ തിളപ്പുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. മകനേ, എന്നെ ഉപേക്ഷിച്ചു പോകുമോ?

ഫാ. വാ:— പിതാവേ, ദൈവതിരുമനസ്സുപോലെ സമസ്തകാര്യങ്ങളിലും പ്രവൎത്തിക്കുവാൻ അവിടുന്നാണല്ലോ എന്നെ അഭ്യസിപ്പിച്ചത്. ഇന്നു പിതാവെന്താണ് ഇങ്ങനെ പറയുന്നത്?

ക്രി. വാ: - മകനേ, ലന്തക്കാരുടെ കർശനമായ നിയമങ്ങളേയും അവരുടെ തോക്കുകളേയുംപററി ചിന്തിക്കുമ്പോൾ എന്റെ മനംകലങ്ങുന്നു. നെഞ്ച് ഇടിക്കുന്നു. നിന്റെ തീരു

മാനത്തെപ്പററി കേട്ടസമയംമുതൽ എൻെറ മനസ്സ് ചഞ്ചലമായിരിക്കുന്നു. എൻെറ കണ്ണിൽനിന്നു വെള്ളം ധാരധാരയായി ഒഴുകിക്കൊണ്ടിരിക്കുന്നു. മകനേ, നീ എന്നെ വിട്ടുപോകുമോ?

ഫാ. വാ:— അപ്പാ, കരയരുല്ല്യ. എന്നെ നിർബ്ബന്ധിക്കുകയും ചെയ്യരുല്ല്യ. "യാതൊരുത്തൻ തൻെറ പിതാവിനെയോ മാതാവിനെയോ എന്നെക്കാൾ കൂടുതലായി സ്നേഹിക്കുന്നുവോ അവൻ എനിക്കു യോഗ്യനല്ല്യ'' എന്നല്ലയോ ദിവ്യരക്ഷകൻ പറഞ്ഞിരിക്കുന്നത്. അപ്പാ, കരയാതെ എന്നെ അനുഗ്രഹിക്കുക.

ക്രി. വാ:— മകനേ, പോകാമെന്ന് ഉറച്ചുവോ?

ഫാ:— ഞാൻ പോകട്ടെ. കരയാതെ അനുഗ്രഹിക്കു.

ക്രി. വാ:— അതികഠിനമായ ത്യാഗമാണ് എന്നിൽനിന്ന് ആവശ്യപ്പെടുന്നത്. ഈശോയുടെ തിരുമനസ്സു നീ പോകണമെന്നാണെങ്കിൽ അങ്ങനെയാകട്ടെ. നാളെ അമ്മയും ഞാനും കൂടെവന്നു നിന്നെ കണ്ടുകൊള്ളാം.

(ആശ്ലേഷിച്ചു പിരിയുന്നു)

ഫാ. വാ:—നാളെ അമ്മവരുമ്പോൾ എന്തുപറയും?അമ്മയുടെ വാക്കുകളും കണ്ണുനീരും അപ്പൻെറതിനെക്കാൾ ഇരട്ടിയായിരിക്കും. (ആരോ മുട്ടുന്നു) കടന്നുവരു. (ഒരച്ചൻ പ്രവേശിക്കുന്നു) എന്താ ഫാദർ, വിശേഷം?

ഫാ:— എന്താ ഇങ്ങനെ അനങ്ങാതെ ഇരിക്കുന്നത്. സിഞ്ഞോർ മിറാൻറായുടെ ഗൃഹത്തിൽവച്ച് ഇന്നു വൈകുന്നേരം നടക്കുന്ന വിവാഹാഘോഷത്തിൽ പങ്കുകൊള്ളുന്നില്ലേ?

ഫാ. വാ:— ഞാൻ പോകുവാൻ വിചാരിക്കുന്നില്ല. വിവാഹസംബന്ധമായ ഭക്തകൃത്യങ്ങളിൽ ഇന്നലേ ഞാൻ പങ്കുകൊണ്ടല്ലോ!

ഫാ:— എന്താണു ശ്രേഷ്ഠൻ പറയുന്നത്. ബാന്ധവരായ വൈദികന്മാരെക്കൂടാതെ ഗോവായിൽ ഒരു വിവാഹാഘോഷം നടക്കുകയോ?

ഫാ. വാ:—വിവാഹാഘോഷങ്ങളിൽ പങ്കുകൊള്ളുന്നതു വൈദികന്മാർക്കു വിഹിതമല്ല. നമ്മുടെ ചട്ടങ്ങൾക്കു വിരുദ്ധവുമാണ്.

ഫാ:—നമ്മുടെ സഭയ്ക്കു് അത്ര ചിട്ടയൊന്നും ആവശ്യമില്ലല്ലോ.

ഫാ. വാ:—അതു പാടില്ല. അതുകൊണ്ടാണ് വി. ഫിലിപ്പനേരിയുടെ സമൂഹവുമായി ഇതു സംഘടിപ്പിക്കണമെന്നു ഞാൻ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. എഴുത്തുകുത്തുകൾ ഞാൻ നടത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ, അധികം താമസിയാതെ മറുപടിവരും.

ഫാ:-- പോകുന്നില്ലെന്നുതന്നെ നിശ്ചയിച്ചുവോ?

ഫാ. വാ:—നിയമലംഘനം വിഹിതമല്ല. അച്ചൻ പോയി ഇവിടെയുള്ള മററു് അച്ചന്മാരെയെല്ലാം വിളിച്ചുകൊണ്ടുവരൂ. ഒരു പ്രത്യേകകാര്യത്തെപ്പററി എനിക്കു് ഇന്നു സംഭാഷിക്കുവാനുണ്ടു്.

(ഫാദർ കടന്നുപോകുന്നു)

(ആത്മഗതം) ദൈവമേ, ഇതു് എത്രയോ വിഷമം! (പ്രകാശം) ഹാ! ജോണല്ലേ ആ വരുന്നതു്?

(ജോൺ പ്രവേശിക്കുന്നു)

ജോ:—അച്ചാ, മുഖത്തു് ഇത്ര വിഷാദമെന്താ?

ഫാ. വാ:—വിശേഷമൊന്നുമില്ല. എന്താ നീ ഈ സമയത്തുവന്നതു്?

ജോ:—ചുമ്മാ.

ഫാ. വാ:—മകനേ, എൻെറ മനസ്സിൽ അതിഗ്രഢമായ ഒരാഗ്രഹം സ്ഥിതിചെയ്യുന്നുണ്ടു്.

ജോ:— എന്താണച്ചാ. ഒരു മറിപണിയിക്കേണ്ട കാര്യമാണോ? അതിനുവേണങ്കിൽ കുറെ രൂപാ തരാൻ അപ്പനോടു പറയാം.

ഫാ· വാ:— അതല്ല.

ജോ:— ഒരു ചാററ വീഞ്ഞു വരുത്താനാണോ?

ഫാ. വാ:— അല്ല.

ജോ:—മാർബിൾകൊണ്ടു് ഒരു ബലിപീഠം പണിയുവാനാണോ?

ഫാ· വാ:— അല്ല മകനേ,നിൻെറ മനസ്സ ലോകവസ്തുക്കളിൽ പതിഞ്ഞിരിക്കുന്നുവല്ലോ.

ജോ:—ശവരിയാർ പുണ്യവാൻെറ നോവേന കഴിക്കാനാണോ?

ഫാ. വാ:—അതേ,എന്നാൽ,അധരമാത്രമായ പ്രാർത്ഥനവഴിയല്ല; പ്രത്യുത, അദ്ദേഹത്തെ അനുകരിച്ചുകൊണ്ടു്, അതായതു് അദ്ദേഹത്തെപ്പോലെ കാവ്യരുടെ ഇടയിൽ വേദപ്രചാരവേല നടത്തിക്കൊണ്ടു്.

ജോ:-- എവിടേക്കു പോകുവാനാണു നിശ്ചയിച്ചിരിക്കുന്നതു്?

ഫാ. വാ:— സിലോണിലേക്കു്; നീ പോരുന്നോ?

ജോ:—അച്ചൻ പോകുന്നിടത്തൊക്കെ ഞാനുമുണ്ടു്. നിഴലുണ്ടോ വസ്തുവിൽനിന്നു പിരിയുന്നു?

(തണ്ണീർക്കുടമെടുത്തു നാനെ-തമിഴ് ജ്ഞാനസുന്ദരി)

ലങ്കയിലങ്ങൊരുമിച്ചേവം—താത
ശങ്കാവിഹീനനായ് ഞാൻ ഇറങ്ങിടുന്നേൻ—ഇന്നു് ...
ചിന്മയനേശുവിൻ
നന്മകളഖിലം
ചെമ്മേയറിയിപ്പതിന്നായ്—ഇന്നു്—ശങ്കാ . . . .

ഫാ. വാ:—ശരി; അച്ചന്മാർ വരുന്നുണ്ടല്ലോ. അവരോടു ചോദിച്ചുനോക്കട്ടെ.

(അച്ചന്മാർ പ്രവേശിക്കുന്നു; ജോൺ പുറത്തേക്കു പോകുന്നു)

ഫാ. വാ:— എല്ലാവരും ഇരിക്കുവിൻ. ഞാൻ നിങ്ങളെ വിളിച്ചതു് അതി ഗൗരവമേറിയ ഒരു വിഷയത്തെപ്പററി സംസാരിക്കുവാനാണ്. പലപ്പോഴും ഞാൻ അക്കാര്യത്തെപ്പററി രഹസ്യമായും പരസ്യമായും നിങ്ങളേവരോടും പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ, ഇന്നു പറയാം, നാളെപ്പറയാം എന്നിങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതല്ലാതെ ആരും വിശദമായ ഒരുത്തരം നല്കിയിട്ടില്ല. ആകയാൽ, അവസാനമായി നിങ്ങളേവരോടും എനിക്കു പറയുവാനുള്ള വാക്കുകൾ കേട്ടുകൊള്ളുവിൻ. രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ ഞാൻ സിലോണിലേക്കു പുറപ്പെടുന്നതാണ്. വഴിക്കു പക്ഷേ, പട്ടിണികിടക്കേണ്ടിവന്നേക്കാം; ഭക്ഷണത്തിന് ഇരക്കേണ്ടിവരും; തൂത്തുക്കുടിയിൽനിന്നു സിലോണിലേക്കു കടക്കുവാൻ പ്രയാസമുണ്ടായേക്കും; സിലോണിലെത്തിയാൽത്തന്നെ ജീവനെ കൈയിൽപ്പിടിച്ചുകൊണ്ടു നടക്കേണ്ടിവരാനുമിടയുണ്ടു്. ഈവകവിഷമങ്ങൾ സഹിച്ചുകൊണ്ടു് എൻെറകൂടെ പോരുവാൻ നിങ്ങൾ തയ്യാറാണോ? (ഒരാളെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) അച്ചാ പോരുന്നുണ്ടോ?

ഒന്നാമൻ:— മനസ്സുസമ്മതിക്കുന്നുണ്ടു്. എന്നാൽ ശരീരം വിമുഖമായിരിക്കുന്നു. ലന്തക്കാരുടെ തോക്കിനു നെഞ്ചുകാട്ടുവാൻ എനിക്കു ധൈര്യമില്ല.

ഫാ. വാ:— ഇതുപോലെ ഏവരും സ്വതന്ത്രമായും ഹൃദയംഗമമായും സംസാരിച്ചുകൊള്ളുക. അതാണ് എനിക്ക് ഇഷ്ടം. (വേറൊരാളോടു്) അച്ചാ, വരുന്നുണ്ടോ?

രണ്ടാമൻ:— ഞാൻ തയ്യാറാണ്.

ഫാ. വാ:— എൻെറകൂടെ അനിഷ്ടങ്ങൾസഹിച്ച് ആത്മരക്ഷയ്ക്കായി അധ്വാനിക്കാമെന്നു നിശ്ചയിച്ചതിൽ അങ്ങയെ അനുമോദിക്കുകയും, അങ്ങേയോടു ഞാൻ കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്തുകൊള്ളുന്നു. (മൂന്നാമതൊരച്ചനെ നോക്കിക്കൊണ്ടു്) അച്ചാ, വരുന്നോ? ഇദ്ദേഹം (ചൂണ്ടിക്കാണിച്ചുകൊണ്ടു്)

പോരാമെൻ നിശ്ചയിച്ചതിനെ പരിഗണിക്കാതെ ശരീരത്തി നും ജീവനുമുള്ള വിപത്തുകളെ പരിഗണിച്ച് ഉത്തരം പറ ഞ്ഞാൽ മതി.

മൂന്നാമൻ:— ശ്രേഷ്ഠാ, ലന്തക്കടുവാകളുടെ വായിൽ ച്ചാടാൻ ഞാനില്ല.

ഫാ. വാസ്:—(ഒരു സഹോദരനെ നോക്കി) സഹോദ രാ, ഞാൻ പറഞ്ഞ വാക്കുകളും അച്ചന്മാരുടെ മറുപടിയും സ ഹോദരൻ കേട്ടല്ലോ. എന്താ എൻ്റെകൂടെ വരുന്നോ?

സഹോ:—എനിക്കു പോരുവാൻ അതിയായ ആഗ്രഹമു ണ്ട്. ദൈവം തന്ന ജീവനെ അവിടുത്തേക്കുവേണ്ടി ബലികഴി ക്കുവാൻ എന്തിനു ഞാൻ വിമുഖനാകുന്നു.

ഫാ. വാ:— നമ്മുടെ സമൂഹത്തിൽപ്പെട്ട ഒരച്ചനും, ഈ സഹോദരനും സിലോണിലെ വേദപ്രചാരവേലക്കു പുറ പ്പെടുവാൻ സന്നദ്ധത പ്രകാശിപ്പിച്ചിരിക്കുന്നതു നിങ്ങൾ ക ണ്ടുവല്ലോ. നമ്മുടെ ദിവ്യകാരുണ്യശുശ്രൂഷകനായ ജോണും എൻ്റെകൂടെ പോരുന്നതാണ്. അധികം താമസിയാതെ പുറ പ്പെടുവാനുദ്ദേശിക്കുന്നതിനാൽ (ഒന്നാമനെ നോക്കിക്കൊണ്ട്) നിങ്ങൾ എൻ്റെ സ്ഥാനം സ്വീകരിച്ച് ഇപ്പോൾത്തന്നേ ജോലിയാരംഭിച്ചുകൊള്ളുവിൻ.

ഒന്നാമൻ:— സർവ്വശക്തനായ ദൈവം അവിടുത്തെ യാത്രയെ അനുഗ്രഹിക്കട്ടെ.

(കർട്ടൻ)

## അങ്കം ൨

### രംഗം 1

### കൊളമ്പിലേ ഗൃഹം

(മൂളിപ്പാട്ടുപാടിക്കൊണ്ടു് അപ്പുവാമി പ്രവേശിക്കുന്നു)

**അപ്പുവാമി:—**

കടലപട്ടാണി സേലയുണ്ടു
ഡുണ്ടു ഡുക്കഡു ഡുണ്ടു.

ഹാ! ഗൗതമാ, ഇതെന്തൊരു ശനി. ഈ ഏമാന്മാരുടെ കണ്ണിൽ ചോരയില്ലേ. ഞാനും ഒരുദ്യോഗസ്ഥൻ. "പടിയ് ദഹദഹായ്ശതം" * പെമ്പറന്നോത്തിയും, ചെരട്ടയും കയിലുംപോലെ അഞ്ചാറുമക്കളും. ഏല്ലൊടിയുന്നതുവരെ വെള്ളം കോരണം; കസേര തുടയ്ക്കണം; ബൂട്ടീസു മിനുക്കണം, കുട്ടികളെ തോളിലിട്ടു രാരാ പാടണം; ഏമാനൻ വരുമ്പോ, സൊറ സൊറാ എന്നു ഗ്രുണ്ടിയും. ഈ തേങ്ങാക്കൊല ഇവിടെ ഇട്ടുകൊണ്ടു നാടുകടക്കും! എന്തു്? അപ്പുവാമി ഇങ്ങനെ ഓടിപ്പോകയോ? അതു മറെറന്നാളാണ്.പച്ചേ, നമ്മുടെ പുളിച്ചിയും പൂക്കും. ഏമാനെ ഞാൻ അപ്പോൾ ഒരു പാഠം പഠിപ്പിച്ചുക്കാം. അപ്പുവാമി നീ ആടിക്കളിക്കടാ.

(ബൈലാ ഡാൻസ്)
സിംഗളിരാഗം.

ഒണ്ണ് ഇത്തിങ്ങ് പട്ടങ്കത്താ
ബൈലാസെല്ലമ് - വാദനൊക്കറ്
കെറ്ഗനയിമ്, മേ സെല്ലമ്

---

* ശമ്പളം 100 ക.

൨. കന്തളടിങ്ങ്, എനകിക്കിലിയ
ഗോമറിയ് — നാലാം വാട്ടിങ്ങ്
എനദാഡിയ്, മുത്തുക്യാട്ടിയ്
൩. സിലിങ്ങ്, സിലിങ്ങ്, സിലിങ്ങ്
സിലിനാറങ്ങ് — ഗമട്ടയാങ്ങ്
കതബെതബങ്ങ് — ജവനാറങ്ങ്

(ഡോൺ പേഡ്റോയും പീററും പ്രവേശിക്കുന്നു)

ഡോൺ:— എടാ, അപ്പവാമീ, നിറുത്തെടാ നിൻെറ കോലാഹലം.

അപ്പു:— ഈയുരുമ്മോർക്ക് ഒന്നു കളിക്കാനും പാടില്ലെന്നായോ? (ശാന്തമായി കസേരതുടക്കുന്നു)

ഡോൺ:— ചേട്ടാ, ജോലി ഇതുവരെ കിട്ടിയില്ലല്ലോ. ആ കുരുത്തംകെട്ട കമാൻഡർ നമ്മെ കബളിപ്പിച്ചെന്നാണ് എനിക്കു തോന്നുന്നതു്.

അപ്പു:— (ആത്മഗതം) ഇവരെന്തു ചുത്താത്മാക്കളാണപ്പാ. കേട്ടില്ലേ, കമാണ്ടരെപ്പററി പറയുന്നതു്. (പ്രകാശം) ശിഞ്ഞോർ, ആ കമാണ്ടർ മഹാ കള്ളനാണ്.

പീ:— പോടാ, പുറത്തു്. നിന്നോടു ചോദിച്ചോ?

ഡോൺ:— എങ്കിലും ആ കമാൻഡർ ഇങ്ങനത്തെയാളാണല്ലോ. (അപ്പവാമി ഒരു കസേര മറിച്ചിടുന്നു)

പീ:— എടാ തെമ്മാടീ, കഴുതേ, നിനക്ക് ഒരു ജോലി പോലും ശരിക്കു ചെയ്യുവാൻ കഴിയുന്നില്ലല്ലോ. ഇരിക്കട്ടെ നിനക്ക് ഇതു്. (അടിക്കുന്നു. അപ്പവാമി ഓടിപ്പോകുന്നു)

ഡോൺ:— (ആത്മഗതം) എന്താണ് എൻെറ മനസ്സ് ഇങ്ങനെ ഖേദിക്കുന്നതു്? ഞാൻ സമാധാനം അനുഭവിച്ചിട്ടു് എത്ര നാളായി? പക്ഷേ, വൃദ്ധനായ ഡിസിൽവാ പറയുന്നതു വാസ്തവമായിരിക്കാം. പ്രോട്ടസ്റ്റൻറുമതത്തിൽ ചേർന്നതിവസംമൂതല്ലാണല്ലോ ഈ വിഷമം എനിക്കു നേരിട്ടതു്. രണ്ടു

ചെമ്പുകാശിനെ മോഹിച്ചതിനാൽ വന്നുചേർന്നിരിക്കുന്ന അനിഷ്ടങ്ങൾ അസഹനീയമായിരിക്കുന്നു. (പ്രകാശം) കൈയിലിരുന്ന പക്ഷിയെ വിട്ടു കാട്ടിൽപ്പറക്കുന്ന പക്ഷിയെ പിടിക്കുവാൻപോകുന്നതിലും കഷ്ടമായല്ലോ ഇതു ചേട്ടാ.

പീ:— നിൻെറ കൈയിൽ എന്തുപക്ഷിയാണിരുന്നതു്?

ഹോ, അതൊന്നും വിചാരിച്ചു ഖേദിക്കേണ്ടാ. എല്ലാം ശരിയായിവരും. പ്രൊട്ടസ്റ്റൻറാണെന്നുപറഞ്ഞു ചിലപ്പോഴൊക്കെ പള്ളിയിൽപോയതല്ലേ നഷ്ടമുള്ളു.

(എമ്മാനുവൽ ഡിസിൽവാ എന്ന ഒരാൾ പ്രവേശിക്കുന്നു)

രണ്ടുപേരുംക്രുടെ:-- പോന്തിയാ.

ഡിസിൽവാ:-- പോന്തിയാ.

പീ:-- അപ്പുവാമീ.

അപ്പു:-- (അണിയറയിൽനിന്നു്) ഉത്തരവ്.

പീ:-- തെല്ലു ചായകൊണ്ടുവരു.

അപ്പു:-- ചായമാത്രം മതിയോ? കടിക്കാൻ വല്ലതും വേണോ?

പീ:— സിഞ്ഞോർ ഡിസിൽവാ, നിങ്ങൾക്കു സുഖമല്ലയോ? അപ്പൻെറ സ്നേഹിതനെന്നനിലിയിൽ ഞങ്ങൾക്കുവേണ്ടി സഹിച്ച ത്യാഗങ്ങളൊന്നും ഞങ്ങൾ മറന്നിട്ടില്ല.

അപ്പു:— (അണിയറയിൽനിന്നു്) സാമീ, കടിക്കാൻ വല്ലതും വേണോ?

ഡോൺ:-- എടാ, ശവമേ, ഒന്നു മിണ്ടാതിരിക്കു. നീ വല്ലതുമുണ്ടെങ്കിൽ കൊണ്ടുവരു.

അപ്പു:-- ശവം ഇവിടങ്ങളി നടക്കാറില്ല.

ഡോൺ:-- നിങ്ങളുടെ മകൻ ജോണിക്കു സുഖമല്ലേ? അവൻ എൻെറ സഹപാഠിയായിരുന്നു.

ഡിസിൽവാ:— എനിക്കും ജോണിക്കും സുഖംതന്നേ.

പിതാവിൻെറ സദ്ഗുണങ്ങരം നിങ്ങളിലും കാണുന്നതിൽ സന്തോഷം.

(അപ്പുവാമി അണിയറയിൽ ഒരു പാത്രം താഴെയിടുന്നു)

പീ:— ഞാൻ പോയി അവന് ഒന്നു കൊട്ടത്തിട്ടുവരാം.

(വേറൊരു വഴിക്ക് അപ്പുവാമി ഉടനെ ചായയുംകൊണ്ടു വരുന്നു)

ഡിസിൽവാ:— പീററർ പോയതേതായാലും നന്നായി. എനിക്കു നിന്നോട്ട് ഒരു കാര്യം പറയാനുണ്ട്. പീററിനോട്ട് അതു പറഞ്ഞിട്ട് ഒരു ഫലവുമുണ്ടാകയില്ല.

ഡോൺ:— എന്താ കാര്യം? സ്വന്തം മകൻ ജോണിയോടെന്നപോലെ പറയാമല്ലോ.

ഡിസിൽവാ:— നീ ഇന്നാളുവരെ കത്തോലിക്കനായിരുന്നില്ലേ? രണ്ടു വെള്ളിക്കാശിനുവേണ്ടി പാവനമായ ആ മതത്തെ ഉപേക്ഷിച്ചതെന്തിന്?

ഡോൺ:— നിങ്ങളോട്ട് അതു് ആരു പറഞ്ഞു?

ഡിസിൽവാ:— അതു ഞാനറിഞ്ഞു. എന്നാൽ, ഒട്ടും ശരിയായില്ല. നോക്കൂ. വാഗ്ദാനംചെയ്ത ജോലിയും അവർ തന്നിട്ടില്ലല്ലോ. ആകയാൽ പരിശുദ്ധമായ കത്തോലിക്കാസഭയിലേക്ക്, ചെറുപ്പംമുതൽ നിൻെറ അമ്മ ചൊല്ലിത്തന്ന വിശ്വാസത്തിലേക്ക്, പിന്തിരിയുക. വല്ലപ്പോഴും ഒരു വൈദികൻ ഇവിടെ വന്നുചേരുവാൻ ഇടയാകുന്നപക്ഷം, ഞാൻ പറയുന്ന വാക്കുകളുടെ അൎത്ഥം പൂൎണ്ണമായി നിനക്ക് അറിയുവാൻ കഴിയും.

ഡോൺ:— വാസ്തവം പറയുകയാണെങ്കിൽ, ഞാൻ പ്രോട്ടസ്റ്റൻറുകാരനായ നാരംമുതൽ എൻെറ മനസ്സിനു യാതൊരു സമാധാനവുമുണ്ടായിട്ടില്ല.കഴിഞ്ഞ രണ്ടുമൂന്നുകൊല്ലക്കാലത്തോളം തിരുസ്സഭയിലേക്കു തിരിച്ചുപോയി പാപസങ്കീൎത്തനം ചെയ്യേണ്ട കാര്യത്തെപ്പററി ഞാൻ വിചാരിക്കുകയുണ്ടായി.

ചേട്ടനോടുള്ള ഭയംനിമിത്തംമാത്രമാണ ഞായറാഴ്ചദിവസങ്ങളിൽ പ്രോട്ടസ്റ്റൻറു ദൈവാലയങ്ങളിൽ പോയിക്കൊണ്ടിരുന്നതു്. ഒരു കത്തോലിക്കാവൈദികനെ കാണുവാൻ സാധിച്ചാൽ, പക്ഷേ, എൻെറ ഭയത്തിന് അല്പം ശമനമുണ്ടായേക്കാം. ദിവ്യകാരുണ്യം എൻെറ മനസ്സിനെ ശക്തിപ്പെടുത്തുമെന്ന് എനിക്കു തോന്നുന്നുണ്ട്.

ഡിസിൽവാ:—ഒരു വൈദികനെ കാണുവാൻ ഞാനും ആഗ്രഹിക്കുന്നുണ്ട്. ഈ മഹാദ്വീപത്തിൽ അവരിലൊരുത്തൻ പോലും അവശേഷിക്കുന്നതിനു ലന്തക്കാർ അനുവദിച്ചിട്ടില്ല. നമുക്കായി ഒരു വൈദികനെ ഇന്ത്യയിൽനിന്ന് അയക്കണമേ, എന്നു രാവും പകലും ഞാൻ അപേക്ഷിക്കുന്നുണ്ട്. തൽകാലം നീ പരിശുദ്ധകന്യകയുടെ പക്കലേക്കു തിരിഞ്ഞു് "എത്രയും ദയയുള്ള മാതാവേ" എന്ന നമസ്കാരം അനുദിനം ചൊല്ലൂ. അതു ഞാൻ എഴുതിത്തരാം.

ഡോൺ:-- അതു ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്.

ഡിസിൽവാ:-- എന്നാൽ, മുടക്കംവരുത്താതെ ദിവസംതോറും ചൊല്ലുക.

ഡോൺ:— അവിടുത്തെ ഇഷ്ടംപോലെയാകട്ടെ.

(ജോൺ പ്രവേശിക്കുന്നു)

ജോൺ:— തമ്പുരാനെക്കുറിച്ചു പിച്ചതരണേ.

ഡിസിൽവാ:— ഇവൻ കത്തോലിക്കനാണല്ലോ. എന്നാൽ, ഇവൻെറ മട്ടുകണ്ടിട്ട് ഇവിടത്തുകാരനാണെന്നു തോന്നുന്നില്ല. ഒന്നു ചോദിച്ചുകളയാം. (ജോണിനോട്) നീ എവിടത്തുകാരനാണ്?

ജോൺ:— ഞാൻ ഗോവാക്കാരനാണ്.

ഡിസിൽവാ:-- നീ എന്തിന് ഇവിടെ വന്നു?

ജോൺ:— ഞാനും ചേട്ടനുംകൂടെ ഇവിടെ വല്ല പണി കിട്ടുമോ എന്ന് അന്വേഷിച്ചുവന്നതാണ്. കപ്പലിൽവച്ച്

ഇരന്നുകിട്ടിയ ചോറുപിടിക്കാഞ്ഞതിനാൽ ചേട്ടനു സുഖമില്ലാതായി. ഇവിടെ വന്നശേഷം ഒരു സ്ത്രീ ഞങ്ങൾക്കു കഞ്ഞിവെള്ളം തരാറുണ്ടായിരുന്നു. എങ്കിലും ചേട്ടന്റെ സുഖക്കേട് അർശസ്സായിപ്പകരുകയും ആ ഗൃഹത്തിൽനിന്നു ഞങ്ങളെ നാട്ടുകാർ ആട്ടിപ്പായിക്കുകയും ചെയ്തു. ഞങ്ങളിപ്പോൾ അടുത്ത കാട്ടിൽ താമസിക്കുകയാണ്. ദൈവത്തെക്കുറിച്ച് എനിക്കും ചേട്ടനും കുടിക്കാൻ വല്ലതും തരണം.

ഡിസിൽവാ:-- (ഡോണിനോട്) ഇവൻ പറയുന്നതു വാസ്തവമാണെങ്കിൽ ഇവന്റെ സ്ഥിതി അതികഷ്ടംതന്നേയാണ്. സത്യസ്ഥിതി അറിയുവാനെന്താ വഴി?

ജോൺ:-- ഗോവാക്കാരനായ ഒരു ബാലനെ നിങ്ങൾക്കു വിശ്വസിക്കുവാൻ പാടില്ലേ. നിങ്ങളിലാർക്കെങ്കിലും പോർത്തുഗീസുഭാഷ അറിയാമെങ്കിൽ സംസാരിക്കൂ. (ഡിസിൽവായെ നോക്കിക്കൊണ്ട്) നിങ്ങളെക്കണ്ടിട്ട് ഒരു പറങ്കിയെപ്പോലെ തോന്നുന്നുവല്ലോ.

ഡിസിൽവാ:-- (ഡോണിനോട്) ഇവൻ മിടുക്കനാണെന്നു തോന്നുന്നു. പോർത്തുഗീസിൽത്തന്നേ ഇവനോട് ഒന്നു ചോദിച്ചുകളയാം. (ജോണിനോട്)പുർക്കേ ഏക്കെ ദെഷാസ്തിഫീൽയു തെവുപായ് ഇമായി എം കാസ.

ജോൺ:— ഴ ല്യേ ദീസി.

ഡിസിൽവാ:--ഏഷ് കത്തോലിക്കു?

ജോൺ:— സി.

ഡിസിൽവാ:-- സാബിസ് സി അൽഗ്ഗും സസെർദോത്തെ കത്തോലിക്കു വീര ദെഗോവാ പ്രേസ്ത ഇല്യ?

ജോൺ:-- സി ഏ കത്തോലിക്കു മില്യയേ.

ഡിസിൽവാ:— ഇവൻ ഗോവാക്കാരൻതന്നേ. ഗോവായിൽനിന്നു വല്ല വൈദികന്മാരും ഇങ്ങോട്ടു വരുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ അവൻ പറയുന്നതു നാം കത്തോലിക്കരാണെങ്കിൽപ്പറയാമെന്നത്രേ. (ജോണിനെ നോക്കിക്കൊണ്ട്)

ഭയപ്പെടേണ്ട. നീ ഊഹിച്ചതുപോലെ ഞാൻ കത്തോലി ക്കനായ ഒരു പറങ്കിയാണ്. രഹസ്യങ്ങൾ വല്ലതുമുണ്ടെങ്കിൽ തുറന്നുപറയാം.

ജ്ജോൺ:— എന്റെ ചേട്ടൻ എന്നു ഞാൻ പറഞ്ഞതു ഗോവായിലെ ഓററ്ററിയിൽപ്പെട്ട ഒരു വൈദികനും ഞാൻ അ ദ്ദേഹത്തിന്റെ ഒരു ശുശ്രൂഷകനുമാണ്. അദ്ദേഹത്തിന്റെകൂടെ വേറൊരു വൈദികനും ഒരു സഹോദരനും സിലോണിലേക്കു വ രുന്നുണ്ടായിരുന്നു. എന്നാൽ, മാർഗ്ഗക്ലേശങ്ങൾനിമിത്തം ഭഗ്നാശ രായി രണ്ടുപേരും മാർഗ്ഗമദ്ധ്യേ ഞങ്ങളെ ഉപേക്ഷിച്ചു ഗോവാ യിലേക്കു തിരിച്ചുപോയി. ക്ഷീണിച്ചുവലഞ്ഞ അവരെ വെറും കൈയായി വിടുവാൻ ഞങ്ങൾക്കു മനസ്സില്ലാഞ്ഞതിനാൽ ഞ ങ്ങളുടെ പക്കലുണ്ടായിരുന്ന സ്വല്പസംഖ്യ മുഴുവനും അവരെ ഏല്പിച്ചു. അനന്തരം, ഇരന്നും വലഞ്ഞും ഞങ്ങൾ ഒരുവിധം തുത്തുക്കുടിയിലെത്തി. എന്നാൽ അവിടെവച്ച്, എന്റെ ആ ത്മഗുരു ഒരു കത്തോലിക്കാവൈദികനാണെന്നുള്ള ന്യായ ത്താൽ പ്രോട്ടസ്റ്റൻറുകാരായ തുറമുഖാധികാരികൾ ഞങ്ങളുടെ ഗതിയെ പ്രതിരോധിച്ചു. തന്മൂലം, മൂന്നുമാസക്കാലത്തോളം അ വിടങ്ങളിൽ ഭിക്ഷയാചിച്ച് ഒരു കണക്കിനു ഞങ്ങൾ ഉപജീവ നംകഴിച്ചുപോന്നു. തദനന്തരം, കൊളമ്പിലേക്കു ഭക്ഷണംതേടി പ്പോകുന്ന ഭിക്ഷുക്കളുടെകൂട്ടത്തിൽ ഞങ്ങൾ ഗണിക്കപ്പെടുന്ന തിനും, അങ്ങനെ പാസ്സു ലഭിക്കുന്നതിനുമിടയാകയാൽ പത്തു പതിനഞ്ചുദിവസംമുമ്പ് ഇവിടെ വന്നിറങ്ങുവാൻ സാധിച്ചു.

ഡോൺ:— അപ്പുവാമീ.

അപ്പു:— (അണിയറയിൽനിന്ന്) സാർ.

ഡോൺ:— ഈ ഭിക്ഷുവിനു വല്ലതും കൊടുക്കു.

അപ്പു:— (പ്രവേശിച്ചുകൊണ്ട്) ഈ മാതിരി കള്ള ന്മാർ പറയുന്നതു് ഏമാൻ വിശ്വസിക്കല്ലേ. ഒക്കെ വെറും ക ള്ളം. ഒരു തുള്ളി വെള്ളംപോലും കൊടുക്കരുതു്.

ഡോൺ:— നീ മൂത്തുമൂത്തു യജമാനനായല്ലോ. ഭക്ഷണ

പദാർത്ഥങ്ങൾ അവശേഷിച്ചിട്ടില്ലെങ്കിൽ, എനിക്കു വച്ചിരിക്കുന്ന ചോറും കറിയുമെടുത്ത് അവനു കൊടുക്കൂ.

(പീററർ പ്രവേശിക്കുന്നു)

പീ:— ഇതാ നില്ക്കുന്നു കഴുവേറി. അവനെ അന്വേഷിച്ചുപോയിട്ടു കണ്ടില്ല.

(അപ്പുവാമി പത്തുക്കെ പുറത്തു കടക്കുന്നു)

അപ്പോൾ അതിലേ കമാൻഡർ വരുന്നതുകണ്ട് അദ്ദേഹത്തോടു സംസാരിച്ചുകൊണ്ടിരുന്നതു നിമിത്തം അല്പം വൈകിപ്പോയി. ചായകുടികഴിഞ്ഞല്ലോ.

(ഡോണിനെ നോക്കിക്കൊണ്ട്) ആർക്കാണു ചോറു കൊടുക്കാൻ പറഞ്ഞത്?

ഡോൺ:— ഈ ഭിക്ഷുവിന്.

പീ:— എടാ നിന്നെയല്ലേ അടുത്ത സത്രത്തിൽനിന്ന് ഓടിച്ചുകളഞ്ഞത്? ഇവന് ഒന്നും കൊടുക്കേണ്ടാ.

ഡോൺ:— കൊടുക്കാമെന്നു പറഞ്ഞുപോയല്ലോ.

ഡിസിൽവാ:— നിങ്ങൾ എവിടെവച്ചാണ് ഈ ഭിക്ഷുവിനെ കണ്ടത്? (അപ്പുവാമി ചോറുകൊണ്ടുവന്നു കൊടുക്കുകയും ജോൺ പോകുവാൻ ഭാവിക്കുകയും ചെയ്യുന്നു) എടാ, കൊച്ചാ, നീ നില്ക്കൂ. ഞാനും നിൻെറകൂടെ പോരുന്നുണ്ട്. നിൻെറ ചേട്ടന് ഒരു മരുന്നു തരാം.

(ജോൺ ചോറു കൈയിൽ പിടിച്ചുകൊണ്ടു നില്ക്കുന്നു)

പീ:— എന്താ ഇവനോട് ഇത്ര മമത? കത്തോലിക്കരായ ഇവനും ഇവൻെറ ചേട്ടനും കഞ്ഞികൊടുത്തതിനാലത്രേ നാട്ടുകാർക്കൊക്കെ അർശസ്സു പിടിപെട്ടിരിക്കുന്നതെന്നു ജനങ്ങളൊക്കെ പറയുന്നു. അതാണ് അവന് ഒന്നും കൊടുക്കല്ലേ എന്നു ഞാൻ പറഞ്ഞത്. എന്നാൽ ഡോണുണ്ടോ ഞാൻ പറയുന്നതു കേൾക്കുന്നു. നിങ്ങളാണെങ്കിൽ അവനെ അകമ്പടി സേവിക്കാനാണു പോകുന്നത്.

ജോൺ:— ഏമാനേ, കോപിക്കല്ലേ. ഞാൻ ഇതുകൊണ്ടു പോകുന്നില്ല.

ഡിസിൽവാ:— പീററർ, എന്തു മൂഢവിശ്വാസം. ഒരാൾക്കു ചോറുകൊടുത്താൽ വേറൊരാൾക്ക് അർശസ്സുണ്ടാകുമോ?

ഡോൺ:— എടോ ഭിക്ഷു, താൻ ആ ചോറെടുത്തുകൊള്ളൂ. ഈ ചായയും കുടിക്കാം. (ജോൺ ചായ കുടിക്കുന്നു) ചേട്ടാ, കമാൻഡർ എന്തുപറഞ്ഞു?

പീ:— ജോലി അടുത്ത മാസം കിട്ടും.

ഡോൺ:— (ദിവ്യദരിശനം തരലാ– ചിന്താമണി)

സ്നേഹനിധിസകലേശ്വര–നീശൻ
എന്നിൽ–പ്രീതനായ്–സ്നേഹ......

അനുപല്ലവി

ക്ഷണികധനമോഹാൽ–വിണ്ണോർവണങ്ങിടും
പുണ്യപാദത്യാഗിയെന്നിൽ– സ്നേഹ.........

ചരണം

ധൂർത്തനീദ്രോഹി ദയാർദ്രനാം താത-
ഹൃത്തുപിളർന്നതുമോർക്കാ–
താർത്തനായി പുത്രനെ ചേർത്തുതൻമേനിയിൽ
പേർത്തു പേർത്തു ആശ്ലേഷമേകി–സ്നേഹ.....

അതിനാൽ ഞാൻ ഇതാ സഭയിലേക്കു വരുവാൻ ഉറച്ചിരിക്കുന്നു. ജോലിയുടെ കാര്യം ഞാൻ ഇനി ചിന്തിക്കുന്നതല്ല.

ഡിസിൽവാ:— അങ്ങനെ പറയൂ മകനേ.

പീ:— ഓ, ഓ, നിങ്ങളും കത്തോലിക്കനാണല്ലേ! അതാണു ഞാൻ കൺവെട്ടത്തുനിന്നു മറയുമ്പോൾ ഇവിടെ ഒരു കുത്തുകുശുമന്ത്രം കേൾക്കുന്നത്. എടോ, ഇറങ്ങെടോ പുറത്ത്.

ഡിസിൽവാ:— എന്തിനു വൃഥാ കോപിക്കുന്നു. ഞാൻ..

പീ:— (ജയദേശികൻ എന്ന മട്ട്)

മതിമതി-സാരോപദേശമെല്ലാം-മതി....
കുടിലാശയ-ഫലശൂന്യംനിൻ—ഉപദേശങ്ങളറിഞ്ഞീടുക.
സത്യവാനെന്നോർത്തു തന്നിലിത്രനാളും വിശ്വസി—
ച്ചെത്രയെത്ര കാരുണ്യങ്ങൾ കോരിവാരിനല്കിഞാൻ
ചിത്രംവിചിത്രം—നിൻ ചരിത്രമോർക്കുകിൽ
കുടിലാശയാ....

ഉം ഇറങ്ങു പുറത്തു്. താനും തന്റെ പിച്ചക്കാരൻ സ്നേഹിതനും. (രണ്ടുപേരേയും ആട്ടിപ്പായിക്കുന്നു)

(കർട്ടൻ)

രംഗം 2

(ഫാദർ വാസ് ഒരു മരത്തിന്റെ തണലിൽ കിടക്കുന്നു. ജോൺ അടുത്തുനിന്ന് ഇപ്രകാരം പാടുന്നു)

(പഞ്ചമജാതി)

ഫ. പഞ്ചക്ഷതങ്ങളേറുനെഞ്ചുംതുറന്നുനര
സഞ്ചയവാഞ്ഛിതങ്ങൾ—നല്കിടും
നിഞ്ചരിതം—ചിന്തനീയം—ദൈവമേ
വ. ദീനദയാലു ദാനപ്രിയനെൻപാലകനേ
ദീനനായനാധാരനായ്—തെരുവിൽ
മാനഹീനം-തള്ളിയൊരു—വിധിയേ.
ന. മഞ്ചത്തിൽ പള്ളികൊള്ളും—കാഞ്ചനം പൂവൽമേനി
ചിന്തയിൽ വാടിയുലഞ്ഞിതുപോൽ
ഹന്തകാണ്മാൻ—ബന്ധമെന്തോ-ദൈവമേ.

ഫാ. വാ:— ജോണീ, ഇങ്ങ് അടുത്തുവന്നേ. എന്തിനാ ഉണ്ണി കരയുന്നേ? കരിശുകൾ സഹിക്കേണ്ടതെങ്ങനെയെന്നു ഞാൻ പറഞ്ഞുതന്നതോർക്കുന്നില്ലേ?

ജോൺ:— അച്ചാ, ഞാൻ അങ്ങേപ്രതിയാണു കരയുന്നതു്. എനിക്കു സുഖമായിരുന്നപ്പോൾ ഞാൻ പോയി വല്ല വെള്ളവുംകൊണ്ടു വരുമായിരുന്നു. ഇന്നു് അതിനും നിവൃത്തിയില്ലാതായല്ലോ!

ഫാ. വാ:— ജോണീ, അതിനെപ്പററി ദുഃഖിക്കേണ്ടാ. മരുഭൂമിയിൽ യഹൂദർക്കു മന്നാ നല്കി ദൈവം അവരെ പോഷിപ്പിച്ചു; പാറ പൊട്ടിച്ചു വെള്ളം മൂശക്കു പ്രദാനം ചെയ്തു. മരുഭൂമിയിലെ സന്യാസിമാർക്കു് അവിടുന്നു അപ്പം അയച്ചുകൊടുത്തു. ആ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കും.

ജോൺ:— അച്ചാ, ഇതാ കാലിൽ ഒരു അട്ട * കയറി രക്തം കുടിച്ചു പന്നിപോലെ വീർത്തിരിക്കുന്നു. ഞാൻ അതിനെ എടുത്തുകളയാം. (പിടിച്ചുവലിക്കുന്നു) പോരുന്നില്ലല്ലോ അച്ചാ.

ഫാ. വാ:— എവിടെ ജോണീ? (പതുക്കെ എഴുന്നേററു്) ഞാൻ പിടിച്ചിട്ടും പോരുന്നില്ല. ഒരു വൃദ്ധൻ വരുന്നുണ്ടല്ലോ.

ജോൺ:— എന്നാ കിളവാ?

(ഒരു പാത്രവുംകൊണ്ടു് ഒരു വൃദ്ധൻ പ്രവേശിക്കുന്നു)

വൃദ്ധൻ:— എടേ, പൊടിയാ, ഇന്ത കഞ്ചി എടുത്തു സാപ്പിടുങ്കൾ. നല്ല ചൂടുകഞ്ചി.

ഫാ. വാ: — ജോണീ, കഞ്ഞിപോയി വാങ്ങിക്കു. ചൂടു

---

* സിലോണിൽ എല്ലായിടത്തും ഒരു മഴ പെയ്താലുടനെ, ഒരുതരം അട്ടകൾ കാണപ്പെടുന്നുവെന്നുള്ള വസ്തുത വായനക്കാർ ഇവിടെ അനുസ്മരിക്കുന്നതു നന്നായിരിക്കും.

ണ്ടെങ്കിൽ ഒരു തുള്ളി വെള്ളമെടുത്ത് അട്ടയുടെ മേൽ ഒഴിക്കു. പക്ഷേ, അതു വിട്ടുപോയ്ക്കൊള്ളും.

(ജോൺ അങ്ങനെ ചെയ്യുന്നു)

ജോൺ:— അട്ട പോകുന്നില്ല.

ഫാ. വാ:— ആ ഉപ്പും മുളകുപൊടിയും വെള്ളത്തിലിട്ടു കലക്കി ഒഴിച്ചുനോക്കു.

(ജോൺ അപ്രകാരം ചെയ്യുന്നു)

ഹാ, പോയല്ലോ; എടുത്തു ദൂരെ കളയൂ.

വൃദ്ധൻ:— നാൻ ഒരു പായ് കൊടുപ്പേൻ. ഉങ്കളുക്ക് അതിലേ തൂങ്കലാം.

ഫാ. വാ:— സരുവേസുരൻ ഉങ്കളെ ആസീർവദിപ്പാറാക. നീങ്കൾ സെയ്ത ഉപകാരങ്കളുക്കാക ആണ്ടവർ ഉങ്കളുക്ക പതിന്മടങ്കു നന്മൈ സെയ്‌വാർ.

വൃദ്ധൻ:— നല്ലതു സാമീ, പോയി വാറേൻ.

(രണ്ടുപേരും കഞ്ഞികുടിക്കുന്നു)

ഫാ. വാ:— ജോണി, നീ ഇതുകൂടെ കുടിച്ചോളൂ. എനിക്കു പ്രായമുള്ളതിനാൽ വിശപ്പു സഹിക്കാൻ വിഷമമില്ല.

ജോൺ:— വേണ്ടാ, അച്ഛാ. എനിക്ക് ഇതു ധാരാളം മതി.

ഫാ. വാ:— നീ ആ കറി ഉപയോഗിക്കേണ്ടാ. അതു മുഴുവനും മുളകാണ്. കുമ്പളങ്ങാ അർശസ്സിനു കൊള്ളുകയില്ല.

(ജോൺ കറി ദൂരെ കളയുന്നു)

ജോൺ:— അച്ഛാ, ഇപ്പോൾ സുഖക്കേട് എങ്ങനെയിരിക്കുന്നു?

ഫാ. വാ:— ഇന്ന് എനിക്കു വളരെ സുഖം തോന്നുന്നുണ്ട് വയററിലേ വേദനയൊക്കെ അവസാനിച്ചിരിക്കുന്നു. ഒന്നുരണ്ടുദിവസംകൊണ്ട് എഴുന്നേററു നടക്കാമെന്നു വിചാരിക്കുന്നു. ജോണിക്ക് ഇപ്പോഴും വയററിൽ ശക്തിമത്തായ വേദനയുണ്ടോ?

ജോൺ:— വളരെ കുറവുണ്ട്. അച്ഛാ, ആ സ്ത്രീ എത്ര ദയാലു; പക്ഷേ, ഒരു കത്തോലിക്കാസ്ത്രീയായിരിക്കാം. ഇനി വരുമ്പോൾ ചോദിച്ചെങ്കിലോ?

ഫാ. വാ:— അതെയെന്ന് എനിക്കും തോന്നുന്നു. അങ്ങനെയെങ്കിൽ അവർവഴി ഇവിടത്തെ കത്തോലിക്കാകുടുംബങ്ങൾ ഏവയെന്നു മനസ്സിലാക്കുവാൻ എളുപ്പമായിരിക്കും. സിഞ്ഞോർ ഡിസിൽവായുടേയും സഹായം നമുക്കുണ്ടായിരിക്കുമല്ലോ.

ജോൺ:— അദ്ദേഹം തന്ന മരുന്നു കുറിക്കു ഫലിച്ചു. പക്ഷേ, ഇന്ന് അദ്ദേഹം വീണ്ടും വരുമായിരിക്കും.

ഫാ. വാ:— അതാണ് എനിക്കു പേടി. അദ്ദേഹം വന്നു നമ്മെ സ്വന്തഭവനത്തിലേക്കു കൊണ്ടുപോയി പലവിധ സ്നേഹശുശ്രൂഷകൾ ചെയ്തു നമ്മെ സുഖപ്പെടുത്തിയേക്കും. മിശിഹായ്ക്കുവേണ്ടി കഷ്ടപ്പാടുകൾ സഹിക്കുവാനുള്ള വിശിഷ്ടമായ ഈ അവസരം നഷ്ടപ്പെട്ടുമെന്നു തോന്നുന്നു.

ജോൺ:— എങ്കിലും അദ്ദേഹംവഴി പല മാനസാന്തരങ്ങളും നടത്താൻ സാധിക്കും. ഞാൻ പറഞ്ഞ ആ പീററിനേയും കൂട്ടരേയും രക്ഷാകരമായ തിരുസ്സഭയിലേക്കു തിരിച്ചുകൊണ്ടുവരുവാൻ അദ്ദേഹത്തിൻെറ സഹായം ആവശ്യകമാണ്.

ഫാ. വാ:— ദൈവേഷ്ടംപോലെയാകട്ടെ. ജോണീ, നീ ആ പത്രം മാററിവച്ചു കുറച്ചുനേരം ഉറങ്ങു. ഞാൻ കൊന്തനമസ്കാരം ചൊല്ലട്ടെ.

ജോൺ:— ഞാനുംകൂടെ ചൊല്ലാം. (രണ്ടുപേരുംകൂടെ കൊന്തനമസ്കാരം ചൊല്ലുന്നു)

## രംഗം 3

### വാൻറീയുടെ ആപ്പീസ്

വാൻറീ:-- (ആത്മഗതം) പ്രോട്ടസ്റ്റൻറുമതപ്രചരണത്തിനായുള്ള എൻെറ പരിശ്രമങ്ങളഖിലം വിഫലമാവുകയാണല്ലോ ചെയ്യുന്നതു്. ഒരുത്തനെ ഇന്നു മാനസാന്തരപ്പെടുത്തിയാൽ നാളെ അവൻ ഒന്നുകിൽ ബുദ്ധമതത്തിലേക്കു തിരിച്ചുപോകുന്നു; അല്ലെങ്കിൽ റോമായിലേക്കു പിന്തിരിയുന്നു. കുറെദിവസങ്ങളായി,റോമായിലേക്കുള്ള പ്രവാഹം പ്രവൃദ്ധമായിക്കാണുന്നു. ഗോവാക്കാരൻ റോമാക്കാരനായതെങ്ങനെയെന്നു ചോദിച്ച പീററിനോടുപോലും പറഞ്ഞു ജയിക്കുവാൻ പാടില്ലെന്നായിരിക്കുന്നു. ആരോ ശ്രദ്ധമായി പണിയുന്നുണ്ടായിരിക്കണം.എന്തോ ഒരു ശബ്ദം കേൾക്കുന്നുണ്ടല്ലോ. ഹ, ഹോ, നമ്മുടെ പ്രോട്ടസ്റ്റൻറു മതത്തിനുവേണ്ടി കാണ്ടിരാജാവിൻെറ കീഴിൽ അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഫ്റഞ്ചു കാരനായ ലനെറോളല്ലേ ആ വരുന്നതു്. (എഴുന്നേററു കൈകൊടുത്തുകൊണ്ടു്) ബോൺഷൂർ * മെസ്യൂ ലനെറോൾ.

ലനെ:-- ബോൺഷൂർ.

വാൻറീ:— നിങ്ങൾക്കു സുഖമോ?

ലനെ:— സുഖംതന്നേ. നിങ്ങൾ എന്നോടു പ്രദർശിപ്പിക്കുന്ന സ്നേഹത്തിനു ഞാൻ അതീവകൃതജ്ഞനായിരിക്കുന്നു.

വാൻറീ:— പിന്നെ, അസാധാരണമായി ഇങ്ങോട്ടു പുറപ്പെട്ടതെന്താ? കാണ്ടിരാജ്യാതിർത്തിയിൽ പ്രവേശിക്കുന്നവരെ ഒരിക്കലും അവിടെനിന്നു കടത്തിവിടുകയില്ലെന്നു കേട്ടിട്ടുണ്ടല്ലോ.

---

* Gcod day.

ലനെ:— അതു ശരിയാണ്. അതുകൊണ്ടല്ലേ ഞാൻ ക്ലേശങ്ങൾ സഹിച്ചും ഏകാകിയായും അവിടെ കഴിച്ചുകൂട്ടുന്നതു്. ഇപ്രാവശ്യം ഇങ്ങോട്ടു പൊന്നതു മഹാവെലിനദീതീരത്തുള്ള ഉദ്യോഗസ്ഥന്മാർക്കു കോഴകൊടുത്താണു്.

വാൻറീ:— അതിപ്രധാനവും ഉൽകണ്ഠാജനകവുമായ ഒരു ചിന്ത എൻെറ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന ഈ സമയത്തു നിങ്ങളുടെ ആഗമനം ഈശ്വരനിവേശിതം തന്നേയാണു്. ഇവിടങ്ങളിൽ റോമാക്കാർക്കു് എന്തോ ഒരു വലിയ ഉണർവു്. ഞാൻ മാനസാന്തരപ്പെടുത്തിയവരൊക്കെ എന്നെ ഉപേക്ഷിച്ചുപോയിരിക്കുന്നു. ബുദ്ധമതത്തിൽനിന്നു മാനസാന്തരപ്പെട്ടവർപോലും റോമയിലേക്കു പിന്തിരിഞ്ഞിരിക്കുന്നു. ഇതൊക്കെ ആരുടെ പണിയാണെന്നു് ഇതുവരെ അറിയുവാൻ സാധിച്ചിട്ടില്ല. വല്ല പറങ്കിയച്ചന്മാരും ഇവിടെ കടന്നുകൂടിയിട്ടുണ്ടോ എന്നൊരു സംശയം.

ലനെ:— പുതുതായി ഒരുണർവുണ്ടെന്നു പറയുന്നതു വാസ്തവം. ഇന്നലെ എന്നെ ഒരു റോമാക്കാരൻ യുക്തികൊണ്ടു തോല്പിച്ചു. ഇതുവരെ എനിക്കു് അങ്ങനെ അനുഭവപ്പെട്ടിട്ടില്ല. (അപ്പുവാമി പ്രവേശിക്കുന്നു) ഒരു കഴുവേറി കയറിവരുന്നുണ്ടു്. നമുക്കു മെല്ലെ സംസാരിക്കാം.

അപ്പു:— (കൈകൂപ്പിത്തൊഴുതുകൊണ്ടു്) ഏമാന്മാരേ, അടിയൻ ഒരു കാര്യം പറയട്ടെ.

വാൻറീ:— എന്തുകാര്യമാണെടാ. വല്ല കൊലക്കേസും കൊണ്ടു വരുകയാണോ നീ.

അപ്പു:— അല്ല, ഏമാന്മാരേ, നിങ്ങൾക്കുനല്ലതു്......

വാൻറീ:— എടാ തടിമാടാ, നീ എന്താണെടാ, ഞങ്ങളെ പഠിപ്പിക്കുവാൻപോകുന്നതു്?

അപ്പു:— ഏമാന്മാരേ, നിങ്ങൾ റോമാക്കാരായ പാതിരിമാരെ വേട്ടയാടിക്കൊല്ലാൻ ഉദ്ദേശിക്കണില്ലേ? അടിയൻ നല്ലമാന ഒരു വഴി പറയാം.

വാൻറീ: — (ലനെറോളിനോട്) ഇവനെന്തോ മനസ്സിലാക്കിയിട്ടുണ്ട്. നല്ലവണ്ണം കൂടുകതന്നെ. (പ്രകാശം) എടാ, പറയെടാ. നിനക്കു നല്ല സമ്മാനം തരാം.

അപ്പു:— എന്നാ, ഞാൻ പോണു. കൊണം ചെയ്യാന്നുവെച്ചുപ്പോ, അവരു തമ്മാനം തരാന്ന്.

വാൻറീ:— തമ്മാനം അല്ലെടാ. അഞ്ചുരൂപാ സമ്മാനം.

അപ്പു:— അങ്ങനെ പറ ഏമാന്മാരേ, അപ്പുവാമിആക്കും കൊണം ചെയ്യാതിരിക്കയില്ല. നാളെ എൻെറ ഏമാൻെറ വീട്ടിൽ ഒരു പറങ്കിവന്നു കൊർബാനയോ എന്തോ ചൊല്ലും. ആ തരത്തിനു വന്നാൽ പാതിരിയേയും പിടിക്കാം, ആ പാതിരിയെ വളർത്തുന്ന എൻെറ ദുഷ്ട ഏമാന്മാരേയും പിടിക്കാം.

വാൻറീ:— നീ അദ്ദേഹത്തിനെ കണ്ടിട്ടുണ്ടോ?

അപ്പു:— ഇല്ല. ഇതുവരെ എന്നെ കാണിച്ചിട്ടില്ല. ഒരു പിച്ചക്കാരനെപ്പററി അല്പം തംശയം ഉണ്ട്. നാളെക്കാലത്തുതന്നേ വേറെ രണ്ടു വീട്ടിലുംകൂടെ എന്തോ ഒക്കെ ചെയ്യുമെന്ന് ഏമാനൻ കൊച്ചുമാൻെറ ചെവിയിൽ പിറുപിറുക്കണതു ഞാനും കേട്ടു.

വാൻറീ: — ആ വീടുകളൊക്കെ ഞങ്ങൾക്ക് ഇപ്പോൾ തന്നേ കാണിച്ചുതരു. നാളെ എല്ലാവരും കടന്നുകഴിയുമ്പോൾ ഞങ്ങൾ മൂന്നു വീട്ടം വളഞ്ഞ് അദ്ദേഹത്തെ പിടിച്ചുകൊള്ളാം. തൽകാലം നിനക്ക് ഇതു് ഇരിക്കട്ടെ. (ഒരു രൂപാ കൊടുക്കുന്നു) ശേഷം നാളെ. മെസ്യൂ ലനെറോൾ, കുർബാനചൊല്ലുന്ന വീട്ടിൽ നമുക്കു രണ്ടുപേർക്കുംകൂടെ പോകാം. മററു വീടുകളിലേക്കു പട്ടാളക്കാരെ അയക്കുകയും ചെയ്യാം. എടാ, അപ്പുവാമീ, എത്രമണിക്കാണ് അദ്ദേഹം വരുന്നതെന്നറിയാമോ?

അപ്പു:— നേരം വെളുക്കെവെളുക്കെ എന്നാണു പറഞ്ഞുകേട്ടതു്.

വാൻറീ:— എല്ലാവരും കടന്നിട്ടേ നാം ചെല്ലാവൂ. ഈ റോമാക്കാരെയൊക്കെ നാളെ കണ്ടുപിടിക്കണം. ഹോ, എൻെറ തലയിൽനിന്ന് ഒരു ഭാരം ഇറങ്ങിയപോലെതോന്നു. നമുക്കെല്ലാവർക്കും അല്പം കുടിക്കാം.

(വീഞ്ഞുകുപ്പിയെടുത്തു കൊണ്ടുവരുന്നു)

എടാ, അപ്പുവാമീ, ഈ വീഞ്ഞു കുറെ കുടിക്കു.

അപ്പു:— (വീഞ്ഞുകുടിച്ചുകൊണ്ട്) തൊട്ടതിനും, തൊടാത്തതിനും, കണ്ടതിനും, കേട്ടതിനും എന്നെ പൊതിച്ചുകൊണ്ടിരിക്കുന്ന ഏമാന്മാർക്ക് ഇത്തവണ കിട്ടും. ഏമാന്മാരേ,ഞാൻ ഇതൊന്നു കുടിച്ച് ആടിക്കളിക്കട്ടെ.

ലനെ:— പാടിക്കളിക്കു. ഞങ്ങളും കാണട്ടെ.

(രണ്ടുപേരും വീഞ്ഞുകുടിക്കയും, മത്തന്മാരായി ഇടയ്ക്കിടയ്ക്ക് അപ്പുവാമിയോടുകൂടെ പാടുകയും ചെയ്യുന്നു)

അപ്പു:— (എൻ മനംപോൽ കളിവേനെ എന്ന മട്ട്)

൧. എന്തിതു പൂങ്കുഴലാളേ, മാനേ
ഹന്തപരിഭവമെൻ, കണ്ണേ, കണ്ണേ,
തുമ്പമെല്ലാം വെടിയാതെ
എന്തിദമുഴലുന്നു, താനേ, മാനേ.

൨. പൂങ്കുയിലിമ്പമൊടാടീ—പാടീ
മാങ്കൊമ്പിലിരിപ്പതു കാണ്മിൻ, കാണ്മിൻ.
ആനന്ദദായകഗാനം
സാനന്ദമൊന്നുടനെ—പാടിൻ, പാടിൻ.

(കർട്ടൻ)

## രംഗം 4

### കൊളമ്പിലേ ഭവനം

(ഒരു ബലിപീഠവും, ബലിപീഠത്തിൻെറ മുമ്പാകെ പ്രാൎത്ഥി ച്ചുകൊണ്ടിരിക്കുന്ന ഡിസിൽവാ ആദിയായവരും)

ഡോൺ:— ചേട്ടാ, നമ്മുടെ ജോലിയൊക്കെ കഴിഞ്ഞു വോ? വല്ലതും വിട്ടു പോയിട്ടുണ്ടോ പോലും. (അങ്ങോട്ടും ഇ ങ്ങോട്ടും നോക്കുന്നു) അയ്യോ, ഒരു കുമ്പസാരക്കൂട് ഉണ്ടാക്കിയി ല്ലല്ലോ.

പീ:— അതിനു കൂട് എന്തിനാണെടാ? ഒരു കസേര ആ മൂലയിലിട്ടാൽ പോരേ?

ഡോൺ.— നിയമാനുസാരം സ്ത്രീകളുടെ പാപസങ്കീ ൎത്തനത്തിന് അത്യാവശ്യമാണ്.

പീ:— കുറച്ചു പേരല്ലേയുള്ളൂ.

ഡോൺ:— കുറച്ചുപേരോ, അധികംപേരോ എന്ന ഗ ണനയൊന്നും ഫാദർ വാസിനുണ്ടാകയില്ല. സഭാനിയമങ്ങ ളിൽനിന്ന് അദ്ദേഹം വരവണ്ണം മാറുമെന്ന് ഊഹിക്കവേണ്ടാ,

പീ:— എന്നാൽ ഞാനൊന്ന് ഉടനെ തയ്യാറാക്കിക്കൊ ള്ളാം.

ഡോൺ:— അയ്യോ, വീഞ്ഞും ഓസ്തിയും വരുത്തിയി ല്ലല്ലോ.

പീ: അപ്പുവാമിയെ ഒരു എഴുത്തുകൊടുത്ത് അയ യ്ക്കാം. വിളിക്കൂ, അവനെ.

ഡോൺ:—അപ്പുവാമീ, അപ്പുവാമീ. (പോയി അന്വേ ഷിക്കുന്നു) അവൻ ഇവിടെയെങ്ങുമില്ലല്ലോ. (തിരിച്ചുവന്നു കൊണ്ട്) ചേട്ടാ, അപ്പുവാമിയെ ഇവിടെ കാണാനില്ല. അവൻ ഇതു വല്ലതും കാമാൻഡരോടു ചെന്നു പൊട്ടിച്ചുകാണുമോ? ഈയിടയ്ക്കു് അവൻെറ മെരട്ടു കുറെ കൂടുതലായിരുന്നു.

പീ:— അവൻ വല്ലതും പററിച്ചിട്ടുണ്ടെങ്കിൽ, ഇനി വിഷാദിച്ചിട്ടെന്തുകാര്യം? മണി ഏഴായല്ലോ? എന്താ അച്ചൻ വരാത്തതു്? ആളുകളൊക്കെ വന്നോ എന്നു പോയി നോക്കൂ.

ഡോൺ:— എല്ലാവരും എത്തി. രാജശ്രീ വിജയരത്നം ഭാര്യയും മാത്രമേ വരാനുള്ളൂ. അയ്യോ, ചേട്ടാ, ചേട്ടാ ചതിച്ചോ. പട്ടാളക്കാരുടെ സ്വരം കേൾക്കുന്നുണ്ടല്ലോ.

(രണ്ടുപേരും മുട്ടുകുത്തി ദിവ്യജനനിയോട് അപേക്ഷിക്കുന്നു. ശേഷം പേരും കൂടെപ്പാടുന്നു)

(നാദബിന്ദുകളാദി എന്ന മട്ട്)

പ. പാവനാനന്ദരൂപാ നമോ നമോ
വാനനായക ദേവാ, നമോ നമോ
മാനവാലംബതാതാ, നമോ നമോ
പരിപാഹി.

അ. പാപനാശനയജ്ഞം മുടക്കുവാൻ
യേശുവിൻതിരുയാഗം നിരോധിപ്പാൻ
ഈശവൈരികൾ ചെയ്യും വിപത്തുക-
ളിതുകാണ്ക.

നു. ഏശുവിൻതിരുതായേ, മറിയമേ,
ക്ലേശഹാരിണി, മാതേ, നീയല്ലാതെ
ആശ്രയമിവക്കില്ല—ദയാപരേ
കനിയണേ.

(വാൻറീയും, ലനൈറോളും പട്ടാളക്കാരും പ്രവേശിക്കുന്നു)

വാൻറീ:— (ഡോണിനെ പിടിച്ചുകൊണ്ടു്) താനല്ലേ പ്രോട്ടസ്റ്റൻറുകാരനാകാമെന്നു പറഞ്ഞതു്. ഇപ്പോൾ ഇതാണല്ലേ പണി. നിൻെറ മാതാവു സഹായത്തിനു വരുന്നതൊന്നു കാണാട്ടെ. (പീററർ ജനക്കൂട്ടത്തിനിടയ്ക്കു് ഒളിച്ചുനില്ക്കുന്നു. ഈ സമയത്തു ഫാദർ വാസ് രംഗത്തുവന്നെത്തി സ്വല്പനേരം നോക്കിനിന്നശേഷം, പട്ടാളക്കാരെക്കാണുകയാലും മട

ങ്ങിപ്പോകുന്നതിനു പീററർ ആംഗ്യംകാണിക്കുകയാലും, തിരിച്ചുപോകുന്നു)

നിങ്ങൾ ഇവിടെ റോമാക്കാരൻ പാതിരിയെ ഒളിപ്പിച്ചു വച്ചിരിക്കയാണല്ലേ! എവിടെയാണെടോ അയാൾ? ശീഘ്രം കാണിച്ചുതരു; അല്ലെങ്കിൽ ഡച്ചുഗവണ്മേൻറിൻെറ നിയമത്തിൻെറ കാർക്കശ്യം നിങ്ങളിനു മനസ്സിലാക്കും. കടക്കു, അകത്ത്.

ഡോൺ:— സിഞ്ഞോർ, ഇവിടെ പാതിരിമാരാരുമില്ല. പരസ്നേഹം സ്വശിഷ്യലക്ഷണമെന്നു തീക്ഷ്ണമായി പ്രബോധിപ്പിച്ചിരിക്കുന്ന ക്രിസ്തുവിൻെറ ശിഷ്യരെന്നു സ്വയം അഭിസംബോധനചെയ്യുന്ന നിങ്ങൾ ഇതരർക്കു ചിന്താസ്വാതന്ത്ര്യംപോലും അനുവദിക്കുന്നില്ലല്ലോ.

വാൻറീ:— നിൻെറ പ്രസംഗവും, ചിന്താസ്വാതന്ത്ര്യവും മററും ഇവിടെ വേണ്ടാ. പാതിരിയെ കാണിച്ചുതരു. അല്ലെങ്കിൽ.... (കൈമടക്കുന്നു) നിൻെറ ആ ദുഷ്ടജ്യേഷ്ഠൻ എവിടെപ്പോയി.

ഡോൺ: പാതിരി ഇവിടെ വന്നെത്തിയിട്ടില്ല; ജ്യേഷ്ഠൻ ഇവിടെത്തന്നേയുണ്ട്.

ലനെ:— എടാ, അൾത്താരയിൽ നിങ്ങൾ തിരിപോലും കത്തിച്ചുവച്ചിരിക്കുന്നു. കാണിക്കെടാ, പാതിരിയെ. (മുഖത്ത് ഒന്നടിക്കുന്നു)

ഡോൺ:— സിഞ്ഞോർ, പാതിരി ഇവിടെയില്ല. (വലതുകവിൾ കാണിക്കുന്നു)

വാൻറീ:— നിൻെറ മതഭക്തി ഞങ്ങൾ കണ്ടുമനസ്സിലാക്കി. ഇരിക്കട്ടെ ഇതു വലതുകവിളത്ത്. അതാ പീററർ. സ്നേഹിതഭാവം നടിച്ചുകൊണ്ടിരുന്ന നീ യൂദാസിനെക്കാൾ കൂടുതൽ കൃതഘ്നനായിരിക്കുന്നുവല്ലോ!

പീ:— സ്നേഹത്തിനു യാതൊരുകുറവുമില്ല; സത്യത്തെ അനുഗമിക്കുന്നുവെന്നു മാത്രമേയുള്ളു. അഥവാ, അങ്ങനെയല്ലെ

ങ്കിൽത്തന്നേയും എന്തിനു ഞങ്ങളെ പ്രഹരിക്കുന്നു? പാതിരി വന്നെത്തിയിട്ടില്ല.

വാൻറീ:— എടാ, ദുഷ്ടന്മാരേ, നിങ്ങളെന്നെ ഇങ്ങനെ ചതിച്ചുകളഞ്ഞുവല്ലോ. അതിനു നിങ്ങളെ ഇന്ന് ഒരു പാഠം പഠിപ്പിക്കാതെ വിടുകയില്ല. ആകട്ടെ, നമുക്കു സ്ഥലംമുഴുവനുമൊന്നു പരിശോധിക്കാം.

(രണ്ടുപേരുംകൂടെ ഗൃഹത്തിൽ കൂടിയിട്ടുള്ളവരെ പരിശോധിച്ചുനോക്കുന്നു. ഒന്നുരണ്ടുപേരെ നോക്കി, ഇയ്യാളല്ല, ഇയ്യാളല്ല എന്നു പറഞ്ഞ് അവസാനം ഡിസിൽവായുടെ അരികേ എത്തുന്നു. തൽസമയം ലനെറോം അദ്ദേഹത്തിൻെറ കൈക്കുപിടിച്ചുകൊണ്ടു ഇപ്രകാരം സംഭാഷണമാരംഭിക്കുന്നു)

ലനെ:— താൻ ഒരു പറങ്കിപ്പട്ടിയല്ലേടോ?

ഡിസിൽവാ:— ഞാൻ പറങ്കിയാണെന്നതു വാസ്തവം?

വാൻറീ:— കണ്ടില്ലേ കുരയ്ക്കുന്നതു്; പറങ്കിപ്പട്ടിതന്നേ. പടയാളികളേ, എല്ലാവരേയും അറസ്റ്റുചെയ്യുവിൻ.

ലനെ:— ഇയാളാണ് എന്നെ വഴിക്കു വാക്കുമുട്ടിച്ചതു്. പക്ഷെ, ഈ പറങ്കിപ്പട്ടി ഒരു പാതിരിയായിരിക്കാം.

(വാൻറീ വേറൊരു കൈയിൽ പിടിച്ചുകൊണ്ടു്)

വാൻറീ:— എടോ, താൻ വൈദികനാണോ?

ഡിസിൽവാ:— അല്ല; എൻെറ കുട്ടികളെ കമാൻഡർ കണ്ടിട്ടുള്ളതാണല്ലോ?

വാൻറീ:— നുണപറയല്ലെടാ. (എന്നു പറഞ്ഞ് അടിക്കുന്നു)

പീ:— കഴിഞ്ഞുകൊല്ലം (പട്ടാളക്കാർ, മിണ്ടാതിരിക്കു, എന്നുപറഞ്ഞു് അടിക്കുന്നു) കഴിഞ്ഞുകൊല്ലം നിങ്ങൾക്കു (വീണ്ടും അടിക്കുന്നു)

ഡോൺ:-- സിഞ്ഞോർ, (അടിക്കുന്നു) സിഞ്ഞോർ കഴിഞ്ഞുകൊല്ലം (വീണ്ടും അടിക്കുന്നു) നിങ്ങൾക്കു നാരങ്ങാ കൊടുത്തയച്ച ഡിസിൽവായാണ് ഇതു്.

വാൻറീ:-- ലനെറോൾ, അതു ശരിയാണ്. ഞാൻ അയാളെ കണ്ടിട്ടുണ്ട്. മത്സ്യം വലയിൽ ഇത്തവണയെങ്കിലും കുടുങ്ങുമെന്നാണു വിചാരിച്ചതു്. എന്നാൽ, കാണാൻപോലും സാധിച്ചില്ലല്ലോ. ഏതായാലും ഇവർക്കു് അല്പം പ്രഹാരകഷായം കൊടുക്കുന്നപക്ഷം, പാതിരി എവിടെയെന്നു, പക്ഷേ, ആരെങ്കിലും പറഞ്ഞേക്കും. ഏയ്, പട്ടാളക്കാരേ, നിങ്ങൾ ഇവരിലേററവും ചെറുപ്പക്കാരനായ ഈ പേഡ്റോയെപ്പിടിച്ച ശേഷമുള്ളവരുടെ മുമ്പാകെ നിറുത്തി പാതിരി എവിടെയെന്നു് ആരെങ്കിലും പറയുന്നതുവരെ അടിക്കുവിൻ.

(പേഡ്റോയെ കാണത്തക്കവിധത്തിൽ, എന്നാൽ, പ്രഹാരം കാണുവാൻ പാടില്ലാത്തവിധം നടത്തുന്നതായിരിക്കും ഉത്തമം. പട്ടാളക്കാർ ൨൧ പ്രാവശ്യം അടിക്കുകയും, പേഡ്റോ മൂർച്ഛിച്ചുവീഴുകയും ചെയ്യുന്നു)

വാൻറീ:— ഏയ്, നിറുത്തുവിൻ. അവർ ആ രഹസ്യം പറയുകയില്ല. എല്ലാവരേയും കാരാഗൃഹത്തിലടയ്ക്കുവിൻ.

(പട്ടാളക്കാരും അറസ്റ്റുചെയ്യപ്പെട്ടവരും പോകുന്നു)

ലനെ:— ഇന്നത്തെ പരിശ്രമം നിഷ്ഫലമായിരിക്കുന്നു. എങ്കിലും റോമ്മാക്കാരുടെ ഉണർവ്വിനുള്ള കാരണം മനസ്സിലായല്ലോ.

വാൻറീ:— ആ കൊച്ചിന്റെ മതതീക്ഷ്ണത കണ്ടോ! അവന്റെ ജ്യേഷ്ഠന്മാർ പണ്ടു കത്തോലിക്കാസഭയോടു് എന്തു വെറുപ്പായിരുന്നു. അതിന്റെ ഒരു ഗന്ധംപോലും അവർക്കുണ്ടായിരുന്നില്ല. എങ്കിലും, ഇപ്പോൾ അവർ പ്രാചീനരക്തസാക്ഷികളുടെ ബലംകാണിക്കുന്നുവല്ലോ.

ലനെ:—അതാണു വിസ്മയം. ആ റോമാസഭയിലിപ്പോഴും പ്രാചീനപരിശുദ്ധി സ്ഥിതിചെയ്യുന്നു.

(വാൻറീയും ലനെറോളും ഒരുമിച്ചു്) അതാണു വിസ്മയം.

(കർട്ടൻ)

## രംഗം 5

### സോക്രട്ടോയുടെ ഭവനം

സോക്രട്ടോ:-- (ആത്മഗതം) ഒരു കത്തോലിക്കാവൈദികനെ കാണണമെന്നുള്ള ആഗ്രഹം നിറവേറി. ഏറിയകൊല്ലങ്ങൾക്കുശേഷം, ഇന്നലെ കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടപ്പോൾ എനിക്കുണ്ടായ ആത്മീയാനന്ദം എത്രമാത്രമായിരുന്നു. കാണ്ഡിയിലുള്ള എന്റെ ഭവനത്തിലേക്ക് അദ്ദേഹത്തെ കൊണ്ടുപോകുവാൻ സാധിച്ചെങ്കിൽ ഭാര്യയ്ക്കും കുട്ടികൾക്കും ഇതേഭാഗ്യം കൈവരുമായിരുന്നല്ലോ. "വാദ്വാഡാ" എന്ന ഈ മലംപ്രദേശത്തു താമസിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ മഹനീയോദ്ദേശങ്ങൾ നിറവേറുകയില്ല. കൊളമ്പിലും പട്ട്ളത്തും അദ്ദേഹം വരുത്തിക്കൂട്ടിയ നവചൈതന്യം കാൺമ്പോൾ കാണ്ഡിയിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോകുവാനുള്ള ആഗ്രഹം പ്രവൃദ്ധമാകുന്നു. കൃപാലുവായ കാണ്ഡിരാജാവ് അദ്ദേഹത്തിനു പ്രവേശനാനുമതി നല്കാതിരിക്കുമോ?

(ഫാദർ വാസ്സും ജോണും പ്രവേശിക്കുന്നു)

സോക്രട്ടോ:-- അച്ചാ, രാത്രി നല്ലവണ്ണം ഉറങ്ങിയോ? പട്ട്ളത്തുനിന്ന് ഇവിടംവരെ നടന്നിട്ടു ജോണിനു ക്ഷീണംതോന്നുന്നുണ്ടോ?

ഫാ. വാ:-- നിങ്ങളുടെ ദയ അത്യധികമാണ്. ഞാനും ജോണും നല്ലവണ്ണം ഉറങ്ങി. പ്രത്യേകക്ഷീണമൊന്നും എനിക്കില്ല. ജോൺ കുട്ടിയല്ലേ? അല്പം ക്ഷീണം കാണുമായിരിക്കും. എങ്കിലും, അവനിൽ അത്ഭുതകരമായ ഒരു ശക്തി ഞാൻ കാണുന്നുണ്ട്. നിങ്ങൾ എന്താ ഇത്ര ചിന്താകുലനായിക്കാണപ്പെടുന്നത്?

സോക്രട്ടോ:--വല്ലവണ്ണവും കാണ്ഡിയിൽ എത്തിച്ചേരുന്നതിനെപ്പററി വിചാരിച്ചിരിക്കുകയാണു ഞാൻ.

ജോൺ:-- അതിനെന്താ വിഷമം? ഇന്നലത്തെ നടപ്പു കൊണ്ടു ക്ഷീണിച്ചതൊന്നും കണക്കാക്കേണ്ടാ. ഞാൻ നടക്കാൻ തയ്യാർ.

സോട്ടോ:-- ഒന്നു നടന്നേ, കാണട്ടെ.

ജോൺ:-- പ്രിയ അപ്പാപ്പാ, നോക്കു. (കാലുവലിച്ചു വലിച്ചു നടക്കുന്നു)

സോട്ടോ:-- കണ്ടോ അച്ചാ, ജോൺ നടക്കുന്നതു്. ഝിൽ ഝിൽ എന്നു വാകൊണ്ടു്, കാലുവലിച്ചുംവലിച്ചും. എങ്കിലും അവനു ചൊടിയുണ്ടു്; ത്യാഗശീലവുമുണ്ടു്.

ജോൺ:-- എന്നെപ്പററി ഭയംവേണ്ടാ.

സോട്ടോ:-- അതല്ല, വാസ്തവത്തിൽ എനിക്കുള്ള ഭയം

ഫാ. വാ:--- പിന്നെ എന്താ ഭയം?

സോട്ടോ:-- കാണ്ടിരാജാവിൻെറ അനുവാദംകൂടാതെ നിങ്ങൾ അവിടെ പ്രവേശിക്കുന്നപക്ഷം, അദ്ദേഹം നിങ്ങളെ കാരാഗൃഹത്തിലടയ്ക്കും. അതിനുംപുറമേ, ഒരിക്കൽ മഹാവെലിഗംഗാ അങ്ങോട്ടുകടന്നാൽ പിന്നെ ഇങ്ങോട്ടു കടക്കുവാൻ അദ്ദേഹം അനുവദിക്കുകയുമില്ല. അതു് അങ്ങയുടെ ജോലിക്കു തടസ്സമുണ്ടാക്കുകയില്ലേ?

ഫാ. വാ:---അങ്ങനെയെങ്കിൽ അവിടെയെത്താനെന്താ വഴി? ജാഫ്നായിലേക്കു തിരിച്ചുപോകുകയെന്നതും അത്ര വിവേകപൂർവ്വകമല്ല. ഡോൺ പേഡ്റോയുടേയും കാരാഗൃഹത്തിലടയ്ക്കപ്പെട്ട ശേഷംപേരുടേയും രക്തസാക്ഷിത്വംവഴി കൊളമ്പു്, ജാഫ്നാ മുതലായ പ്രദേശങ്ങളിൽ വിശ്വാസം കുറെനാളെങ്കിലും അക്ഷയമായി നില്ക്കും. എന്തായാലും വേണ്ടതില്ല, കലപ്പയിൽ കൈവച്ചിട്ടു പിന്നോട്ടുനോക്കുക ഉചിതമല്ല. മുമ്പോട്ടു പോകുകതന്നേ.

ജോൺ:-- അച്ചാ, ഒരു പാട്ടുകുർബാനചൊല്ലിയിട്ടു എത്രനാളായി. നാളെ നമുക്കു് ഒന്നു ചൊല്ലുവാൻ പാടില്ലേ?

ഫാ. വാ:-- ആരാ പാടാനുള്ളതു്?

സോട്ടോ:-- അതു നല്ലകാര്യം. എനിക്കു മുക്കിയും മൂളിയും കുറേശ്ശെ പാടുവാൻ അറിയാം. അത്രയും ഞാൻ ഗോവായിൽവച്ചു പഠിച്ചിട്ടുണ്ടു്. എന്റെ വേലക്കാരൻ രത്നസാമി ഒരുനല്ല തമിഴു പാട്ടുകാരനാണു്.

ഫാ. വാ:-- എന്നാൽ അവനെ വിളിക്കൂ. നമുക്കു പാട്ടുപൂജയ്ക്കുവേണ്ട സംഗീതങ്ങൾ അല്പനേരം അഭ്യസിക്കാം.

സോട്ടോ:-- രത്നസാമീ, രത്നസാമീ.

രത്നം:-- (അണിയറയിൽനിന്നു്) എന്ന എസമം?

സോട്ടോ:-- ഇങ്കു വാടാ.

ഫാ. വാ:-- അവൻ വരട്ടെ. നാളെ ഉച്ചതിരിഞ്ഞു നമുക്കു കാണിക്കു പോകണം. അതിനെന്താ വഴി.

സോട്ടോ:-- ഞാൻ രാജകീയാനുവാദത്തിനായി ഒരാളെ അയയ്ക്കാം.

(രത്നസാമി പ്രവേശിക്കുന്നു)

രത്നം:-- എസമാൻ, നീർ എന്നൈ കൂപ്പിട്ടീർകളാ?

സോട്ടോ:— നാളെയ്ക്കു്, ഇങ്കു ഒരു പാടൽപൂജൈ ഇരുക്കും. നീ അതുക്കുവേണ്ടിയ പാട്ടുകളെ പഠിക്കവേണ്ടും. ഇന്ത സ്വാമിയാർകൾ കററു കൊടുപ്പാർ.

ഫാ. വാ:— നീ ഏതാവതൊരു പാട്ടുപാടി നാൻ കേക്കട്ടും.

രത്നം:—

(ശ്രീരാഗം. കലിലോഹരി. ആദിതാളം)

പല്ലവി.

കരുണാകരപ്പതിയേ നിനതുതിരു
സരണം പുയങ്കതിയേ-അരുൾനിതിയേ
കരുണാ......

അനുപല്ലവി.

സൎവ്വാതിസുരർകളർപുതനെ
തരുമനിൻ മലർപ്പതനെ-മരിസുതനെ
കരുണാ......

ഫാ. വാ:— മോശമില്ലെ. നാൻ ഉനക്കു "കിറിയേലൈ സോൻ" സൊല്ലിത്തരുവേൻ.

(പാടിക്കൊടുക്കുന്നു. രത്നസാമി പലപ്രാവശ്യം തമിഴ് രീതിയിൽ ആലാപത്തോടുകൂടെ പാടുന്നു. ജോണും ഒന്നു രണ്ടു പ്രാവശ്യം പാടിക്കൊടുക്കുന്നു. സോട്ടോ പ്രാകൃതരീതിയിൽപ്പാടുന്നു. ഇങ്ങനെ പാട്ടു നടന്നുകൊണ്ടിരിക്കവേ, കാണ്ടിരാജാവിൻെറ പട്ടാളക്കാർ പ്രവേശിക്കുന്നു)

കമാൻഡർ:-നിങ്ങളെ എല്ലാവരേയും അറസ്റ്റു ചെയ്തിരിക്കുന്നു. നിറുത്തെടാ, പട്ടികളേ നിങ്ങളുടെ പാട്ടും കളിയും.

സോട്ടോ:-- കാരണമെന്തെന്നു പറഞ്ഞാലും.

കമാ:-- തനിക്കു കാരണമറിയണമല്ലേടോ. (അടിക്കുന്നു) നിങ്ങൾക്കു പറങ്കിരാജാവിനെകൊണ്ടുവന്ന് ഇനിയും ഇവിടെ സ്ഥാപിക്കണമല്ലേ? തനിക്ക് ഇവിടെ താമസിക്കുവാൻ അനുവാദംതന്നതുതന്നേ കുഴപ്പമായി. നാട്ടിലുള്ള പറങ്കിപ്പട്ടികളെയൊക്കെ ഇങ്ങോട്ടു വലിച്ചുകൊണ്ടുവന്നിരിക്കുന്നു. ഏയ്, പട്ടാളക്കാരേ, ഇവർ മൂന്നുപേരേയും അറസ്റ്റു ചെയ്യുവിൻ.

സോട്ടോ:— (ആത്മഗതം) ഇതെന്തൊരു കഷ്ടം, ദൈവമേ! കാണ്ടിയിൽ കാലുകുത്തിയില്ലല്ലോ; അപ്പോഴേക്കും കൈയിൽ ചങ്ങലയായിരിക്കുന്നു.

ജോൺ:— (മായപ്രപഞ്ചത്തിൽ—ചിന്താമണി)

സാൎവ്വജനീന—ദയാപരാ—ക്രിസ്തുവേ,
സന്താപനാശന—ബന്ധുവേ—പാലയ.

സോട്ടോ:—

ആശയററുള്ളോരീയാശ്രിതരാം ഞങ്ങൾ—
ക്കാശ്രയം നീയെന്ന്യേയാരുമില്ലേത്തുമെ.
സുതരിവരീവിധ—വ്യഥയാലുഴലാൻ

സോട്ടോയും ജോണുംകൂടെ:—

പാതകമെന്തിവർചെയ്തിതുനാഥാ
ആതങ്ക—മാററി—പരിപാലയജവാൽ.

ഫാ. വാ:—

കാഞ്ചനഭാമോഹനം—പിഞ്ചുസുതാതവ
പുഞ്ചിരിപ്പൂനിലാവഞ്ചുമാനനം
ചഞ്ചലമായിന്നെന്തുകാൺമൂ.
ആദിപരാപരൻ—കൃശിതനീശൻ
ആനന്ദം ചേർപ്പാനശക്തനെന്നോ?

ഒരു പട്ടാളക്കാരൻ:— ഉം നടക്കെടാ.

(കർട്ടൻ)

## അങ്കം ൩.

### രംഗം 1

### കാരാഗൃഹമുറി

(ഫാദർ വാസ് കാനോന നമസ്കാരം ചൊല്ലുന്നു; സോട്ടോയും ജോണും സംസാരിച്ചുകൊണ്ടിരിക്കുന്നു)

ജോൺ:— അപ്പാപ്പാ, നമ്മളിവിടെ വന്നിട്ടു ദിവസമെത്രയായി?

സോട്ടോ:— മിനിഞ്ഞാന്നല്ലേ നമ്മൾ കുമ്പസാരിച്ച ത്. അത് എന്റെ രണ്ടാമത്തെ കുമ്പസാരമായിരുന്നു. അങ്ങനെ പതിനഞ്ചും രണ്ടും പതിനേഴ ദിവസം.

ജോൺ:— അപ്പാപ്പാ, എനിക്ക് ഈ ജെയിലിലെ ഭക്ഷണം പിടിക്കുന്നില്ല. ദേഹത്തിലാസകലം ചൊറി. എന്തുചെയ്യും ദൈവമേ!

(ഹീനജന്മമെടുത്തോൻ എ. മ. ചിന്താമണി)

മർത്ത്യജന്മമെടുത്തൊരെൻ പാലകാ
മൃത്യുംജയദേവേശ, ഏശുദേവാ
സാരമൊഴുക്കേറും ലോകസാഗരത്തിൽ
സാഹസികനായ്—മേവിടും ദാസനിൽ
ദീനദയാലോ—ജ്ഞാനസമ്പൂർണ്ണാ
നിൻകൃപാമാരിയാ—ലനുദിനംപാലയാ—മർത്ത്യ........

സോട്ടോ:— അച്ചൻ ബ്രീവിയറി ചൊല്ലുകയാണെന്നു തോന്നുന്നു. ആകയാൽ ഉച്ചത്തിൽ പാടാതിരിക്കൂ.

ജോൺ:— ഞാൻ പാടുന്നേയില്ല. അദ്ദേഹത്തെ ഉപദ്രവിക്കുന്നതു മഹാ പാപമാണ്. പരിശുദ്ധമായ അദ്ദേഹത്തിന്റെ മാതൃകയൊന്നുമാത്രമാണു ദുരിതസമ്പൂർണ്ണമായ ഈ ജീവിതത്തെ തരണംചെയ്യുന്നതിനുള്ള ശക്തി എനിക്കു പ്രദാനം ചെയ്യുന്നത്.

സോട്ടോ:— അദ്ദേഹത്തിന്റെ ജീവിതമാതൃക എന്നേയും ആകർഷിച്ചുകഴിഞ്ഞിരിക്കുന്നു. പരിശുദ്ധ ജീവിതത്തോടുയാതൊരു പ്രതിപത്തിയുമില്ലാതിരുന്ന എനിക്ക് അതിനോടു വാത്സല്യം തോന്നുന്നുണ്ടെങ്കിൽ, അനുനിമിഷം അനുഭവപ്പെടുന്ന അപമാനങ്ങളേയും കഷ്ടപ്പാടുകളേയും ദിവ്യരത്നങ്ങളാക്കിത്തീർക്കുവാൻ ഇപ്പോളെനിക്കു സാധിക്കുന്നുണ്ടെങ്കിൽ, അതിനു കാരണം അദ്ദേഹത്തിന്റെ മാതൃകയും, മാതൃകാസമചിതമായ ഉപദേശങ്ങളുമാണ്. ഹോ! ആരോ ജയിലിലേക്കു വരുന്നു.

ജോൺ:— അതു ജെയിലർ അല്ലെന്നു തോന്നുന്നല്ലോ. അകമ്പടിക്കാർ അനേകം. വേഷം മഹാഭംഭമം. എല്ലാവരും എത്ര വണക്കത്തോടേയാണു നടക്കുന്നതു്?

സോട്ടോ:— അതു കാണ്ഡിയിലെ മഹാരാജാവാണ്. ഞാൻ അദ്ദേഹവുമായി പലപ്രാവശ്യം സംസാരിച്ചിട്ടുണ്ട്. വളരെ നല്ല മനുഷ്യനാണ് അദ്ദേഹം. ജോൺ, അച്ചനോടു കാര്യം പറയൂ.

(മഹാരാജാവും ജയിലറും അകമ്പടിയും പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേററു തൊഴുതാചരിക്കുന്നു )

രാജാവു്:— (ഫാദർ വാസിനോട്ട്) നിങ്ങളെയല്ലേ വാർവ്വോഡായിൽ നിന്നു പിടിച്ച് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

ഫാ. വാ:— അതെ, തിരുമേനീ.

രാജാ:— നിങ്ങൾ എവിടത്തുകാരനാണ്?

ഫാ. വാ:— തിരുമേനീ, ഞാൻ ഗോവാക്കാരനായ ഒരു റോമൻ കത്തോലിക്കാ വൈദികനാണ്. കൊളമ്പ്, ജാഫ്നാ, പട്ട്ളം എന്നീ സ്ഥലങ്ങളിൽ ലന്തക്കാരുടെ നിരന്തരമായ ശല്യം നിമിത്തം വേദപ്രചാരവേല തുടർന്നുകൊണ്ടുപോകുവാൻ വഹിയാതെയാകയാൽ തൽപ്രദേശങ്ങളെ ഉപേക്ഷിച്ച് അങ്ങേ ഭരണസീമയിൽ പ്രവേശിക്കുകയും, വാർവ്വോഡായിൽവച്ച് പോർട്ടുഗീസുകാരനും, അവിടുത്തേക്കു സുപരിചിതനും, ഒരിക്കൽ അവിടുത്തെ സ്നേഹിതനുമായിരുന്ന സിഞ്ഞോർ സോട്ടായെ കണ്ടുമുട്ടുകയുംചെയ്തു. അദ്ദേഹത്തിൻെറകൂടെ താമസിക്കവേയാണ്, തിരുമേനിയുടെ പടയാളികൾ ഞങ്ങളേവരേയും അറസ്ററു ചെയ്തതും ഈ കാരാഗൃഹത്തിലടച്ചതും.

സോട്ടോ:— കരുണാനിധിയായ മഹാരാജാവേ, അടിയൻ പലപ്രാവശ്യവും തിരുമനസ്സറിയിച്ചിട്ടുള്ളതുപോലെ, ഒരു വൈദികനെ കാണണമെന്നുള്ള ആഗ്രഹത്താൽ വെന്തുരു

കുമ്പോഴാണ്, അതി പരിശുദ്ധനും നിർമ്മലനുമായ ഈ വൈദികവര്യനെ കണ്ടുമുട്ടിയത്. കാണ്ഡിയിലുള്ള അടിയൻെറ ഭവനത്തിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരുവാൻ തിരുമനസ്സിലെ അനുമതിക്കായി ദൂതനെ അയച്ചുകൊണ്ടു വാർവ്വോഡായിൽ താമസിക്കുമ്പോഴാണു തിരുമേനിയുടെ പടയാളികൾ ഞങ്ങളെല്ലാവരേയും ഇങ്ങോട്ടു പിടിച്ചുകൊണ്ടു പോന്നത്. അദ്ദേഹമാകട്ടെ, അദ്ദേഹത്തിൻെറ ശുശ്രൂഷകനായ ഈ ബാലനാകട്ടെ, പോർത്തുഗീസു ഗവർമ്മെൻറിൻെറ ചാരന്മാരല്ല. ലന്തക്കാരായ പ്രോട്ടസ്റ്റൻറുകാരുടെ കുതന്ത്രങ്ങളിൽനിന്നു കത്തോലിക്കരെ രക്ഷിക്കുന്നതിന്, ധനികോചിതമായ സുഖസൌകര്യങ്ങളെ പരിത്യജിച്ചും, ഭിക്ഷുവേഷ്ടാലെ ഉടുത്തും കുടിച്ചും, ഭക്ഷണത്തിനുവേണ്ടി ഇരന്നും മനോഹരമെങ്കിലും നിമ്നോന്നതമായ ഈ ദ്വീപത്തിൻെറ ഒരററംമുതൽ മറേറ അററംവരെ പലപ്രാവശ്യം പ്രയാണം ചെയ്തിട്ടുണ്ടെങ്കിൽ, അതു ഞങ്ങൾ രക്ഷകനെന്നു വിശ്വസിക്കുന്ന മിശിഹായോടുള്ള സ്നേഹത്താൽ പ്രേരിതനായിട്ടുമാത്രമാണ്.

രാജാ: — (ആത്മഗതം) സിഞ്ഞോർ സോട്ടാ നമ്മുടെ ഒരു വിശ്വസ്ത സ്നേഹിതനായിരുന്നല്ലോ. അദ്ദേഹം നമ്മെ വഞ്ചിക്കുമെന്നു ഭയപ്പെടാനില്ല. ഈ സാധുവിനെ കണ്ടിട്ട് ഒരു ചാരനാണെന്നു തോന്നുന്നുമില്ല. അഥവാ, ഇദ്ദേഹം ചാരനാണെങ്കിൽത്തന്നെ പറങ്കികളെ എന്തിന് ഇത്ര ഭയപ്പെടുന്നു? പക്ഷേ, ലന്തക്കാർ നമ്മെ എതിർക്കുന്നപക്ഷം, നമുക്ക് അപമാനകരമാണെങ്കിലും, ഇവർ വഴിയായി പറങ്കികളുടെ സഹായം ലഭിക്കാമല്ലോ. (പ്രകാശം) സിഞ്ഞോർ സോട്ടോ, നാം നിങ്ങളെ വിശ്വസിക്കുന്നു. പട്ടാളക്കാരേ, ഇയ്യാളെ സ്വതന്ത്രനാക്കുവിൻ. (പട്ടാളക്കാർ വാതിൽ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു)

സോട്ടോ:— ഇവരേയും വിട്ടയയ്ക്കുക. ഇവർവഴി യാതൊരു ഉപദ്രവവും ഉണ്ടാകുകയില്ലെന്നു തിരുമനസ്സിലേക്കു ഞാൻ ഉറപ്പു നല്കുന്നു.

രാജാ:-- തൽകാലം അദ്ദേഹത്തെ വിടുന്നതിനു നമുക്കു് ഉറപ്പു വരുന്നില്ല. കണ്ടിട്ടു് ഒരു നല്ല മര്യാദക്കാരനാണെന്നു് എനിക്കു തോന്നുന്നുണ്ടു്. തന്നിമിത്തം അദ്ദേഹത്തിനും ശുശ്രൂഷകനും കൂടുതൽ സ്വാതന്ത്ര്യവും ഒന്നാംക്ലാസ്സ് ഭക്ഷണവുമനുവദിക്കുന്നു. കേട്ടോ ജയിലർ.

ജയിലർ:-- ഉത്തരവു്.

സോക്രട്ടോ:— പൊന്നുതിരുമേനീ, അവിടുത്തെ കൃപാതിരേകത്തിനു ഞാൻ അതീവ കൃതജ്ഞനാണു്: അവിടുത്തെ ദയാപരമായ ദൃഷ്ടികൾ ഈ ദാസന്മാരിലും പതിക്കേണമേ.

രാജാ:— അക്കാര്യം തൽകാലം നിർബന്ധിക്കേണ്ടാ. നമുക്കു പോകാം.

(മഹാരാജാവും അകമ്പടിയും പോകുന്നു)

മഹാ. റാ:— സിഞ്ഞോർ സോട്ടോ, കരയാതെ. ഈവിധങ്ങളായ കഷ്ടപ്പാടുകൾ ഞങ്ങൾ സഹിക്കേണ്ടവരാണു്. (അനുഗ്രഹിക്കുന്നു)

ജോൺ: — അപ്പാപ്പാ, മഹാരാജാവു് എത്രയോ നല്ല മനുഷ്യൻ. സാധുക്കളായ നമ്മെ നേരിട്ടു കാണുവാൻ അവിടുത്തേക്കു് എങ്ങനെ തിരുവുള്ളമുണ്ടായി. ഞങ്ങളേയും അധികം താമസിയാതെ വിട്ടയയ്ക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. ഛേ, കുട്ടികളെപ്പോലെ കരയല്ലേ അപ്പാപ്പാ.

സോട്ടോ:— മകനേ, നിൻെറ ധൈര്യം ചില്ലറയല്ല. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. (ആശ്ലേഷിക്കുന്നു)

(കർട്ടൻ)

## രംഗം 2

### മഹാരാജാവിൻെറ കൊട്ടാരം

രാജാ:— (ശിപായിയോട്ട്) നിന്നോട്ട് ഒരു പട്ടപണിക്കാരനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞിട്ടെന്തായെടാ? നീ ഒരുത്തനെ സൃഷ്ടിക്കുവാൻ പോകയാണോ?

ശിപായി:— പൊന്നുതമ്പുരാനേ, തിരുവുള്ളക്കേടുണ്ടാകല്ലേ. പട്ടപണിക്കാരൻ താമസിയാതെ വരും. നല്ല ഒരു പട്ടപണിതീർത്തുകഴിയുന്നതുവരെ നില്ക്കേണ്ടിവന്നു. ഇതാ വരുന്നുണ്ടു തിരുമേനി.

പട്ടപണിക്കാരൻ:— (തൊഴുതശേഷം) പൊന്നുതമ്പുരാനേ, അവിടുത്തേക്കുവേണ്ടിയുണ്ടാക്കിയ പട്ടാണിത്. സ്വർണ്ണക്കസവും മററും പ്രത്യേകം എഴുതിവരുത്തിയത്.

രാജാ:— (വിടർത്തിനോക്കിക്കൊണ്ട്) നന്നായിരിക്കുന്നു. എന്തുവേണമെടോ?

പട്ട:— (മഹാരാജാവിൻെറ കാൽക്കൽവീണ്) ജയിലിൽ കിടക്കുന്ന ഫാദർ വാചിനെക്കണ്ട് കുമ്പസാരം കഴിക്കുവാൻ അനുമതിനല്കിയാൽ മതി.

രാജാ:— എന്തു്? ഒരുമിച്ചു ചാരായം കഴിക്കുവാൻ!

പട്ട:— അല്ല, പൊന്നുതിരുമേനി. കുമ്പസാരം കഴിക്കുവാൻ. അതു് ഒരു മതചടങ്ങുമാത്രമാണു്.

രാജാ:— (ആത്മഗതം) ഇയാളുടെ മതവിശ്വാസം അതിതീക്ഷ്ണമായിരിക്കുന്നല്ലോ? നാം എന്തിന് ആ പണ്ടാരപ്പാവത്തെ ജയിലിൽ വച്ചുകൊണ്ടിരിക്കുന്നു. (പ്രകാശം) എടോ, താൻ പറയുന്നതുപോലെയാകട്ടെ. ഇതു (പണസഞ്ചിയിൽനിന്നു കുറെ രൂപാ എടുത്തുകൊണ്ട്) സമ്മാനവുമായിരിക്കട്ടെ. (പട്ടപണിക്കാരൻ പോകുന്നു)

രാജാ:— ശിപായി, മന്ത്രിയെ വിളിക്കൂ. (ആത്മഗതം) കുറച്ചുനാൾകൂടെ ആ പാവത്തെ കാരാഗൃഹത്തിൽ സൂക്ഷിക്കാം; നമ്മുടെ പ്രജകൾക്കൊക്കെ അദ്ദേഹത്തെക്കാൺവാൻ പരസ്യമായി അനുമതിയും നല്കാം. അതുകൊണ്ടു വല്ല ദോഷഫലങ്ങളും ഉൽഭൂതമാകുമോ എന്നു കാണട്ടെ. (പ്രകാശം) ആതാ മന്ത്രി വന്നുകഴിഞ്ഞല്ലോ. മന്ത്രീ, ഇരിക്കൂ. നാം നിങ്ങളെ വിളിച്ചതു കാരാഗൃഹത്തിൽ കിടക്കുന്ന ഫാദർ വാസിനെപ്പററി ആലോചിക്കുവാനാണ്.

(ജയ പണ്ടാരം മട്ട്. ഹി. തോടി)

പല്ലവി

ഗുരുസിദ്ധാൎത്ഥ പാദഭക്തവീരനാം ഞാൻ
മർത്ത്യർകൊണ്ടാടും—വിമലധർമ്മൻ

അനുപല്ലവി.

ധരണിയിൽ—പുകഴ് പെററ-കാണ്ടിദേശ രാജനാം
ഞാൻ-സിദ്ധാ.....

ചരണം

സന്താപഭാരംനീക്കി
സന്തോഷദാനംചേർത്തു
ചിന്താസ്വാതന്ത്ര്യവുമേകി
പലവിധ ഗുണഗണ-മിടവിടാതവനിയിൽ
അനുദിന—മനവധി—ചേർത്തുവിളങ്ങുമീ സിദ്ധാൎത്ഥ.....

മന്ത്രി:—

(മുരഹരി കേശവാ എന്ന മട്ട്)

അസുരപരാക്രമാ—അമരസമാ—നാ—അമര.....
അമരസമാനാ—വിമലഭൂപാല
കരുണാനിദാനമേ, അരുണസന്നിഭാ
കരണീയമോതുക സചിവനോട്.

രാജാ:— മന്ത്രീ, കേൾക്കൂ. വിവിധസഹായങ്ങൾ നമുക്കു പ്രദാനം ചെയ്തിട്ടുള്ള സിഞ്ഞോർ സോട്ടോയെപ്രതി നാം അദ്ദേഹത്തേയും അദ്ദേഹത്തിൻെറ സ്നേഹിതനായ ഫാദർ വാസിനേയും ജയിലിൽപ്പോയി സന്ദർശിക്കുകയുണ്ടായി. സോട്ടോയെ തൽക്ഷണം നാം ജയിലിൽനിന്നു വിമുക്തനാക്കി. ഫാദർ വാസിൻെറ കാര്യം ഗൗനിക്കാമെന്നു നാം അദ്ദേഹത്തിനു വാക്കു നല്കുകയും ചെയ്തു. അന്നുമുതൽ അദ്ദേഹത്തേയും സ്വതന്ത്രനാക്കേണ്ടതാണെന്നുള്ള അഭിപ്രായം അനുദിനം നമ്മിൽ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു.

മന്ത്രി:— കണ്ടിട്ട് അദ്ദേഹം ചാരനാണെന്നു തോന്നുന്നുണ്ടോ?

രാജാ:— ചാരനാണെന്നു തോന്നുന്നില്ല. മഹാ സൗമ്യശീലൻ.

മന്ത്രി:— അത്രപെട്ടെന്ന് ആ ജാതികളെ വിശ്വസിക്കാമോ?

രാജാ:— അദ്ദേഹത്തെ വിശ്വസിക്കാമെന്നു തോന്നുന്നു

മന്ത്രി:— എന്താസ്പദമാക്കിയാണാവോ തിരുമേനി അങ്ങനെ പറയുന്നതു്?

രാജാ:— സിഞ്ഞോർ സോട്ടോയുടെ അഭ്യർത്ഥനയനുസരിച്ച് ആവശ്യമുള്ളവർക്കെല്ലാം അദ്ദേഹത്തെ കാണുന്നതിന് അനുമതിനല്കിക്കൊണ്ടു് ഒരു രഹസ്യകല്പന ജയിലർക്കു നാം അയച്ചിരുന്നു. എന്നാൽ പ്രസ്തുത സ്വാതന്ത്ര്യത്തെ അദ്ദേഹം ഒരുവിധത്തിലും ദുരുപയോഗിച്ചിട്ടില്ലെന്നു ജയിലർ സാക്ഷ്യം വഹിക്കുന്നുണ്ടു്.

മന്ത്രി:— എന്തുകുററത്തിനാണ് അദ്ദേഹത്തെ അറസ്ററുചെയ്തതെന്ന് അടിയൻ അറിഞ്ഞില്ലല്ലോ?

രാജാ:— എന്തുകുററത്തിനാണെന്നു തൽകാലം നാം അനുസ്മരിക്കുന്നില്ല. ശിപായി നമ്മുടെ നാളാഗമക്കുറിപ്പ് എടുത്തുകൊണ്ടുവരട്ടെ.

(ശിപായി പോകുന്നു)

മന്ത്രി:— അടിയന് ഒരു കൗശലം തോന്നുന്നുണ്ട്. അദ്ദേഹത്തെ പാട്ടിലാക്കി, പറങ്കികളുടെ സഹായം ലഭിക്കുന്ന പക്ഷം, ലന്തക്കാരുടെ ആക്രമണത്തെപ്പററി ഭയപ്പെടേണ്ടിവരുകയില്ല.

രാജാ:— ഞാനും അങ്ങനെ വിചാരിച്ചുവെങ്കിലും, നമ്മുടെ അച്ഛനോടു പോരാടിയ കള്ളപ്പട്ടികളെ സഹായത്തിനു വിളിക്കുകയോ?

മന്ത്രി:— അവർ ലന്തക്കാരെക്കാൾ ഭേദമല്ലേ. അതാ ഡയറി വന്നിരിക്കുന്നു.

(ശിപായി ഡയറി മേശപ്പുറത്തുവയ്ക്കുന്നു)

രാജാ:— (ഡയറി തുറന്നുകൊണ്ട് ഇപ്രകാരം വായിക്കുന്നു)

"കുംഭമാസം ൮ാം തിയതി."

"വാർപ്പോഡായിൽ സിഞ്ഞോർ നേരുട്ടോയോടുകൂടെ താമസിക്കുന്ന ഫാദർ വാസ് പറങ്കികളാൽ പ്രേരിതനായ ചാരനാണെന്നു ലനെറോൾ അറിയിക്കുകനിമിത്തം അയാളെ അറസ്ററുചെയ്‌വാൻ ഇന്നു പട്ടാളക്കാരെ അയച്ചിരിക്കുന്നു."

മന്ത്രി:— ലനെറോൾ ഇക്കാര്യത്തിൽ ഇത്ര ഉൽക്കണ്ഠ പ്രദർശിപ്പിക്കുവാൻ കാരണമെന്താണാവോ. അയാൾ ലന്തക്കാരുടെ ചരട്ടുവലികളെപ്പററി ഒരിക്കലും ഒരക്ഷരംപോലും ഉരിയാടാറില്ലല്ലോ.

രാജാ:— നമ്മോടുള്ള സ്നേഹാതിരേകംകൊണ്ടെന്നാണു നാം വിശ്വസിക്കുന്നതു്.

മന്ത്രി:— പക്ഷേ, അയാൾ തിരുമേനിയെ സ്നേഹിക്കുന്നുണ്ടായിരിക്കാം. എന്നാൽ പ്രോട്ടസ്ററൻറുകാരനായ അയാൾ കത്തോലിക്കാവൈദികന്മാരോടുള്ള വിരോധംകൊണ്ടു് അങ്ങനെ ചെയ്തതല്ലേയെന്നു് അടിയൻ സന്ദേഹിക്കുന്നു.

രാജാ:— മന്ത്രിയുടെ സന്ദേഹം യഥാൎത്ഥമാണെന്നു നമുക്കും തോന്നുന്നുണ്ട്. അദ്ദേഹത്തെ അറസ്ററു ചെയ്യിക്കുവാനുള്ള ലനെറോളിന്റെ വെപ്രാളം കുറെ കലശലായിരുന്നു.

മന്ത്രി:— ലനെറോൾ വലിയ ജാലക്കാരനാണ്; സോട്ടോ വളരെ സാധുവുമാണ്.

രാജാ:— ലനെറോളിനെപ്പററി നമുക്ക് അല്പസന്ദേഹങ്ങൾ പണ്ടേ ഉണ്ടായിരുന്നു. ഈ സംഭവം അതിനെ സ്ഥിരപ്പെടുത്തുകയാണു ചെയ്യുന്നത്. മന്ത്രീ, ഫാദർ വാസിനെ ജയിലിൽനിന്നു വിമോചിക്കുവാനുള്ള കല്പന ഉടനെ എഴുതുക.

മന്ത്രി:— ഉത്തരവ് (പോകുന്നു)

രാജാ:— (ആത്മഗതം) ലനെറോൾ നമ്മെ വീണ്ടും ചതിച്ചിരിക്കുന്നു. ആയുസ്സുള്ളിടത്തോളം അയാളെ നാം വിശ്വസിക്കുന്നതല്ല.

(കർട്ടൻ)

---

രംഗം 3

കൊട്ടാരം (തുടർച്ച)

രാജാ:— (ആത്മഗതം)

(വരവേണം മയിൽവാഹനാ എന്ന മട്ട്)

പല്ലവി.

വരമേകാൻ കനിഞ്ഞീടേണം
കാരുണിക ദേവസിദ്ധാൎത്ഥാ. വരമേ.....

അനുപല്ലവി.

മികച്ചനരധരസുഖമതിട്ടരെ
ത്യജിച്ചു സുരവരപദമണിധീരാ. വരമേ.....

ചരണം.

നിരന്തരമുടയവൻ—പാദപത്മംതൊഴും
സുതരാം ജനതയിൽ—നിതരാം കനിയേണെ.
ധരണിയിലില്ലസൗഖ്യം-ദീനജനാധാരാ-
മികച്ച......... വരമേ.....

മഴ ഇതുവരേയും പെയ്തില്ലല്ലൊ. ബുദ്ധൻെറ പ്രതിമയുടെ മുമ്പാകെ, വെള്ളപ്പൂക്കളും മഞ്ഞപ്പൂക്കളും വിതറുവാൻ തുടങ്ങിയിട്ട് ഇന്നേക്കു പതിനഞ്ചായി ദിവസം. ഹിന്തുക്കളോടു പൂജാബലികൾ അർപ്പിക്കുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നല്ലോ. എന്നിട്ടും ഫലം നഹി. ഫാദർ വാസിനോട് ഒന്നു പറഞ്ഞുനോക്കാം.

(ശിപായി പ്രവേശിച്ചുകൊണ്ടു ഒരു കാർഡു കൊടുക്കുന്നു. കാർഡു നോക്കിയശേഷം) വന്നല്ലോ, ആ ശവം വീണ്ടും. ഫാദർ വാസിനെപ്പററി ഏഷണിപറയുന്നതിനായിരിക്കാം. ഏതായാലും അയാളോടു വരാൻ പറയു.

ലനെ:— (ആചരിച്ചശേഷം) അത്യുന്നതമഹാരാജാവേ, അവിടുത്തെ ഒന്നുകൂടെ കാണുന്നതിനു അനുമതിനല്കിയതു വലുതായ ഒരു അനുഗ്രഹമാണ്. അവിടുന്നു നീണാൾ വാഴട്ടെ.

രാജാ:— നിങ്ങളെന്താണിപ്പോൾ ഇങ്ങോട്ടു പുറപ്പെട്ടതു്?

ലനെ:— അങ്ങേ ശ്രേയസ്സിനെ അത്യധികം കാംക്ഷിക്കുന്ന ഒരുത്തനാണ് അടിയൻ. തന്മൂലം, പറങ്കികളുടെ ചില ചാരന്മാർ രാജ്യമാസകലം ചുററിനടന്നു ജനങ്ങളെ പോർട്ടുഗീസുപക്ഷത്തിലേക്ക് ആകർഷിക്കുന്ന കാര്യം അടിയനെ അത്യന്തം വേദനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആ കാര്യത്തെപ്പററി തിരുമനസ്സറിയിക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു തോന്നുകയാലാണ് അടിയൻ വന്നിട്ടുള്ളതു്.

രാജാ:-- ഫാദർ വാസ്സും ശുശ്രൂഷകനമായിരിക്കമല്ലേ താൻ ചാരന്മാരെന്നു പറയുന്നവർ. അദ്ദേഹം പ്രൊട്ടസ്റ്റൻറുകാരെയൊക്കെ സ്വന്തവലയിലാക്കുന്നതു് നിങ്ങൾക്കു കാണുവാൻ അസഹ്യമായിരിക്കാം.

ലനെ:-- (ആത്മഗതം) മഹാരാജാവു സകല രഹസ്യങ്ങളും മനസ്സിലാക്കിയിരിക്കുന്നുവല്ലോ. (പ്രകാശം) അല്ലേ അല്ല. കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെടുത്തുന്നുവെന്നു പേരു; അദ്ദേഹത്തിൻെറ പ്രധാനോദ്ദേശം പൊർട്ടുഗീസു ഗവർമെൻറിൻെറ പക്ഷത്തിലേക്കു കാണ്ടിയിലേ ജനങ്ങളെ വശീകരിക്കുകയെന്നതാണു്.

രാജാ:-- ഏയ് പ്രൊട്ടസ്റ്റൻറുകാരാ, തൻെറ പിത്തലാട്ടം ഇത്തവണ നമ്മുടെ അടുക്കൽ ഫലിക്കുകയില്ല. മഞ്ഞപ്പനി പിടിച്ചു തുള്ളിച്ചാടുന്നവർക്കുവേണ്ടി ഭിക്ഷാടനം ചെയ്തു സഹായം നല്കുന്നതും, അവരെ ശുശ്രൂഷിക്കുന്നതും, അഹോരാത്രം മതപ്രസംഗം ചെയ്യുന്നതും, കഠിനതപസ്സുവഴി ശരീരത്തെ സംയമിക്കുന്നതും ചാരന്മാരുടെ പണിയാണോ? നന്മകണ്ടാൽ അതു സമ്മതിക്കുവാൻപോലും തനിക്കു കണ്ണില്ലല്ലോ! ആകയാൽ,ഫാദർ വാസിൻെറ കാര്യം പറഞ്ഞു താൻ ഇങ്ങോട്ടു കടക്കേണ്ടാ. നിർബാധമായി അദ്ദേഹം തൻെറ വേല തുടർന്നുകൊണ്ടു പോയ്ക്കൊള്ളട്ടെ എന്നാണു നമ്മുടെ നിശ്ചയം. നമ്മുടെ രാജകീയസഹായംപോലും അദ്ദേഹത്തിനുണ്ടായിരിക്കും.

ലനെ:— (ആത്മഗതം) ഇനി ഇവിടെ നിന്നിട്ടു ഫലമില്ല. ഞാൻ പോയി കോപിഷ്ഠരായിരിക്കുന്ന ബുദ്ധസന്യാസികളെ ഇപ്പോൾത്തന്നേ ഇദ്ദേഹത്തിൻെറ പക്കൽ അയച്ചുകളയാം. (പ്രകാശം) തിരുമേനീ, അടിയൻ എൻെറ ചുമതലയെന്നു തോന്നിയതു് ഇതാ നിർവ്വഹിച്ചിരിക്കുന്നു. തിരുവുള്ളക്കേടുണ്ടാകാതിരുന്നാൽമതി. (അചരിച്ചു കടന്നുപോകുന്നു)

രാജാ:— (ആത്മഗതം) ആ കുസൃതിക്കാരൻ ഇനി എന്താണാവോ പറഞ്ഞുകൊണ്ടുവരുവാൻ പോകുന്നതു്? ഏതായാലും

അയാളുടെ കള്ളത്തരം ഡയറിയിൽ കുറിച്ചിട്ടുകളയാം. (എഴുതിക്കൊണ്ടിരിക്കവേ) ശിപായീ, താൻ ഫാദർ വാസിനെ വിളിക്കുവാൻ ഒരാളെ അയക്കൂ. (ശിപായി പോകുന്നു) ഫാദർ വാസിനെ കാണുന്ന ഓരോ പ്രാവശ്യവും അദ്ദേഹത്തോട് ആന്തരികമായ ഒരു സ്നേഹവും മതിപ്പും നമുക്കു തോന്നുന്നുണ്ട്. കള്ളന്മാരായ ഈ ബുദ്ധസന്യാസികൾ നമ്മളുടെ നേരേ ആയുധമെടുക്കുമെന്നു ഭയപ്പെടാനില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തേയും അദ്ദേഹത്തിൻെറ പുതിയ സഹപ്രവർത്തകന്മാരേയും സഹായിക്കാമായിരുന്നു. അതാ, മന്ത്രിയാണല്ലോ, ആ വരുന്നത്. നന്നായി. (മന്ത്രി പ്രവേശിക്കുന്നു)

രാജാ:— മന്ത്രീ, ഇരിക്കൂ. വന്നസമയം വളരെ നന്നായി. ആ ലനെറോൾ ഫാദർ വാസിനേയും അനുചരന്മാരേയും നാടുകടത്തണമെന്നു പറഞ്ഞ് ഇപ്പോൾ ഇറങ്ങിപ്പോയതേയുള്ളൂ. ഞാൻ അവനെ ആട്ടിപ്പായിച്ചില്ലെന്നുമാത്രം.

മന്ത്രി:— അവൻെറ പിത്തലാട്ടത്തിന്, അയാളെ 'ഫൂ' എന്ന് ആട്ടുകതന്നെയാണ വേണ്ടത്.

രാജാ:— മഴ ഇനിയും പെയ്തില്ലല്ലോ. ഗൗതമൻെറ തൃപ്പാദങ്ങളിൽ പൂക്കളിടാൻ തുടങ്ങിയിട്ട് എത്ര നാളായി; ഹിന്തുക്കളുടെ അമ്പലങ്ങളിലും പ്രാർത്ഥനയാരംഭിച്ചിട്ട ദിവസങ്ങൾ പലതു കഴിഞ്ഞുവല്ലോ. ഞാൻ കടശിക്കൈയായി ഫാദർ വാസിനെ പ്രാത്ഥിക്കുവാനായി ക്ഷണിച്ചിട്ടുണ്ട്.

മന്ത്രി:— ഞാൻ അദ്ദേഹത്തിൻെറ ദൈവഭക്തിയേയും അത്ഭുതപ്രവൃത്തികളേയും പററി പലതും കേൾക്കുകയുണ്ടായിട്ടുണ്ട്. പല. രോഗികളേയും അതൊട്ടു സുഖപ്പെടുത്തിയിട്ടുണ്ടത്രേ.

ശിപായി:— (പ്രവേശിച്ച് ആചരിച്ചുകൊണ്ട്) കുറെ സന്യാസികൾ തിരുമേനിയെ കാണുവാനായി പുറത്തു വന്നിരിക്കുന്നു.

രാജാ:— വരാൻ പറയൂ. തൽകാലം മന്ത്രി പോകൂ.

(മൂന്നു സന്ന്യാസികൾ പ്രവേശിച്ച് ആചാരം ചെയ്യുന്നു)

രാജാ:-- എന്താ സന്ന്യാസികൾ പുറപ്പെട്ടതു്? നിങ്ങളുടെ പ്രാൎത്ഥനകൾകൊണ്ടൊന്നും ഇതുവരെ മഴയുണ്ടായില്ലല്ലോ!

ഒന്നാമൻ:-- എങ്ങനെ മഴപെയ്യും?

രണ്ടാമൻ:-- തിരുമേനി അങ്ങനെ പറയും!

മൂന്നാമൻ:— (അതേസമയം) മഴയോ? കള്ളപ്പിശാചങ്ങളെ നാട്ടിൽ കയററിയാൽ മഴയോ? ആ പറങ്കിയച്ചനെ നാട്ടിൽനിന്നോടിച്ചാൽ മഴപെയ്യും. അയാൾ സകലരേയും വഴിതെററിക്കുന്നു.

രാജാ:— നിങ്ങൾ ഫാദർ വാസ് എന്ന പറങ്കിയച്ചനെപ്പററിയാണോ സംസാരിക്കുന്നതു്?

എല്ലാവരുംകൂടെ:— അതേ, ആ കള്ളപ്പിശാചനെപ്പററി.

രാജാ:--നല്ലതു ചെയ്തും നല്ലവഴി കാണിച്ചുകൊടുത്തും ജനപ്രീതനായ ആ മഹാവന്ദ്യൻ, മഞ്ഞപ്പനി പിടിച്ചിരിക്കുന്നവർക്കുവേണ്ടി ഭിക്ഷാടനംചെയ്തു ഭക്ഷണംവാങ്ങിക്കൊടുക്കുന്ന ആ മനുഷ്യരത്നം, മസൂരിരോഗികളേയും മലമ്പനിക്കാരേയും ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന ആ വീരപുരുഷൻ, മാതൃകാപരമായ ജീവിതം നയിച്ച പാപപങ്കിലമായ ഈ രാജ്യത്തിൽ ഭാസുരതാരമായി വിലസുന്ന ആ പരിശുദ്ധൻ: ഹാ! അദ്ദേഹത്തിൻെറ പാദപാതംകൊണ്ട് ഈ ഭൂമി മലീമസമായെന്നോ?

(സന്ന്യാസികൾ ഉൽകണ്ഠയോടേ മിഴിച്ചുനോക്കി നില്ക്കുന്നു. മഹാവന്ദ്യൻ മുതലായ വാക്കുകൾ കേൾക്കുമ്പോൾ, ഞെട്ടുകയും ഇടയ്ക്കിടയ്ക്ക് ആ വാക്കുകൾ ആവൎത്തിച്ച്, ആത്മഗതം ചെയ്യുകയും ചെയ്യുന്നു)

ഒന്നാമൻ:-- പൊന്നുതിരുമേനി, അദ്ദേഹം ഏതുതരക്കാരനായാലും അദ്ദേഹത്തിൻെറ സാന്നിധ്യം നമ്മുടെ ഗുരുവായ ശക്യമുനിക്കുപ്രീതികരമല്ല.

രണ്ടാമൻ:— ബുദ്ധമതത്തിന്റെ ശത്രുക്കൾ ശാക്യമുനിയുടെ ശത്രുക്കളാണ്.

മൂന്നാമൻ:— ബുദ്ധമതക്കാരെ വഴിതെററിക്കുന്നവർ ഗർഹണീയരാണ്.

രാജാ:— നിങ്ങളുടെ വാദം അർത്ഥശൂന്യമാണ്. ധർമ്മത്തെമാത്രം കാംക്ഷിക്കുന്ന ശാക്യമുനി ധർമ്മനിരതനായ ആ മഹാപുരുഷന്റെ സാന്നിദ്ധ്യത്തിൽ എന്തിന് അപ്രീതനാകുന്നു. മഞ്ഞപ്പനിക്കാരെ പരിചരിക്കുന്നതുകൊണ്ടു മുനി കോപിക്കുന്നത് എന്തിന്? ബുദ്ധമതക്കാർ അദ്ദേഹത്തിന്റെ വേദം ആശ്ലേഷിക്കുന്നുണ്ടെങ്കിൽ, അതു നിങ്ങൾ നിങ്ങളുടെ മതാനുസാരം ജീവിക്കാത്തതുകൊണ്ടാണ്. നിങ്ങളും പോയി രോഗികളെ ശുശ്രൂഷിക്കുകയും സാധുക്കളെ സംരക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ ഭരണപരിധിയിൽനിന്ന് ആരും ഓടിയൊളിക്കുകയില്ല.

(സന്യാസികൾ എല്ലാവരുംകൂടെ) പൊന്നങ്ങുന്നേ, അങ്ങനെ പറയല്ലേ.

രാജാ:— മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനായി നാം അദ്ദേഹത്തിന് ആളയച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹം ഇപ്പോൾ ഇവിടെ വന്നുകാണണം. കാണണമല്ലോ! അദ്ദേഹം മഴ വരുത്തുമോ ഇല്ലയോ എന്ന്! മഴ പെയ്യുന്നപക്ഷം നിങ്ങൾ ഈവിധമുള്ള ആക്ഷേപങ്ങൾ ജല്പിച്ചുകൊണ്ട് ഈ ഗോപുരത്തിനകം പ്രവേശിക്കുകയില്ലെന്നു വിശ്വസിക്കട്ടെയോ?

ഒന്നാമൻ:— (ആത്മഗതം) കാണട്ടെ.

രണ്ടാമൻ:— (അടുത്തസന്യാസിയോട്) മഹാരാജാവിന് അദ്ദേഹത്തോടുള്ള സ്നേഹം കണ്ടുവോ?

മൂന്നാമൻ:— എന്താ തിരുമേനിയും ക്രിസ്ത്യാനി ആയോ? എന്നാൽ, രാജ്യത്ത് ഇനി നില്ക്കാമെന്നു വിചാരി..... (ഒരു സന്യാസി അയാളുടെ വായ് പൊത്തുന്നു)

രാജാ:— ഏയ് അധികപ്രസംഗികളേ, പോകുവിൻ എല്ലാവരും പുറത്ത്.

(സന്ന്യാസികൾ പോകുവാൻ ഭാവിക്കുന്നു. തൽസമയം ശിപായി തൊഴുതുകൊണ്ട് ഇപ്പ്രകാരം പറയുന്നു)

ശിപായി:— ഫാദർ വാസ്സ വന്നിരിക്കുന്നു.

രാജാ:—– ഇങ്ങോട്ടു വരാൻപറയൂ. സന്ന്യാസികളേ, വരുവിൻ, വരുവിൻ. നിങ്ങൾ അദ്ദേഹത്തിൻെറ പ്രാൎത്ഥനയുടെ ഫലം കണ്ടിട്ടുപോകുവിൻ.

(ഫാ. വാസ് തൊഴുതാചരിക്കുന്നു)

രാജാ:—–

(ഭണ്ഡാരകാ അയഡിന–സിംഗളി, അഥവാ, ശ്രീ ശിവഷൺമുഖ–മട്ടു്)

പ. മാനവവംശശിഖാമണേ
വാനവനേതൃവിൻ പ്രേഷിതാ
ഭാനുവിന്നുഗ്രപ്രതാപത്താൽ
പാനമില്ലാതെ വലഞ്ഞിവർ–മാന.....

വ. ശിക്ഷാധീനരായിമേവിടും
ഇക്ഷിതിവാസികൾക്കായങ്ങു
രക്ഷകനേതൃവോടൎത്ഥിക്കിൽ
ഇക്ഷണമാമയമാററിടും. മാന......

ഫാ. വാ:—– മൎത്ത്യരക്ഷാൎത്ഥം ഭൂജാതനായ്
സ്വാത്മപരിത്യാഗജീവിതാൽ
ധൂൎത്തരാൽ മൃത്യുവരിച്ചുവ–
മുത്ഥാനവുംചെയ്ത ക്രിസ്തുവിൽ

വിശ്വസിച്ചു പ്രാൎത്ഥിക്കുന്നവരിൽ ഒരുത്തൻെറയെങ്കിലും അഗ്രഹം നിറവേറാതിരുന്നിട്ടില്ല,

(പാട്ടുസമയത്തു സന്ന്യാസികൾ ഗോഷ്ഠികാട്ടുകയും മൂളിപ്പാട്ടുകൾ പാടുകയും ചെയ്യുന്നു)

രാജാ:—–അങ്ങനെയെങ്കിൽ ക്രിസ്തുഭഗവാനോടു നിങ്ങൾ മഴയ്ക്കുവേണ്ടി പ്രാൎത്ഥിക്കുക. നിങ്ങളുടെ സാന്നിദ്ധ്യംകൊണ്ടത്രേ

ബുദ്ധനോടുള്ള പ്രാത്ഥന ഫലിക്കാത്തതെന്ന് ഈ സന്ന്യാസികരം പറയുന്നു.

ഫാ. വാ:— പൊന്നുതിരുമേനി, അവിടുത്തേ ആജ്ഞയനുസരിച്ചു ഞാൻ രക്ഷകനായ യേശുക്രിസ്തുവിനോടു പ്രാത്ഥിക്കാം.

രാജാ:— എന്നാൽ ഈ തിണ്ണയിൽനിന്നു് ഇറങ്ങി മഴയ്ക്കായി പ്രാത്ഥിക്കു. * ശിപായീ, അവിടെ (സ്ഥലം ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഒരു ചെറിയ മേശ ഇട്ടുകൊടുക്കു.

(ഫാ. വാസ്, നിർദ്ദിഷ്ടമായ സ്ഥലത്തു് ഒരു ചെറിയ ബലിപീഠമുണ്ടാക്കി അതിന്മേൽ കുരിശുവച്ചു് ഇപ്രകാരം പ്രാത്ഥനയാരംഭിക്കുന്നു)

(ഹരിമാധവനെ എന്ന മട്ടു്)

വരദായകനേ, പരിപാലകനേ.
ഫ. പാപികരംക്കായ് പാരിടത്തിലവതീണ്ണനേ,
നരതാപംതീത്തു ഭൂരിമോദമാനയിച്ചോനേ....
കരുണാലയനേ, മരിയാസുതനേ.
തവതിരുമലരടി—പണിതിടുന്നേൻ വരദാ.....
വ. പണ്ടുമരുഭൂമിയിൽവച്ചിസ്രായേൽക്കാർക്കായ്
കരിമ്പാറകീറിപ്പാനദാനം ചെയ്തപോലിപ്പോരം.
ക്ഷുൽപിപാസകളാൽ—മർദ്ദിതരിവരിൽ
പലതരവരനിര-ചൊരിയണമേ. വരദാ.....

രാജാ:— സന്ന്യാസികളേ, നിങ്ങരം നോക്കിക്കൊള്ളുവിൻ. നിശ്ചയമായും മഴപെയ്യും. അദ്ദേഹം അതിഭക്തനാണു്.

* രംഗത്തു മഴപെയ്യുന്നതു കാണിക്കുന്നില്ലെങ്കിൽ, മഹാരാജാവിൻെറ വാക്കുകരം കീഴേ പറയുംപ്രകാരം ഭേദപ്പെടുത്തുകയും, കീഴ്ഭാഗത്തു വരുന്ന ഫാദർ വാസിൻെറ പ്രാത്ഥനാഗീതം ഉപേക്ഷിക്കുകയും ചെയ്യു. രാജാ:—ശിപായീ, അദ്ദേഹത്തിനു് അരമനയ്ക്കുപുറമേ, എനിക്കു് ഇവിടെനിന്നു കാണത്തക്ക ഒരു സ്ഥലം പ്രാത്ഥനയ്ക്കായി കാണിച്ചുകൊടുക്കുക

ഒന്നാമൻ:— കാണാൻപോകുന്ന പൂരമല്ലേ; പിന്നെ എന്തിന് ഇനി പറഞ്ഞു സമയം കളയുന്നു.

രണ്ടാമൻ:— മഴപെയ്യുന്നെങ്കിൽ, നിശ്ചയമായും അയാൾ വല്ല ചൈത്താൻസേവക്കാരനോ മററൊ ആയിരിക്കണം. ഒരു കാററോ കറുപ്പോ ആകട്ടെ എങ്ങുമില്ല.

മൂന്നാമൻ:— അദ്ദേഹം പ്രാർത്ഥിക്കുന്നതു കണ്ടോ?

രാജാ:— നിങ്ങൾ ക്ഷമിക്കുവിൻ. നമുക്ക് അദ്ദേഹത്തിൻെറ മതതീക്ഷ്ണതയേയും ദൈവഭക്തിയേയുംപററി അധികമായ ബഹുമാനമുണ്ട്.

ഒന്നാമൻ:— അതു ഞങ്ങൾക്കു നല്ലവണ്ണം മനസ്സിലായിട്ടുണ്ട്.

രണ്ടാമൻ:— പക്ഷേ, തിരുമേനിയും മാനസാന്തരപ്പെട്ടിരിക്കാം.

രാജാ:— അധികപ്രസംഗികളേ, കള്ളസ്സന്യാസികളേ, നമ്മുടെ മുമ്പിൽവച്ചു നിങ്ങൾ ഇങ്ങനെ അസംബന്ധം പുലമ്പുന്നുവോ? ഗൗതമനാണെ, നമ്മുടെ തലതന്നെയാണെ, നാം എന്നും ശാക്യമുനിയുടെ വിശ്വസ്തദാസനായി വർത്തിക്കുന്നതായിരിക്കും.

ഒന്നാമൻ:— തിരുമേനീ, ക്ഷമിക്കണേ, അദ്ദേഹം മാനസാന്തരപ്പെടുത്തുന്നവരുടെ സംഖ്യകണ്ടു ഭയാകുലരായിട്ടാണ് ഇപ്രകാരം ചിന്താരഹിതരായി തിരുമേനിയുടെ മുമ്പാകെ സംസാരിക്കുന്നതു്.

രണ്ടാമൻ:— അതാ സൂര്യൻ മങ്ങിയിരിക്കുന്നു.

(എല്ലാവരും ആകാശത്തിലേക്കു നോക്കുന്നു)

മൂന്നാമൻ:— (അടുത്തയാളോട്) എടോ പടിഞ്ഞാട്ടു നോക്കൂ! മേഘങ്ങൾ കറുത്തിരുണ്ടിരിക്കുന്നു.

രാജാ:— കണ്ടോ! എത്രനാളായി ഒരു കറുത്തമേഘം

നാം കണ്ടിട്ട്! ഹാ, മഴ ചാറിത്തുടങ്ങിയല്ലോ! നോക്കു*ഹന്താനയുടെ മുകളിലേക്ക്! അതിൻെറ ക്രമ്പു പുകയുന്നു.

(സന്ന്യാസികൾ ലജ്ജിച്ച് ഒന്നും മിണ്ടാതെ കടന്നുപോകുന്നു)

രാജാ:— (ഇപ്രകരം വിളിച്ചുപറയുന്നു) ഇപ്പോൾ കണ്ടോ സന്ന്യാസികളേ. ഇനി ഇത്തരം കള്ളക്കഥകൾ പറഞ്ഞുകൊണ്ടു് എൻെറ പക്കൽ വരരുത്. ശിപായീ, ഫാദർ വാസിനെ ഇങ്ങോട്ടേക്കു വിളിക്കു.

(ശിപായി കുടയെടുത്തു ഫാദർ വാസിൻെറ അരികേ ചെല്ലുന്നു)

രാജാ:— (ആത്മഗതം) അദ്ദേഹം എത്ര പരിശുദ്ധനായ പുരുഷൻ, എത്ര ശാന്തൻ. അദ്ദേഹത്തിനു സകല സ്വാതന്ത്ര്യവും ഇന്നുമുതൽ നാം അനുവദിച്ചുകൊടുക്കുന്നതാണ്. ഈ ക്രൈസ്തവരുടെ ദൈവം ശക്യമുനിയെക്കാൾ ശക്തനാണെന്നു തോന്നുന്നു. അതേസമയം ദൈവമില്ലെന്നും ചിലർ പറയുന്നുണ്ടല്ലോ. എന്തോ മായം! നമ്മുടെ മനസ്സു ക്ഷുബ്ധമായിരിക്കുന്നു. ഏതായാലും രാജ്യമുള്ളിടത്തോളംകാലം മതംമാററത്തെപ്പററിചിന്തിച്ചിട്ടു കാര്യമില്ല. ഇന്നുതന്നേ, ആ സന്ന്യാസികൾ നമ്മുടെ മുമ്പിൽവച്ചു പറഞ്ഞതു കേട്ടില്ലേ. സേനയിൽ ഒരു ഭാഗം അവരുടെ കീഴിലുമാണ്. മനസ്സേ, നീ എന്തിന് അസ്വസ്ഥമായിരിക്കുന്നു? നീ ക്രിസ്തുമതത്തെപ്പററി ചിന്തിക്കവേണ്ടാ, വേണ്ടാ, വേണ്ടാ.

(കർട്ടൻ)

* കാണ്ടിയിലെ ഒരു വലിയ മല.

## രംഗം 4

### ഒരു മഹാവനം

(വെങ്കിട്ടരാവു പിച്ചും പേയും പറഞ്ഞുകൊണ്ടു നില്ക്കുന്നു)

വെങ്കി:— ഉം, വരട്ടെ അവർ. ഞാൻ ആരെടാ? കാളിയോടു് ഇതു് ഒന്നും എടുക്കണ്ടാ. അവൻ ചുക്കിണി ചുററിച്ചാൽ തുള്ളാൻ മാത്രമേയുള്ളു ഞാൻ! ഇവനെ കൊന്നിട്ടേ, ഇവിടന്നു ഞാൻ പോകയുള്ളു.

(തുള്ളക്കാരനായ ബാലിരാവു പ്രവേശിക്കുന്നു)

ബാലി:—വെങ്കിട്ടരാവൂ, വെങ്കിട്ടരാവൂ. ഇങ്ങുവാടാ. (വെങ്കിട്ടരാവു പല്ലിളിച്ചും മററും ഗോഷ്ടി കാണിക്കുന്നു. അനന്തരം ബാലിരാവു അടുത്തുചെന്നു ചുക്കിണി ചുററിക്കുന്നു. കുറച്ചു നേരം ചുററിച്ചശേഷം) ഇതു് അറുകുല ചൈത്താൻ. ഇതു കൊണ്ടു പറരുന്ന മട്ടു കാണാനില്ല. ഒന്നു തുള്ളിച്ചോദിച്ചുനോക്കട്ടെ. (തുള്ളിച്ചെന്നുകൊണ്ടു്) നീ ആരെടാ?

(തൽക്ഷണം വെങ്കിട്ടരാവു തുള്ളുകയും ഗോഷ്ടികാണിക്കുകയും ചെയ്തുകൊണ്ടു "നീ ആരെടാ?" എന്നു ചോദിക്കുന്നു)

ബാലി:— ഇത്രയ്ക്കായോ? ബാലിരാവു തുള്ളിവരുന്ന സമയത്തു് ആരെടാ എന്നു ചോദിക്കാൻ ധൈര്യമുള്ള ചൈത്താൻ എവിടെ? (തുള്ളൽ മുറുക്കുന്നു; കുറച്ചുകൂടെ പൃകവലിച്ചുകൊണ്ടു തുള്ളിച്ചാടി തലയിൽ വെട്ടി ചോരവരുത്തി തൽക്ഷണം സുഖപ്പെടുത്തിയശേഷം ഇപ്രകാരം കല്പിക്കുന്നു) സുപ്രമണ്യനാണെ, പളനിമല തേവനാണെ, ഏതു് അറുകുല പൃതമായാലും വേണ്ടില്ല, ഈ ദേഹത്തിൽനിന്നു് ഒഴിഞ്ഞോടുവാൻ ഞാൻ കല്പിക്കുന്നു.

(കുറെനേരം അനങ്ങാതിരുന്ന വെങ്കിട്ടരാവു ചാടി എഴുന്നേററു തുള്ളിക്കൊണ്ടു്)

വെങ്കി:— കള്ളദേവന്മാരാണെ, കാളിയാണെ, ബാലി റാവുവിൻെറ കഴുത്തറക്കണേ.

ബാലി:— പണി പററുന്നില്ലല്ലോ. എന്നാൽ ഇനി കുരുമുളകും ചൂരല്യമാകട്ടെ. (മടിയിൽനിന്നു കുറെ കുരുമുളകുപൊടിയെടുത്തു വെങ്കിട്ടറാവുവിൻെറ കണ്ണിലും മൂക്കിലുമെഴുതുന്നു. അനന്തരം കൈയ്ക്കു ബലമായിപ്പിടിച്ച് അടിച്ചുകൊണ്ട് ഇപ്രകാരം ചോദിക്കുന്നു) നീ ആരെടാ?

വെങ്കി:— ഞാൻ നിൻെറ കൊച്ചേട്ടൻ. എന്നെ അടിക്കല്ലേ.

ബാലി:— ആരാ നിൻെറ കൂടെയുള്ളത്?

വെങ്കി:— എൻെറ കൊച്ചേട്ടൻ.

ബാലി:— നിന്നെ അലട്ടുന്ന ചെകുത്താൻ ഏതു്?

വെങ്കി:— എൻെറ കൊച്ചേട്ടൻ.

ബാലി:— (ശക്തിയോടേ അടിക്കുന്നു) അസഭ്യം പുലമ്പാതെടാ, സുബ്രഹ്മണ്യനാണെ, നീ ആരു.

വെങ്കി:— കാളിയാണെ, നിൻെറ കൊച്ചേട്ടൻ.

ബാലി:— ശിവനേ എന്തുചെയ്യും?

വെങ്കി:— ശിവൻെറ അരികേ പോകു.

ബാലി:— മരക്കൊമ്പു ഞെരിയുന്ന ശബ്ദം കേൾക്കുന്നുണ്ടല്ലോ. അയ്യോ, കാട്ടാന വരുന്നേ.

(ബാലിറാവു ഓടി ഒളിക്കുന്നു; വെങ്കിട്ടറാവു അവിടെ തുള്ളിച്ചാടി നില്ക്കുന്നു. അനന്തരം അയാൾപോയി ഒരു വൃക്ഷത്തിൻെറ കീഴിൽ കിടക്കുന്നു. തൽക്ഷണം, മറുവശത്തുനിന്നു ഫാദർ വാസും ജോണും സോട്ടോയും പ്രവേശിക്കുന്നു. "കാട്ടാനവരുന്നേ" എന്നു കേട്ട് അമ്പരന്ന് അവർ രണ്ടുപേരും ഫാദർവാസിനെ കെട്ടിപ്പിടിക്കുന്നു)

ഫാ. വാ:- വിശ്വസിച്ചു പ്രാർത്ഥിക്കുവിൻ.

(ആന മുന്നോട്ടു ഗമിക്കുന്നു. ജോണും സോട്ടോയും മുട്ടുകുത്തി

പ്രാർത്ഥിക്കുന്നു. ഫാദർ വാസ് ആനയുടെ നേരേ ചെന്നു മസ്തകത്തിൽ കുരിശു വരച്ചുകൊണ്ടു് ഒഴിഞ്ഞുമാറിപ്പോകുവാൻ ആംഗ്യം കാണിക്കുന്നു. ആന കുമ്പിട്ടു തൊഴുതു് ഒരു പശുപോലെ അനുസരിക്കുന്നു. ഇതുകണ്ടു വിസ്മയഭരിതനായി തുള്ളക്കാരൻ കാട്ടിൽനിന്നു പുറത്തുവന്നു ഫാദർ വാസിന്റെ അരികേ ഓടിയെത്തിയശേഷം കിതച്ചുകൊണ്ടു് ഇപ്രകാരം പറയുന്നു)

ബാലി:— അവിടത്തേക്കു് ഈ ശക്തി എവിടെനിന്നു ലഭിച്ചു.

ഫാ. വാ:— എന്റെ ശക്തിയാലല്ല. സർവ്വശക്തനായ ഏകദൈവത്തിന്റെ ശക്തിയാലാണു് ആന അവിടത്തെ ദാസന്മാരെ ഉപദ്രവിക്കാതെ വഴിമാറിപ്പോയതു്.

ബാലി:— ഞങ്ങളും ദേവന്മാരിൽ വിശ്വസിക്കുന്നുണ്ടല്ലോ.

ഫാ. വാ:— അതു ശരിതന്നേ; എന്നാൽ സത്യവാനായ ഏക ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുന്നില്ല. സിഞ്ഞോർ സോട്ടോ, നിങ്ങൾ രണ്ടുപേരും, ഇവിടെ ഇരുന്നു് അല്പം വിശ്രമിക്കുവിൻ.

ബാലി:— എന്തു്? ദൈവം ഒന്നേയുള്ളു?

ഫാ. വാ:— ഒരു ദൈവവും ഒരു മതവും മാത്രമേ യഥാർത്ഥമായുള്ളു.

ബാലി:— അതെങ്ങനെ? വേദേതിഹാസങ്ങൾ അങ്ങയുടെ വാക്കുകളെ നിഷേധിക്കുന്നുവല്ലോ.

ഫാ. വാ:— തുല്യശക്തരായ പലേ ദേവരുണ്ടെങ്കിൽ, അവരാരും സർവ്വശക്തൻ എന്ന നാമത്തിനു് അർഹരല്ല; കാരണം, അവരിലോരോരുത്തനും ഇതരന്റെമേൽ ശക്തിയില്ല. തന്നിമിത്തം സർവ്വശക്തൻ ഒന്നേയുള്ളു; അഥവാ, ദൈവം ഒന്നേയുള്ളു. ദൈവമൊന്നേയുള്ളുവെങ്കിൽ മതവും ഒന്നേ ഉണ്ടാകുവാൻ നിവൃത്തിയുള്ളു; എന്തെന്നാൽ ഒരേ ദൈവത്തിനു

പരസ്പരവിരുദ്ധങ്ങളായ മതങ്ങളെ വെളിപ്പെടുത്തുവാൻ കഴി യുന്നതല്ല.

ബാലി:— ഒരു രാജാവിനെ പ്രജകൾ പലവിധത്തിൽ ബഹുമാനിക്കുന്നില്ലേ; അതുപോലെ ഈശ്വരനേയും പലവിധത്തിൽ ബഹുമാനിച്ചുകൂടേ? തന്മൂലം, ദൈവം ഒന്നേയുള്ളുവെങ്കിൽത്തന്നേയും പല മതങ്ങളുമുണ്ടാകാമല്ലോ.

ഫാ. വാ:— പലവിധത്തിൽ രാജാവിനെ ബഹുമാനിക്കാമെന്നതു ശരിതന്നെ. രാജാവിനെ കാണുമ്പോൾ തൊഴുതാചരിക്കുക, രാജപ്രതിമ സ്ഥാപിച്ച് അലങ്കരിക്കുക, പ്രതിമയും വഹിച്ചു പ്രദക്ഷിണം നടത്തുക, രാജസ്തുതികൾ ജനതാമദ്ധ്യേ പ്രകീർത്തിക്കുക—ഇവയെല്ലാം യുക്തംതന്നേയാണ്. എന്നാൽ വിവിധരാജാക്കന്മാർ ഞങ്ങൾക്കുണ്ട്, ഞങ്ങളുടെ രാജാവ് ഒന്നിനും കൊള്ളാത്ത മൂത്തപ്പനാണ്, അല്ലെങ്കിൽ കളിച്ചു നടക്കുന്ന ഒരു കുട്ടിയാണ്, രാജ്ഞി ഒരു നല്ല ഭദ്രകാളിയാണ് എന്നിങ്ങനെ പ്രസംഗിക്കുകയോ, രാജനിയമങ്ങളെ ലംഘിക്കുകയോ രാജപ്രതിമയുണ്ടാക്കി അഗ്നികുണ്ഡത്തിലിട്ട് എരിയിക്കുകയോ, മററു ഈദൃശങ്ങളായ കൃത്യങ്ങളിലേർപ്പെടുകയോ ചെയ്യുന്നപക്ഷം രാജാവു സംപ്രീതനാകുമോ? അതുപോലെതന്നേയാണ് ഏകദൈവത്തിൻെറ ബഹുമാനത്തെ സംബന്ധിച്ചിടത്തോളവും സത്യമായ ഏക മതത്തിനു വിരുദ്ധമായ ഏതെങ്കിലും തത്ത്വം പ്രബോധിപ്പിക്കുന്ന മതങ്ങൾ ഏതെങ്കിലുംവിധത്തിൽ ഈശ്വരനെ നിന്ദിക്കുന്നു. അതിനാൽ നിങ്ങളുടെ ഉപമാനം പ്രകൃതത്തിന് അനുയുക്തമല്ല.

ബാലി:— പുഴകളെല്ലാം സമുദ്രത്തിൽ പതിക്കുന്നതുപോലെ, മതങ്ങളെല്ലാം ഈശ്വരങ്കലേക്കു നമ്മെ ആനയിക്കുകയില്ലേ?

ഫാ. വാ:— പുഴകളെല്ലാം സമുദ്രത്തിൽ പതിക്കുന്നുവെന്നതു വാസ്തവമല്ല. എത്രയെണ്ണം കായലുകളിൽ പതിക്കുന്നു. സമുദ്രംതന്നേ ഒന്നല്ലല്ലോ. അഥവാ വാദത്തിനുവേണ്ടി

സമുദ്രമൊന്നേയുള്ളുവെന്നും, നദികളൊക്കെ പ്രത്യക്ഷമായോ പരോക്ഷമായോ സമുദ്രത്തിൽ പതിക്കുന്നുവെന്നും കരുതിയാലും ഉപമയെങ്ങനെ സമസ്തമതങ്ങളേയും ബാധിക്കുന്നുവെന്നു മനസ്സിലാകുന്നില്ല. ഇത്രമാത്രം അനുമിക്കാം: യഥാർത്ഥമായ നദികൾ സമുദ്രത്തിൽ പതിക്കുന്നതുപോലെ യഥാൎത്ഥമായ മതങ്ങൾ ദൈവത്തിങ്കലേക്കു നമ്മെ ആനയിക്കുന്നു. മൃഗതൃഷ്ണിക യുണ്ടോ സമുദ്രത്തിലെത്തുന്നു? തൻമൂലം മതങ്ങളെല്ലാം ദൈവത്തിങ്കലേക്കു നമ്മെ ആനയിക്കുന്നുവെന്നു തെളിയിക്കണമെങ്കിൽ, അവയെല്ലാം യഥാൎത്ഥങ്ങളാണെന്നു തെളിയിക്കണം. ആകയാൽ നദികളുടെ ഉപമകൊണ്ടു യാതൊരു പ്രയോജനവുമില്ല

ബാലി:— ഈശ്വരൻ അപരിമിതനല്ലേ? കണ്ടറിയുവാൻ സാധിക്കുകയില്ലല്ലോ! കുരുടന്മാർ ആനയെ തപ്പിനോക്കുന്നതായാൽ ആന ഉരലുപോലെയാണെന്നോ, കുന്തംപോലെയാണെന്നോ, തടിപോലെയാണെന്നോ ഒക്കെ അവർ പറയും. ഈശ്വരദർശനത്തെ സംബന്ധിച്ചിടത്തോളം നമ്മളൊക്കെ കുരുടന്മാരല്ലേ? തന്നിമിത്തം വിവിധമതസ്ഥർ ഈശ്വരനെപ്പററി വിവിധാഭിപ്രായങ്ങൾ രൂപവൽകരിക്കുന്നതിൽ എന്താണു് അസാംഗത്യമുള്ളതു്?

ഫാ. വാ:— കുരുടന്മാർ ആനയെപ്പററി വിവിധാഭിപ്രായങ്ങൾ പ്രകടിപ്പിക്കുമെന്നതു വാസ്തവംതന്നേ. എന്നാൽ അതു ജീവനുള്ള ജന്തുവാണെന്നു് അവരെല്ലാവരും സമ്മതിക്കുകയില്ലേ? അതുപോലെ മൌലികമായ പല പ്രശ്നങ്ങളെ സംബന്ധിച്ചും ദൈവത്തെപ്പററി തുല്യമായ ബോധം മനുഷ്യർക്കുണ്ടാകേണ്ടിയിരിക്കുന്നു. അതിനുംപുറമേ, കുരുടന്മാരോടു് ആരെങ്കിലും യഥാൎത്ഥവസ്തുത പറഞ്ഞുകൊടുക്കുന്നപക്ഷം, അവർ യാഥാൎത്ഥ്യം ഗ്രഹിക്കുകയില്ലേ? ഈശ്വരനെ സംബന്ധിച്ചിടത്തോളവും ഇതുതന്നേ പറയാവുന്നതാണു്. അവിടുന്നു തന്റെ സ്വഭാവം ഒരിക്കലും വെളിപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ,

മനുഷ്യർ വിവിധാഭിപ്രായങ്ങൾ രൂപവൽകരിക്കുന്നപക്ഷം, അവർ ക്ഷമാർഹരാണ്. എന്നാൽ മനുഷ്യാവതാരം ചെയ്ത ദൈവം, യേശുമിശിഹാ സത്യമായ മതമേതെന്നു വെളിപ്പെടുത്തിയിരിക്കുന്നു.

(യേശുമിശിഹാ എന്ന പേരു കേട്ടയുടനെ ഉറങ്ങിക്കിടന്നിരുന്ന പിശാചഗ്രസ്തൻ ഞെട്ടിയുണർന്നു് ഇപ്രകാരം അട്ടഹസിച്ചു)

വെങ്കി:— എടോ ഫാദർ, ഞങ്ങളെ ഈ കാട്ടിൽപ്പോലും സ്വസ്ഥമായി വിഹരിക്കുവാൻ അനുവദിക്കുകയില്ലേന്നോ?

ഫാ: വാ:— നീ ആരു്?

വെങ്കി:— നീ ആരാ അതു ചോദിക്കാൻ?

ഫാ. വാ:— ഈശോയുടെ നാമത്തിൽ നിന്നോടു ഞാൻ ചോദിക്കുന്നു. നീ ആരു്?

വെങ്കി:— ഞാൻ ലൂസിഫറിന്റെ ദൂതനാണ്.

ഫാ. വാ:— നീ, ഈ മനുഷ്യനെ ഉപേക്ഷിച്ചു നരകപാതാളത്തിലേക്ക് ഓടുവാൻ ഈശോയുടെ നാമത്തിൽ ഞാൻ കല്പിക്കുന്നു.

വെങ്കി:— ഇതാ പോണേ, പോണേ. (നിലത്തുപതിക്കുന്നു)

ബാലി:— ഫാദർ, ഞാൻ ഇതാ ഈശോയിലും അവിടുന്നു പ്രസംഗിച്ച മതത്തിലും വിശ്വസിക്കുന്നു,

ഫാ. വാ:— നീ ഞങ്ങളുടെ കൂടെ പോരുക. ഈ ജോൺ നിന്നെ വേദോപദേശം പഠിപ്പിക്കും.

ബാലി:— (വെങ്കിട്ടറാവുവിനെ വിളിച്ചു് എഴുന്നേല്പിച്ചുകൊണ്ടു്) എടാ, വെങ്കിട്ടറാവൂ, നിന്റെ ബാധയൊഴിച്ചതു് ഇദ്ദേഹമാണ്. യേശുമിശിഹായുടെ നാമത്തിൽ പിശാചനോടു് അകന്നുപോകുവാൻ അദ്ദേഹം കല്പിച്ചു. ചുക്കിണി ചുററിച്ചിട്ടും, തുള്ളിക്കല്പിച്ചിട്ടും, കുരുമുളക പ്രയോഗിച്ചിട്ടും ഒഴിഞ്ഞു

പോകാതിരുന്ന പിശാചൻ പട്ടിയെപ്പോലെ തൽക്ഷണം ഓടിപ്പോയി. ഞാൻ അദ്ദേഹത്തിൻെറ മതത്തിൽ ചേരുവാൻ പോകയാണ്.

വെങ്കി: - (ഫാദർ വാസിൻെറ മുമ്പാകെ മുട്ടുകുത്തികൊണ്ട്) വന്ദ്യനായ പിതാവേ, അവിടുത്തെ കൃപാതിരേകത്തിനു നമസ്കാരം. (കാലുമുത്തുന്നു; ഫാദർ വാസ് അയാളെ എഴുന്നേല്പിക്കുവാൻ ശ്രമിക്കുന്നു) ഞാനും അവിടുത്തെ മതം സ്വീകരിച്ചിരിക്കുന്നു.

ഫാ. വാ:— ദൈവത്തിനു സ്തുതി. സോട്ടോ, ജോണി, നമുക്ക് എല്ലാവർക്കും പോകാം.

(കർട്ടൻ)

---

## രംഗം 5 6

### സബർഗാമുവായിലേ ഒരു ഭവനം

(നരസിംഹറാവു വീടിൻെറ മുൻവശത്ത് ഇരിക്കുന്നു)

നര:— (ആത്മഗതം) ഈ ശനിപിടിച്ച പറങ്കിപ്പാതിരികളെക്കൊണ്ടു സൊല്ലയായല്ലോ. ലനെറോളിൻെറയും സന്ന്യാസികളുടേയും പരിശ്രമങ്ങളൊക്കെ വിഫലമായിരിക്കുന്നു. ഇതുവരെ ഞാൻ ക്ഷമിച്ചു കഴിച്ചുകൂട്ടി. ഇപ്പോളെൻെറ വിശ്വസ്തഭൃത്യനും അദ്ദേഹത്തിൻെറ പാട്ടിലായല്ലോ. എന്തായാലും അവനെ ഒരു പാഠം പഠിപ്പിച്ചേ ഇരിക്കുകയുള്ളൂ; നരസിംഹറാവുവിനോടു കളിച്ചവരൊക്കെ ഇപ്പോളെവിടെ? മഹാവെലിഗംഗയുടെ മണൽത്തിട്ടയിൽ. ആ പറങ്കിയെ എൻെറ കൈയിൽ കിട്ടുന്നപക്ഷം, ഈ കത്തികൊണ്ട് ഒരു കീറ്. . . . ഹാ, ആരോ വരുന്ന ശബ്ദം കേൾക്കുന്നുണ്ടല്ലോ.

(മൂന്നു സന്ന്യാസികൾ പ്രവേശിക്കുന്നു, നരസിങ്കറാവു അവരുടെ കാലുതൊട്ടു വിരൽ തലയിൽ വയ്ക്കുന്നു)

ഒന്നാമൻ:— നിങ്ങളുടെ വിശ്വസ്തഭൃത്യൻ മാനസാന്തരപ്പെട്ടുവെന്നു കേട്ടല്ലോ?

നര:— ഉവ്വ്, ആ പറങ്കി ഏതാണ്ടു ജാലവിദ്യകാട്ടി അവനെ പാട്ടിലാക്കി. അവൻ തുള്ളിയൊഴിക്കാൻ കാട്ടിൽ പോയിരിക്കവേ, ആ പട്ടി കാട്ടാനയെ നിറുത്തിയത്രേ; ഒരു ചൈത്താനെ ഒരു വാക്കുകൊണ്ട് ഒഴിച്ചുപോലും.

രണ്ടാമൻ:— കഴിഞ്ഞ ക്ഷാമകാലത്തു മഴ പെയ്യിച്ചതുമുതൽ മഹാരാജാവിന് അദ്ദേഹത്തോടു വളരെ താൽപര്യമാണ്. ഞങ്ങളൊക്കെ കപടസന്ന്യാസികളുമായിരിക്കുന്നു.

നര:— ഏതായാലും വിമലവർമ്മയുടെ കാലം കഴിഞ്ഞല്ലോ പുതിയ ആൾ ഇതുവരെ നമ്മുടെ പക്ഷത്തുതന്നേയാണെന്നുള്ളതിന്നു സന്ദേഹമില്ല.

മൂന്നാമൻ:— ഇന്നാൾ ഞങ്ങളുടെ ഉപദേശമനുസരിച്ചാണ്, ആ പാതിരിപണിയിച്ച പള്ളി പൊളിച്ചുകളഞ്ഞത്.

ഒന്നാമൻ:— എന്നാൽ ഇപ്പോഴത്തെ രാജാവു വീണ്ടും പക്ഷം മാറിയിരിക്കുന്നുവെന്നുകേട്ടു. ഒരിക്കൽ അദ്ദേഹം ആ പറങ്കിയോടു നേരിട്ടു സംസാരിക്കുകയുണ്ടായത്രേ. അന്നുമുതൽ തിരുമേനിക്ക് അയാൾ കണ്ണിലുണ്ണിയായിത്തീർന്നിരിക്കുന്നു.

രണ്ടാമൻ:— കാര്യം വിഷമമായല്ലോ, നരസിങ്കറാവു. നിങ്ങളൊക്കെ ഇനിയും അനങ്ങാതിരുന്നാൽ കാണ്ടിയിലെ ബുദ്ധമതക്കാരൊക്കെ പശുക്കൊല്ലികളാവും.

നര:— നിങ്ങൾ പറയുന്നതു വാസ്തവമാണ്. മാത്തല, ഗമ്പോള, കടുകസ്തോട്ട, സബർഗാമുവാ, കാണ്ടി, അമ്പിത്തിയാ, അരോഗാമ, വട്ടഗാമ, പാൻവില്ല മുതലായ സകല സ്ഥലങ്ങളിലും ചുററി എൻെറ ബന്ധുക്കളും വേലക്കാരുമായ എത്ര പേരുടെ കഴുത്തിൽ അദ്ദേഹം വെന്തിങ്ങാ കയററിയിരി

ക്കുന്നുവെന്നു നോക്കുക. കൈയിൽ തക്കത്തിനു കിട്ടിയാൽ കാച്ചിക്കളയാമെന്നുണ്ട്. മഹാരാജാവിനോടു വേഴ്ചയാകയാലാണ് ഇത്രഭയം.

ഒന്നാമൻ:— ശിക്ഷയെ ഭയപ്പെടേണ്ടാ. കഥകഴിച്ചേക്കൂ. കാര്യമൊക്കെ നമുക്കു കുഴിച്ചുമൂടാം. അല്ല, വിഷമം നേരിട്ടുന്നുവെങ്കിൽ ഞാൻ കുററക്കാരനായിക്കൊള്ളാം.

നര:-- കൊട്ടുകൈ. ഞാൻ പണി ഇന്നുതന്നേകഴിച്ചേക്കാം.

(ജ്ഞാനകോമള സൂനമേ എന്ന മട്ട്)

വേണ്ടസംശയ-മിണ്ടലെന്ന്യേഞാൻ
തുണ്ട-മാക്കിടുമവൻ-തല

ചരണം.

ബുദ്ധവിരോധിയാം കത്തനാരച്ചനെ
കത്തിയാലിന്നുഞാൻ കുത്തിടുവേൻ
സത്യമാണിതു-മർത്ത്യവീരരേ—പാർത്തു
കൊൾകനിങ്ങൾ—ഇന്ന്.

അയാൾ ഇന്നു ഇതിലേ വരുമെന്നു പറയുന്നതു കേട്ടു. രണ്ടു കൊട്ടുത്തുവിടണമെന്നു കരുതിയാണു വാതിൽക്കൽ കാത്തുനിന്നതു്. എന്നാൽ ഇപ്പോളെല്ലാം സമാറായിരിക്കുന്നു. നിങ്ങൾ ഇവിടെ പാർത്തിരിക്കൂ; ഞാൻ പോയി കത്തിയൊന്നു മൂർച്ചകൂട്ടട്ടെ. (പോകുന്നു)

ഒന്നാമൻ:— ഈ മണ്ടൻ കഥകഴിക്കും. ഇനി പേടിക്കാനൊന്നുമില്ല.

രണ്ടാമൻ:— അത്ര അഹമ്മതി ആർക്കും കൊള്ളുകയില്ലല്ലോ!

മൂന്നാമൻ:— ഈ പച്ചവിറച്ചിതീനികൾക്ക് ഇത്തരത്തിലേ അന്ത്യമുണ്ടാകുവാനിടയുള്ളൂ.

ഒന്നാമൻ:— പറങ്കികളുടെ സംസാരമല്ലേ ആ കേൾക്കുന്നതു്. അദ്ദേഹം ഇതാ വരുന്നു. അയാളെ വിളിക്കുകതന്നേ.

രണ്ടാമൻ:-- നരസിങ്കറാവു, നരസിങ്കറാവു.

മൂന്നാമൻ:-- അയാൾ കഥ കഴിച്ചോട്ടെ. നമുക്കു് ഇവിടെ പാത്തിരിക്കാം.

(ഫാദർ വാസ് പ്രവേശിക്കുന്നു. നരസിങ്കറാവു, കത്തിയുംകൊണ്ടു വരുന്നതു ജോണും സോട്ടോയും കാണുന്നു. കത്തി ഫാദർ വാസിൻെറ നേർക്കു നീട്ടുന്ന സമയത്തു ജോൺ കാലിനു പിടിക്കുകയും സോട്ടോ കൈ തടയുകയും ചെയ്കയാൽ നരസിങ്കറാവു വീഴുന്നു. സോട്ടോ കത്തിയെടുത്തു കൈയ്യിലാക്കിയശേഷം നരസിങ്കറാവുവിനെ വട്ടം പിടിക്കുകയും, ജോൺ കാലു രണ്ടും കെട്ടിയിടുകയും ചെയ്യുന്നു)

ഫാ. വാ:-- നിങ്ങൾ അയാളെ വിട്ടേക്കൂ. ദൈവം അയാളോടു പൊറുക്കട്ടെ.

സോട്ടോ:— പോലീസിലേൽപിക്കാതെയോ?

ഫാ. വാ:-- വേണ്ടാ, അയാൾ പോയ്ക്കൊള്ളട്ടെ.

(നരസിങ്കറാവുവിനെ സ്വതന്ത്രനാക്കുന്നു)

നര.-- (പല്ലുകടിച്ചുകൊണ്ടു ഫാദർ വാസിൻെറ അരികേ ചാടിയെത്തുന്നു) ഇത്തവണയും താൻ രക്ഷപെട്ടിരിക്കുന്നുവല്ലേ? (തല്ലാൻ ഓങ്ങുകയിൽ സോട്ടോ വീണ്ടും ചാടിപ്പിടിക്കുന്നു) എന്തൊരു ശനി. ഇയാളെ ഒന്നു തൊടുവാൻപോലും ശക്യമുനി സമ്മതിക്കുന്നില്ലല്ലോ. ഗൗതമനാണെ ഞാൻ ഇനി അദ്ദേഹത്തെ തൊടുകയില്ല. എന്നെ വിട്ടയക്കണേ.

ഫാ. വാ:— സോട്ടോ, അയാളെ വിടൂ. (സോട്ടോ, വീണ്ടും കൈ വിടുന്നു)

നര:— രണ്ടു പ്രാവശ്യം നിങ്ങളെന്നെ ദേഹോപദ്രവം ചെയ്യാതെ വിട്ടിരിക്കുന്നതിനാൽ, ഞാൻ ഇനി പാതിരിയെ ഉപദ്രവിക്കുന്നതല്ല. (പോകുന്നു)

ഫാ. വാ:— ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജോൺ:— അച്ഛാ, ഈ ബഹളംകൊണ്ടു ദേഹം ഒലെഞ്ഞുകാണണം.

സോട്ടാ:— അച്ഛൻെറ പനി കൂടിയേക്കുമെന്നു് എനിക്കു സംശയമുണ്ടു്.

ഫാ· വാ:— ഭയപ്പെടേണ്ടാ. നമുക്കു മണ്ണോടിക്കു പോകാം.

ജോൺ:— ഈ പനിയുംകൊണ്ടു് ഇനി നടന്നുപോകുന്നതെങ്ങനെ?

സോട്ടാ:— നമുക്കുപോയി ഒരു കാളവണ്ടി കിട്ടുമോ എന്നു നോക്കാം!

(എല്ലാവരും പോകുന്നു)

(കർട്ടൻ)

---

## രംഗം 6

ഫാദർ വാസ് മുറിയിൽവായിച്ചുകൊണ്ടിരിക്കുന്നു. ജോൺ അടുത്തു നില്ക്കുന്നു

ഫാ· വാ:— ജോണീ, നമ്മൾ സിലോണിൽ വന്നിട്ടു ഇന്നേക്കു ഏഴു കൊല്ലമായി. എനിക്കു വയസ്സു് അമ്പത്തഞ്ചായിരിക്കുന്നു. നമ്മുടെ സഹായത്തിനു ഫാദർ മെനെസിസ്സ് ആദിയായ പത്തു് വൈദികന്മാർ ഇവിടെ എത്തിച്ചേർന്നിട്ടുമുണ്ടു്. ഇതുവരെ എൻെറകൂടെ നാട്ടുതോറും ചുററിനടന്നു നീയും വേദപ്രചാരാത്ഥം വളരെയൊക്കെ പ്രയത്നിച്ചിട്ടുണ്ടു്. ഇനിയെങ്കിലും ഇവിടെ കുറെനാൾ താമസിച്ചു നീ വിശ്രമമെടുക്കുക; ഞാൻ ഇന്നു പട്ടളത്തേക്കു പോകുവാൻ വിചാരിക്കുന്നു.

അഞ്ചാറുകൊല്ലംകഴിഞ്ഞിട്ടേ ഇവിടേക്കു തിരിച്ചുവരുവാനൊക്കുശി ക്കുന്നുള്ളൂ. പ്രസ്തുത കാലഘട്ടത്തിൽ ഫാദർ മെനെസിസ്സ് നി ന്നെ സഹായിച്ചു സംരക്ഷിച്ചുകൊള്ളും.

ജോൺ:—

(ജ്ഞാനകൺ—ചിന്താമണി)

കാരുണ്യംവഴിഞ്ഞൊഴുകിടും—പാലകനേ
സാദരം കനിയണേ—അരികിൽ—വസിക്കുവാൻ
കാരുണ്യം....
ആരുമാലംബമില്ലാതല്ലലിൽ പതിച്ചോരെന്നെ
ആകുലമകററിമോദാൽ-അയ്യോപാലനംചെയ്യൂ.
കാരുണ്യം.....
മാത്രമോ
ആശ്രിതവത്സലനാം—ഏശുവിൻസഭയുടെ
ആമയമകന്നസുഖം—ഏവംകൈവരുത്തിയ
കാരുണ്യം.....

അച്ചാ, അവിടുത്തെ സഹായിച്ച്, അവിടുത്തേ സുഖ ദുഃഖങ്ങളിൽ പങ്കുകൊണ്ടു ജീവിതമർപ്പിക്കുന്നതാണ് എനി ക്കുള്ള വിശ്രമം. ആകയാൽ ഞാനുംകൂടെ പോരട്ടെ.

ഫാ. വാ:—- മകനേ, നീ ഇവിടെ താമസിക്കൂ. ആരോ അതാ വാതില്ക്കൽ നില്ക്കുന്നു. ജോണീ, അയാളെ വിളിച്ചുകൊ ണ്ടുവരൂ.

(ഒരു ദൂതൻ പ്രവേശിക്കുന്നു)

ഫാ. വാ:—- താൻ എവിടെനിന്നു വരുന്നു?

ദൂതൻ:—- മണപ്പാട്ടുനിന്ന്.

ഫാ. വാ:— ആരാണു തന്നെ ഇങ്ങോട്ട് അയച്ചത്.

ദൂതൻ:—- അവിടെയുള്ള ഈശോസഭാവൈദികന്മാർ.

ഫാ. വാ:— എന്താ വിശേഷം?

ദൂതൻ:-- ഒരു എഴുത്തും ഒരു കരിശും അവിടുത്തേക്കു കൊടുത്തയച്ചിട്ടുണ്ടു്.

ഫാ. വാ:— എഴുത്തു് ആരുടേതാണു്?

ദൂതൻ:-- ശീമയിൽനിന്നു് ഒരു വലിയപാതിരി അവാടെ വന്നിരുന്നു. അദ്ദേഹം കൊടുത്തയിച്ചിട്ടുള്ളതാണു് ഇതു്.

ഫാ. വാ:— എഴുത്തുതരു.

(ദൂതൻ എഴുത്തുകൊടുത്തു വായിച്ചശേഷം)

ജോണീ, പോയി ഫാദർ മെനെസിസ്സിനെ വിളിച്ചുകൊണ്ടുവരു.

ദൂതൻ:— ഇതാ ഒരു കരിശുകൂടെ കൊടുത്തയച്ചിട്ടുണ്ടു്.

ഫാ. വാ:-- അതിൻെറ കാര്യം എഴുത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. താൻ പോയി അല്പനേരം വിശ്രമിക്കു. ഞാൻ മറുപടി എഴുതി നാളെ രാവിലേ തരാം രാവിലേ തനിക്കു തിരിച്ചുപോകയും ചെയ്യാം.

(ഫാദർ മെനെസിസ്സ് പ്രവേശിക്കുന്നു)

ഫാ. വാ:— അച്ചാ, ഇരിക്കു. ഇതാ പരിശുദ്ധപിതാവു ക്ലെമൻറു പതിനൊന്നാമൻ എനിക്കായി അയച്ചിരിക്കുന്ന ഒരു കരിശുരൂപവും, വിസിററർ അപ്പസ്തോലിക്കാ മൈലാർഡ് ഡി തൂണ്ണൻ അവർകളുടെ എഴുത്തും.

(ഫാദർ ഗൊൺസാൽവെസ്സ് പ്രവേശിക്കുന്നു)

ഫാ. വാ:-- (എഴുന്നേററു് അദ്ദേഹത്തെ ഇരുത്തിയ ശേഷം) നല്ലസമയം. മൊൺസിഞ്ഞോർ ഡി തൂണ്ണൻ അവർകൾ അയച്ചിരിക്കുന്ന ഒരു എഴുത്തിനു മറുപടി എഴുതേണ്ട കാര്യത്തെപ്പററി ആലോചിക്കുവാനായി ഫാദർ മെനെസിസ്സിനെ ഇപ്പോൾത്തന്നേ വിളിച്ചുവരുത്തിയതേയുള്ളൂ.

ഫാ. ഗൊ:-- എന്താ എഴുത്തിലേ വിശേഷം?

ഫാ. മെ:-- സിലോണിനെ കൊച്ചീരൂപതയിൽനിന്നു

തിരിച്ച് ഒരു പ്രത്യേകരൂപതയാക്കി സ്ഥാപിച്ച ഫാദർ വാസിനെ സിലോണിലേ മെത്രാനായി നിയമിക്കുന്നതിൽ വിഷമമുണ്ടോ എന്നു വിസിററർ ചോദിക്കുന്നു.

ഫാ. ഗൊ:— ഈ കുരിശ്ശ് എവിടന്നു കിട്ടി.

ഫാ· വാ:— അതു മാർപ്പാപ്പാ മോൺസിഞ്ഞോർവഴി കൊടുത്തയച്ചിട്ടുള്ളതാണ്.

ഫാ. ഗൊ:— കുരിശു വളരെ നന്നായിരിക്കുന്നു. വിസിററരുടെ ചോദ്യത്തെ സംബന്ധിച്ചിടത്തോളം, ചിന്തിക്കാനെന്താണുള്ളത്?

ഫാ. വാ: മെത്രാൻസ്ഥാനം ഒട്ടും കാമ്യമല്ല; അതിനു ഞാൻ യോഗ്യനുമല്ല. അതിനുംപുറമെ വേറൊരു മതപീഡനത്തിൻെറ ലക്ഷണങ്ങൾ സർവ്വത്ര പ്രത്യക്ഷമായിക്കാണുന്ന ഈ സമയത്തു പുതിയ ഈ സംരംഭം പ്രയോജനരഹിതമാണെന്ന് എനിക്കു തോന്നുന്നു. സിലോണിനെപ്പററിയുള്ള എൻെറ തീരുമാനം ഇതാണ്: ഗോവായിലെ ഓററട്ടറിയെ ശക്തിപ്പെട്ടുത്തി, അവിടെനിന്ന് അനുസ്യൂതമായി ഇവിടത്തേക്കു വൈദികന്മാരെ അയക്കുവാൻ നാം വേണ്ട സജ്ജീകരണങ്ങൾ ചെയ്യണം. ഗോവായിൽനിന്നുവരുന്ന വൈദികന്മാരെ ഫാദർ ഗൊൺസാൽവസ്സ് തമിഴും സിങ്കളിസും പഠിപ്പിച്ചു വേദപ്രചാരവേലയ്ക്കു അവരെ ഒരുക്കണം. വേദഗ്രന്ഥങ്ങൾ നാട്ടുഭാഷകളിൽ അച്ചൻ എഴുതിയുണ്ടാക്കുകയും വേണം. ഇങ്ങനെ നാം കുറെ നാൾ തുടരുന്നപക്ഷം, സിലോണിനെ ഒരു രൂപതയാക്കേണ്ട കാര്യത്തെപ്പററി ചിന്തിക്കാവുന്നതാണ്.

ഫാ. മെ:— അങ്ങു സർവ്വപ്രകാരേണയും മെത്രാനായിക്കാണുന്നതാണ് എൻെറ ഇഷ്ടം. തൽസ്ഥാനം അവിടുത്തെ പരിശുദ്ധതയ്ക്കു ഭംഗംവരുത്തുകയില്ലെന്ന് ആത്മഗുരുവെന്ന നിലയിൽ എനിക്കു പറയുവാൻ കഴിയും. ജാഫ്നാമുതൽ കാണ്ടിവരെ അങ്ങു സാധിച്ചിട്ടുള്ള വിജയങ്ങളെ ശാശ്വതമാക്കിച്ചെയ്യുന്നതിനു പക്ഷേ, പുതിയസ്ഥാനം ഉപകരിക്കുമെന്നു തോന്നുന്നു.

ഫാ. ഗൊ:—അതുതന്നേയാണെൻെറ അഭിപ്രായവും.

ഫാ. വാ:— പ്രിയ ആത്മപിതാവേ, അവിടുത്തേ നിർദ്ദേശങ്ങൾ എനിക്കു കല്പനകളാണ്. എന്നാൽ ഇപ്പോൾ ഒരു രൂപത സ്ഥാപിക്കുന്നതു പ്രയോജനരഹിതമാണെന്നാണ് എൻെറ അഭിപ്രായം.

ഫാ. മെ:— (ഫാദർ ഗൊൺസാൽവെസ്സിനോടു രഹസ്യമായി) ഇദ്ദേഹത്തിനു സകലകാര്യങ്ങളിലും പരിശുദ്ധാത്മാവിയുടെ വെളിവുള്ളതായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിൻെറ ഇഷ്ടംപോലെ തീരുമാനിക്കുകയല്ലേ നല്ലതു്?

ഫാ. ഗൊ:— (ഫാദർ മെനെസിസ്സിനോട്) അങ്ങനെയാകട്ടെ.

ഫാ. മെ:— അവിടുത്തെ ഇഷ്ടം. ഞാൻ നിർബന്ധിക്കുന്നില്ല.

ഫാ. വാ:— എന്നാൽ ഞാൻ അപ്രകാരം മറുപടി എഴുതിക്കളയാം. ജോണീ, ഒരു കടലാസും തൂവലും കൊണ്ടുവരു. അച്ചന്മാരേ, ഞാൻ ഇപ്പോൾത്തന്നേ പട്ടിണത്തേക്കു പോകുകയാണ്. കാണ്ടിയിലേക്ക് ഇപ്പോഴെങ്ങും തിരിച്ചുവരുകയില്ല.

(ജോൺ കടലാസും തൂവലുംകൊണ്ടു വരുന്നു)

ഫാ. വാ:— (എഴുതിക്കൊണ്ടിരിക്കവേ) ജോണീ, എൻെറ കൈപ്പെട്ടി തയ്യാറാക്കു. ഈ എഴുത്ത് എഴുതിക്കഴിഞ്ഞാൽ ഉടനെ പോകണം.

ജോൺ:— എന്നെ കൊണ്ടുപോകുന്നില്ലെന്നു തീരുമാനിച്ചോ?

ഫാ. വാ:— മകനേ, നീ ഫാദർ മെനെസിസ്സിൻെറകൂടെ താമസിക്കു. ഫാദർ, ഇവൻെറ കാര്യം പ്രത്യേകം നോക്കണം. അവിടുത്തേക്ക് ഇവൻ വളരെ സഹായകമായിരിക്കും.

ഫാ. മെ:— ജോൺ, ഇവിടെ താമസിക്കു.

(ജോൺ കണ്ണുതുടച്ചുകൊണ്ടു പോകുന്നു)

ഫാ. ഗൊ:— ജോണിനു വളരെ സങ്കടമുണ്ട്. അവനെ ഫാദർ വാസിനു കൊണ്ടുപോകുവാൻ പാടില്ലല്ലൊ.

ഫാ. വാ:— പതിനേഴുകൊല്ലമായി അവൻ അവിശ്രമം അദ്ധ്വാനിക്കുവാൻ ആരംഭിച്ചിട്ട്. കുറച്ചുനാൾ അവൻ ഇവിടെ സ്വസ്ഥനായിരിക്കട്ടെ.

ഫാ. മെ:— ജോണിനെ കൊണ്ടുപോകുന്നില്ലെങ്കിൽ, ആരാണു യാത്രകളിൽ അച്ചനെ സഹായിക്കുവാനുണ്ടാകുക?

(ജോൺ കൈപ്പെട്ടി കൊണ്ടുവരുന്നു)

ഫാ. വാ:— ഇനി ഞാൻ പറഞ്ഞു സമയം കളയുന്നില്ല. ജോണീ, നിനക്ക് എൻെറ അനുഗ്രഹമിരിക്കട്ടെ. (അനുഗ്രഹിക്കുന്നു) അച്ചന്മാരേ, നമസ്കാരം. (പോകുന്നു)

ഫാ· മെ:— ജോൺ, നീ ഒട്ടും വിഷാദിക്കേണ്ടാ; നമുക്കു സമാധാനപൂർവ്വം ഇവിടെ കഴിഞ്ഞുകൂടാം. നിൻെറ ഏതൊരഭിലാഷവും നിറവേററുവാൻ ഞാൻ സദാ സന്നദ്ധനായിരിക്കുന്നതാണ്. ആകയാൽ സമാശ്വസിച്ചാലും. ഫാദർ ഗൊൺസാൽവെസ്സ്, ഇവനെ സാന്ത്വനപ്പെടുത്തൂ. ഞാൻ തൽകാലം പോകട്ടെ. (പാകുന്നു)

ഫാ. ഗൊ:— എന്തിനാ ജോണീ നീ ഇത്ര വിഷാദിക്കുന്നതു്?

ജോൺ:— അച്ചാ, അദ്ദേഹം ഒരുവിധത്തിൽ എൻെറ സർവ്വസ്വവുമായിരുന്നു; ബാല്യംമുതല്ക്കു് ഒരു പിതാവിനെപ്പോലെ എന്നെ സ്നേഹിച്ചുകൊണ്ടിരുന്ന ആ പരിശുദ്ധനെ എങ്ങനെ ഉപേക്ഷിക്കുവാനാണ്?

ഫാ. ഗൊ:— വിഷമമുണ്ടെന്നുള്ളതു ശരിതന്നേ; എന്നാൽ നാം മിശിഹായ്ക്കുവേണ്ടി അല്പാല്പവിഷമങ്ങൾ സഹിക്കേണ്ടവരല്ലേ?

ജോൺ:-- സഹിക്കേണ്ടതുതന്നേ. എന്നാൽ എൻെറ ഹൃദയം വേവുന്നു.

ഫാ. ഗൊ:-- ഖേദിക്കേണ്ടാ. ഞങ്ങളൊക്കെ നിൻെറ ഗുണകാംക്ഷികളായിരിക്കും. അതു പോട്ടെ. ജോൺ, ഫാദർ വാസ് എന്താണ് ഇങ്ങനെ മെലിഞ്ഞുപോയതു്?

ജോൺ:-- വേദപ്രചാരാർത്ഥം ചെയ്തുകൊണ്ടിരുന്ന ക്ലേശകരമായ യാത്രകൾ നിങ്ങൾക്കു സുവിദിതമാണല്ലോ. അവക്കുപുറമേ, ദിനന്തോറും അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന തപഃക്രിയകൾ ഏതൊരുത്തനെയാണു കൃശഗാത്രനാക്കാതിരിക്കുക? മൂന്നുമണിക്കെഴുന്നേററു് അല്പനേരം ചാട്ടകൊണ്ടു് സ്വദേഹത്തിലടിക്കുന്നു; ഉച്ചക്കും, വൈകുന്നേരവും അതേപടി ആവർത്തിക്കുന്നു. ദിനംപ്രതി രണ്ടുപ്രാവശ്യം പ്രസംഗിക്കുന്നു. എന്നാൽ ഇത്ര ക്ലേശകരമായ കാര്യപരിപാടി ഉപവാസോചിതമായ രണ്ടു ഭക്ഷണംകൊണ്ടത്രേ അദ്ദേഹം നിർവ്വഹിക്കുന്നതു്.

ഫാ. ഗൊ:-- അദ്ദേഹം ഒരിക്കൽ മഹാ വിശുദ്ധനായിത്തീരുമെന്നാണ് എൻെറ വിശ്വാസം. അന്നു ജോണിനു പ്രത്യേകാനുഗ്രഹങ്ങൾ അദ്ദേഹം പ്രദാനം ചെയ്യും.

ജോൺ:-- അതാണ് എൻേറയും പ്രതീക്ഷ.

ഫാ. ഗൊ:-- എനിക്കു് ഇന്നു് അല്പം ബദ്ധപ്പാടുണ്ടു്. ആകയാൽ തൽകാലം ജോണിനെ വിട്ടേച്ചു പോകുവാൻ നിർബന്ധിതനായിരിക്കുന്നു.

(കർട്ടൻ)

## രംഗം 7

### ഫാദർ വാസിൻെറ മുറി

(ജോൺ പ്രവേശിക്കുന്നു)

ജോൺ:-- (ആത്മഗതം) ഏകാകിയായി ഞാൻ എത്ര വർഷങ്ങൾ ഇങ്ങനെ കഴിക്കേണ്ടിവരും ദൈവമേ. അച്ചൻ

പോയതിൽപ്പിന്നെ ഓരോദിവസവും ഓരോ മാസംപോലെയും ഓരോ മാസം ഓരോ വർഷംപോലെയും, ഓരോ വർഷം ഓരോ ശതാബ്ദംപോലെയും എനിക്ക് അനുഭവപ്പെടുന്നു. (ഇങ്ങനെ ചിന്തിച്ചുകൊണ്ടു മേശമേൽ തല ചായിച്ചുകിടക്കുന്നു. അല്പ നേരംകഴിഞ്ഞു സോട്ടോ പ്രവേശിച്ചു ജോണിനെ വിളിച്ചുണർത്തുന്നു)

ജോൺ:— ഹാ, എൻെറ അപ്പാപ്പൻ സോട്ടോയല്ലേ ഈ വന്നിരിക്കുന്നതു്! തലമുടിയൊക്കെ നരച്ചു വെള്ളിക്കമ്പി പോലെ ആയിരിക്കുന്നുവല്ലോ?

സോട്ടോ:-- അന്നും ഇന്നുമായിട്ടു വയസ്സു കുറെ അധികമായി. നിങ്ങൾ ഇവിടെ വന്നിട്ടുകൊല്ലം എത്രയായെന്നാണു ജോൺ വിചാരിക്കുന്നതു്?

ജോൺ:— ഞങ്ങൾ ഇവിടെ കാലുകുത്തിയതു് ൧൫൪൩-ൽ ആണു്.

സോട്ടോ:-(വിരലുമടക്കിക്കൊണ്ടു്) ൧൫-നു ൯൬; ൯൬-നു ൧൯൩; ൧൯൩-ം, ൪-ം ൧൯൭. ഇപ്പോൾ കൊല്ലം ൨൫ ആയി.

ജോൺ:— സിലോൺപ്രവേശനത്തിൻെറ രജതജൂബിലിയാഘോഷിക്കാറായല്ലോ.

സോട്ടോ:— ശരി മകനേ,രജതജൂബിലിക്കു് ഒരു മംഗളപത്രം എഴുതുവാൻ എന്നോടാവശ്യപ്പെടുന്നപക്ഷം, വ്യാജസ്തുതിയോ അതിശയോക്തിയോ കൂടാതെ എനിക്കുനിർവ്വഹിക്കുവാൻ കഴിയും. കാണ്ടി, പട്ട്ളം, മാന്തോട്ടം എന്നിവിടങ്ങളിലുള്ള മൂന്നു പള്ളികൾ, അമ്പതോളം കപ്പേളകൾ, അമ്പതിനായിരം കത്തോലിക്കർ—ഇവ പോരേ ൨൫ കൊല്ലത്തേക്കു കൂലി.

ജോൺ:-- വജ്രജൂബിലിവരെ ജീവിച്ചിരുന്നിട്ടുള്ളവർക്കുപോലും ഇത്ര സംഭവബഹുലമായ ഒരു മംഗളപത്രം ലഭിക്കുന്നതല്ല. അപ്പാപ്പാ, ഇതു് ഒരു മഹാത്ഭുതംതന്നേ.

(ആ സമയത്തു ഫാദർ വാസ് വേച്ചു വേച്ചു മുറിയിൽ പ്രവേശിക്കുന്നു. അതുകണ്ടു തൽസ്ഥലത്തേക്കു ജോൺ ഓടിയെ

ത്തിയെങ്കിലും, താങ്ങുവാൻ കഴിയുന്നതിനുമുമ്പ് അദ്ദേഹം നിലത്തു വീഴുന്നു)

സോട്ടോ:-- (ഓടിച്ചെന്നു തലയ്ക്കു തൊട്ടു നോക്കിക്കൊണ്ട്) പനി, നല്ല തീക്കൊള്ളിപോലെ. ജോൺ, നമുക്ക് അച്ചനെ എടുത്തു കട്ടിലിന്മേൽ കിടത്താം.

(രണ്ടുപേരുംകൂടെ താങ്ങിയെടുത്തു കിടത്തുന്നു)

ജോൺ:-- അച്ചന് എവിടന്നാണു പനി കിട്ടിയത്?

ഫാ. വാ:— അതു പിന്നെപ്പറയാം. സോട്ടോ, സുഖമാണോ? നിങ്ങൾ പോയി ഫാദർമെനെസിസ്സിനേയും മററും വിളിച്ചുകൊണ്ടു വരാമോ?

സോട്ടോ:-- അവിടുത്തെ ആഗ്രഹം എനിക്കു കല്പനയാണ്. വടികുത്തിപ്പിടിച്ചുതുടങ്ങിയെങ്കിലും, ഒരു ഞൊടിയിടയ്ക്കു് അവരെ ഇവിടെ വരുത്താം. ജോൺ, അച്ചൻെറ അരികേനിന്നും പോകേണ്ടാ. മരുന്നിൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം. (പോകുന്നു.)

ജോൺ:— ദേഹത്തിൻെറ വിറയൽ മാറിയിട്ടില്ല.

ഫാ. വാ:— പനി തുടങ്ങിയിട്ട് ഒന്നുരണ്ടു ദിവസമായി. അതിനെ അവഗണിച്ചു പല വീടുകളിലുംപോയി മാനസാന്തരവേല തുടർന്നുകൊണ്ടുതന്നേ ഇരുന്നു. വഴിക്കുവച്ചു തളർച്ച തോന്നുകയാൽ, അവിടവിടെ ഇരുന്നാണ് ഇവിടംവരെ എത്തിയതു്. ഇതിനുമുമ്പ് ഒരിടത്തുമാത്രമേ വീണുള്ളൂ.

ജോൺ:—

(എനിക്കൊരുവിധമാന—ജ്ഞാനസുന്ദരി)

എനിക്കൊരുദിനംപോലും—മനസ്സുഖമേതുമില്ലേ!
ഏറും രോഗപീഡനത്താൽ-വിളറിയുടൽ വാടിടുന്നു.
വാടിടുന്നു—വാടിടുന്നു-വാടിടുന്നു-
എനിക്കൊരു.........

ഫാ. വാ:— ഞാൻ പട്ടുളത്തുനിന്നു ഫാദർ ഫെറാഹേയ്ക്കു് ഒരു എഴുത്ത് എഴുതിയിരുന്നു ജോണീ. അതിന് ഇതുവരേയും മറുപടി വന്നിട്ടില്ല. ആകയാൽ അദ്ദേഹത്തോടു വേഗം വരാൻ പറഞ്ഞുകൊണ്ടു നീ ഒന്നുകൂടെ എഴുതുക. ഞാൻ ഇനി

അധികംനാൾ ജീവിച്ചിരിക്കുകയില്ലെന്നും, അതിനാൽ അദ്ദേഹം വന്ന് ഉടനെ സുപ്പീരിയറുടെ ചാൎജ്ജ് എടുക്കണമെന്നും പറയുക.

ജോൺ:— അതു് ഞാൻ ഉടനെ ചെയ്യാം. ദേഹമാസകലം വേദനയുള്ളതുപോലെ തോന്നുന്നല്ലോ.

ഫാ. വാ:— വേദന സാരമില്ല. പരിശുദ്ധപിതാവു കൊടുത്തയച്ച കുരിശുകൊണ്ടുവരൂ. അതു ഞാൻ കൈയിൽവച്ചു കൊള്ളാം.

ജോൺ:— പ്രത്യേകമായിട്ട് എഴുത്തിൽ വല്ലതും ചേൎക്കണമോ?

ഫാ. വാ:— എന്റെ മരണശേഷം കോൺഗ്രിഗേഷനിൽപ്പെട്ടവരോടെല്ലാം എനിക്കുവേണ്ടി മൂന്നു കുൎബാന ചൊല്ലണമെന്ന് അഭ്യൎത്ഥിക്കുവാൻ പറയൂ. വേറെ പ്രത്യേകമൊന്നും എഴുതാനില്ല.

(ജോൺപോകുന്നു. തൽസമയം ഫാദർ മെനെസിസും, ഫാ. ഗൊൺസാൽവെസ്സും, ഫാ. അൽമേഡായും പ്രവേശിക്കുന്നു)

ഫാ. വാ:— എനിക്ക് അധികം സംസാരിക്കുവാൻ നിവൃത്തിയില്ല. എല്ലാവൎക്കും നമസ്കാരം. (കുറേശ്ശെ വായുവലിക്കുന്നു)

ഫാ. മെ:— (നാഡിപിടിച്ചുനോക്കിയിട്ട്) വേണ്ടാ. അധികം സംസാരിക്കേണ്ടാ. അച്ചാ, രോഗം മൂത്തിരിക്കുന്നു. ഇതിൽനിന്നു രക്ഷയുണ്ടെന്നു പ്രതീക്ഷിക്കാതെ ആത്മാവിനെ സജ്ജമാക്കിക്കൊൾക.

ഫാ: ഗൊ:— അതു തന്നെയാണ് എന്റെ അഭിപ്രായം. ഞങ്ങളൊക്കെ അച്ചനുവേണ്ടി പ്രാൎത്ഥിക്കാം.

ഫാ. മെ:— (ഫാ. അൽമേഡായോട്) വായുവലി തുടങ്ങിയിരിക്കുന്നു. ഇനി നാം എന്തുചെയ്യും? ഇദ്ദേഹത്തെക്കണ്ടാൽ രാജാക്കന്മാർപോലും മിണ്ടടങ്ങുമായിരുന്നു.

ഫാ. അൽ:— ഇതുവരെ ഇദ്ദേഹം ഒന്നും കഴിച്ചില്ലല്ലോ. ജോൺ, ജോൺ, കുറച്ചു സൂപ്പുകൊണ്ടുവരൂ.

ഫാ. ഗൊ:— ഇനി അന്ത്യകൂദാശകൾ നല്കുകയല്ലേ നല്ലതു്.

ഫാ. മെ: — അങ്ങനെതന്നേ. (പോയി സാമാനങ്ങൾ കൊണ്ടു വരുന്നു)

(ജോൺ സൂപ്പുമായി പ്രവേശിക്കുന്നു)

ജോൺ:-- അച്ചാ, അല്പം സൂപ്പ്.

ഫാ. വാ:— സൂപ്പു വേണ്ടാ, ജോണീ. എനിക്കു തീരെ വിശപ്പില്ല.

സോട്ടോ:-- (പ്രവേശിച്ചുകൊണ്ടു്) എന്നാൽ, ഈ മരുന്നു കഴിക്കു, അച്ചാ.

ഫാ. വാ:- (മരുന്നു കുടിച്ചശേഷം) സഹോദരന്മാരേ, നിങ്ങൾ ദൈവസ്നേഹത്തിലും നിഷ്കളങ്കതയിലും വളരുവിൻ. പരസ്പരം സ്നേഹിക്കുവിൻ. മിശിഹായ്ക്കുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധരായിരിക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(ഫാദർ മെനെസിസ്സ് വന്ന് അന്ത്യക്രൂദാശകൾ നല്കുന്നു * ശേഷംപേർ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു)

അച്ചന്മാർ:-- (മുട്ടുകുത്തിക്കൊണ്ടു്) ഞങ്ങൾക്കും ഒരു വാഴ്വു തരു.

ഫാ. വാ:— (വാഴ്വുകൊടുത്തശേഷം) ജീവിത്ത് കാലഃയധി ഇസ്റ്റ് നോക്കരമിൻ മഗഫെരപ്പുധേ മരണാസന്നവ്സിട്ടിനവിട്ടു് പിലിപ്പദിൻറ് അത്തിഷയിൻമ് അമാരുഭവ് സഹിതബെ ഗത്ത്യുഥ്യി.

ഫാ. അൽ:-- (ഫാ. ഗൊൺസാൽവെസ്സിനോടു്) എന്താ അദ്ദേഹം ഒടുവിൽ പറഞ്ഞതു്.

ഫാ. ഗൊ:-- ജീവിതകാലത്തിൽ ചെയ്യാത്തതു മരണസമയത്തു ചെയ്യാൻ അത്യന്തം വിഷമമാണെന്നു് അനുസ്മരിച്ചുകൊള്ളുവിൻ.

ഫാ. വാ:-- അച്ചാ, മരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന ചൊല്ലു. ദൈവമേ, അങ്ങേ പ്രിയസഭയുടെ സന്താനമായി മരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്.

---

* എല്ലാം തയ്യാറാക്കിയശേഷം കർട്ടൻ ഇടുക. ക്രൂദാശകൾ രംഗത്തു് അഭിനയിക്കുന്നതു് ഉചിതമല്ല.

(എല്ലാവരും മുട്ടുകുത്തി ലുത്തിനിയാ ചൊല്ലുന്നു. "ഓരാ പ്രോ മെ'' എന്നു ഫാദർ വാസ് പ്രത്യുച്ചരിക്കുന്നു)

ഫാ. വാ:-- ഈശോ (മരിക്കുന്നു)

(ഫാദർ ഗൊൺസാൽവെസ്സും അൽമെയിഡായുംകൂടെ «Subvenite sancti Dei» എന്ന സംഗീതം പാടുന്നു)

(കർട്ടൻ)

---

രംഗം 8

ഫാദർ വാസിന്റെ സ്വർഗ്ഗപ്രവേശനം.

ചിത്രപ്രദർശനം അഥവാ Tableau.

---

ഉപസംഹാരഗാനം

(സിംഹള ദൂതനിൽനിന്നു ഹൃദിസ്ഥമാക്കേണ്ട ഒരു പാഠം)

(പജനശെയ്‌വോം—ചിന്താമണി)

പല്ലവി.

ശ്രവിച്ചീടുവിനാത്തനാദം—നിത്യം ശ്രവി....

അനുപല്ലവി.

ക്രൂശിതനേശുവിൻ ദീനവിലാപം
പ്രേഷിതജീവിതാഹ്വാനം—നിത്യം ശ്രവി....

ചരണങ്ങൾ

അമരനജസുത ഭാസുരമധുര
വിമലവിഭൂഷണനാദം
ഹൃദയമളവില്ലാ—തെരിഞ്ഞിടുമമിത
കദന പ്രദീപമാമാഹ്വാനം—ഭക്ത്യാ ശ്രവി...

൨. നരാത്മമേ, ദാഹാൽ സുരവരനിശോ
നരസുതനരുളും തിരുഗാനം
മനുജനശേഷം ഭജനവിശേഷ
മനുപമതമനാദം.—നിത്യം ശ്രവി....

---

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00004501*
T62 M79

"S. H. LEAGUE"

Nos. 218-219. January-February. 1940.

# സിംഹളദൂതൻ.

## (ഒരു സംഗീതപ്രഹസനം)

ഗ്രന്ഥകർത്താവ്.

റവ. തോമസ് മൂത്തേടൻ എം. എ.

(ഓണേഴ്സ്.)

T62
M74

Indic Digital Archive Foundation
gpura.org